لا اله الا الله محمد رسول الله

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

6 **'ത്വവാഫ്' : ദൈവാനുരക്തിയുടെ ഭ്രമണവൃത്തം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഖുത്ബ**

8 **പാകിസ്താൻ അല്ലാഹുവിന്റെ പിടിയിൽ**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

**ലേഖനം**

10 **യേശു ദൈവത്തിന്റെ പുത്രനോ?**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 **ശിക്ഷാരക്ഷകൾ നിത്യമോ?**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

15 **കഅ്ബ**
റഷീദ. എച്ച്.

18 **ആർക്കാണ് ദൈവത്തിന്റെ പ്രവൃത്തിയെ തടയാൻ കഴിയുക**
അബൂ അയ്മൻ, കുവൈത്ത്

23 **ദൈവം ഭാഷയുടെ സ്രഷ്ടാവും ബോധകനും**
എ.എം. മുഹമ്മദ് സലിം

26 **കാത്തിരുന്ന കാലത്തിന്റെ ഇമാം**
എ.ക്യു. മഹ്ദി

29 **പാകിസ്താനിലെ നീതിനിഷേധങ്ങൾ**
ഡോ. ജോനതൻ എൻസർ, യു.കെ.

33 **നേഷൻ ഓഫ് ഇസ്‌ലാം**
ഫരീദ് അഹ്മദ്

36 **ക്രെഡിറ്റ് കാർഡും ഉപഭോഗഭ്രമവും**
റമീസ് റിസ്‌വാൻ

**കുറിപ്പുകൾ**

39 **തസ്‌ലീമ നസ്റീനും ആവിഷ്ക്കാരസ്വാതന്ത്ര്യവും**

41 **വാർത്തകൾ**

42 **അനുസ്മരണം**



പുസ്തകം 79
ലക്കം 12
ഡിസംബർ 2007
ഫത്ഹ് 1386
ദുൽഖഅദ് – ദുൽഹജ്ജ് 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
എ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ – 120 ക.
ഒറ്റപ്രതി – 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം 1925**

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.





Regd. No: 3337/75, Postal Regn. No: KL/CT/108/2006-08. Estd. 1925.
Licensed to post without pre-payment. Licence No: CT/WPP/25/2006-08
**THE SATHYADOOTHAN MONTHLY**
**Vol. L XXIX No . 12**
**Price Rs. 12/-**

## ഖുർആനിൽ നിന്ന്


അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്റാഹിമിന്റെ സ്ഥാനമാണത്. അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടേയും യാതൊരുവിധ ആശ്രയവുമില്ലാത്തവനാണ്. (3:98)

## നബിവചനം

അബൂഹുറൈറയിൽ നിന്നും നിവേദനം: അനാവശ്യസംസാരങ്ങളിലേർപ്പെടാതെയും യാതൊരു തിന്മയും പ്രവർത്തിക്കാതെയും ഒരാൾ ഹജ്ജ് നിർവ്വഹിക്കുകയാണെങ്കിൽ മാതാവിന്റെ വയറ്റിൽ ഗർഭസ്ഥാവസ്ഥയിലുണ്ടായിരുന്നതുപോലെ അയാൾ പരിശുദ്ധനായിരിക്കും.

***(ബുഖാരി)***

**യുഗശബ്ദം**



# ഹജ്ജിന്റെ തത്വം

**വാഗ്ദത്ത മസീഹ് (അ)**

ഒരു പ്രണേതാവിനു ചുറ്റും വലംവെക്കുന്നതുപോലെയാണ് ഹജ്ജിൽ ത്വവാഫു ചെയ്യുന്നത്. വളരെ സൂക്ഷ്മമായ രഹസ്യമാണിത്. കഅ്ബത്തുല്ല എന്ന ദൈവഭവനം പോലെ തന്നെ അതിന്നു മുകളിലും ഒരുന്നത സ്ഥാനമുണ്ട്. ഏത് വരെ ഉപരിലോകത്തുള്ള ആ ആസ്ഥാനം ഹൃദയാത്മനാ വലയം വെക്കപ്പെടുന്നില്ലയോ അതുവരെ ഈ ത്വവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലയം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽവസ്ത്രങ്ങളണിയുന്നു. അതേപ്രകാരം ഉപരിലോകത്തുള്ള ഭവനത്തെ ത്വവാഫ് ചെയ്യുന്നത് ഭൗതികമായ ബന്ധങ്ങളെന്ന വസ്ത്രങ്ങളെ ഉപേക്ഷിച്ചുകൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടെയും ഭയഭക്തിയുടെയും വസ്ത്രമണിഞ്ഞുകൊണ്ടായിരിക്കണം. ത്വവാഫ് ദൈവാനുരക്തിയുടെ അടയാളവും പ്രതീകവും ആകുന്നു. ഇതിന്റെ അർത്ഥം ദൈവപ്രീതിക്കു ചുറ്റും വലയം വെക്കുകയാണ്. മറ്റൊരുദ്ദേശ്യവും അവിടെ അവശേഷിക്കുന്നില്ല.

**(മൽഫൂസാത്ത് Vol IX. P. 123, 124)**

**മുഖക്കുറിപ്പ്**

# ഹജ്ജ് നിർവ്വഹിക്കുന്നവരും, ഹജ്ജ് നിഷേധിക്കപ്പെട്ടവരും

ഏകദൈവാരാധനക്ക് വേണ്ടി സമർപ്പിക്കപ്പെട്ട ലോകത്തിലെ പ്രഥമ ആരാധനാലയമാണ് പരിശുദ്ധ കഅ്ബ. പുരാതനമായ ഒരസ്തിവാരത്തിൽ ഖലീലുല്ലാഹി ഇബ്റാഹിം നബി(അ) അല്ലാഹുവിന്റെ ആജ്ഞപ്രകാരം കഅ്ബ പണിതുയർത്തി തീർത്ഥാടനത്തിനായി മനുഷ്യസമൂഹത്തെ വിളിക്കുകയുണ്ടായി. ഖുർആൻ പറയുന്നു:

*'ഓർക്കുക ഇബ്റാഹിമിനു നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (നാം അദ്ദേഹത്തോടു കല്പിച്ചു) നീഎനിക്ക് ഒരു വസ്തുവിനേയും പങ്കാളിയാക്കിവെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കിവെക്കുക. (അപ്രകാരം തന്നെ) ഹജ്ജിനെകുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുക (22:27,28)*

ഒരു സമുദായം (ഉമ്മത്ത്) എന്ന് അല്ലാഹു വിശേഷിപ്പിച്ച, ഇബ്റാഹിം നബി (അ)യുടെ പ്രാർത്ഥനയുടെ സാക്ഷാത്കാരം കൂടിയായ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ ജനസമൂഹം ആ വിളിക്കുത്തരം നൽകി പരിശുദ്ധ ഹജ്ജിൽ തൽബിയത്തിലൂടെ അത് അവർ പ്രഘോഷണം ചെയ്യുന്നു.

'ലബൈകല്ലാഹുമ്മ ലബൈക, ലാ ശരീകലക ലബ്ബൈക്ക
ഇന്നൽ ഹംദ വന്നിഅ് മതലക വൽമുൽക ലാ ശരീക്കലക ലബ്ബൈക'....

നിന്റെ വിളിക്കിതാ ഞാൻ ഉത്തരമായി വന്നിരിക്കുന്നു. നിനക്കു പങ്കുകാരില്ല. നിനക്കാവുന്നു സ്തുതി. നിന്റെതാകുന്നു അനുഗ്രഹം നിന്റേതാകുന്നു അധികാരം....

*വിശുദ്ധ കഅ്ബ ശാശ്വതമായ സമാധാനത്തിന്റെയും പുരോഗതിയിലേക്കുമുള്ള മാർഗ്ഗമാണെന്ന് ഖുർആൻ പറയുന്നു.*

നാം മന്ദിരത്തെ (കഅ്ബയെ) ജനങ്ങൾക്ക് സമ്മേളനകേന്ദ്രവും ഒരു സമാധാന സങ്കേതമാക്കുകയും ചെയ്തിരിക്കുന്നു (2:126) അല്ലാഹു കഅ്ബയാകുന്ന ആദരണീയമന്ദിരത്തെ മനുഷ്യരുടെ ശാശ്വത പുരോഗതിക്കുള്ള മാർഗ്ഗമാക്കിയിരിക്കുന്നു' (5:98)

ദൈവവാഗ്ദാനമുണ്ടായിട്ടും ഈ ആദരണീയ മന്ദിരത്തെ പരിക്രമണം ചെയ്യുന്ന മുസ്ലിം ലോകം ദൈവത്തിന്റെ അനുഗ്രഹ പാത്രമാകാത്തതെന്ത്? സമാധാനത്തിന് പകരം, രക്തപങ്കിലമായ സംഘർഷഭൂമികളിൽ അവർ അരക്ഷിതരായി കഴിയുന്നതെന്ത്കൊണ്ട്? ആയിരത്തിനാന്നൂറു കൊല്ലത്തെ ചരിത്രത്തിനിടയിൽ ഇത്രയും ശോകനിർഭരവും വേദനാജനകവുമായ കാലഘട്ടം മുസ്ലിംകൾക്കുണ്ടായിട്ടുണ്ടോ? ആത്മപരിശോധനയുടെ സന്ദർഭമാണിത്.

സാർവ്വത്രികമായി മുസ്ലിം ഉമ്മത്ത് ജീർണ്ണിക്കുമ്പോൾ അവരുടെ പുനരുജ്ജീവനത്തിനായി ആഗതനാകുമെന്ന് ഹദ്റത്ത് ഇബ്റാഹിം നബി(അ)യുടെ പ്രാർത്ഥനാ പൂർത്തീകരണം കൂടിയായ റസൂൽ തിരുമേനി(സ) ആണയിട്ടു പറഞ്ഞ ഇമാം മഹ്ദി യഥാസമയം തന്നെ ആഗതനായി. സത്യാന്വേഷികൾക്കായി വിശുദ്ധ ഖുർആനിലും റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിലും പറയപ്പെട്ട നിരവധി അടയാളങ്ങൾ ഇമാം മഹ്ദിയിൽ പൂർത്തിയായി. എന്നിട്ടും മുസ്ലിം ലോകം അദ്ദേഹത്തെ നിഷേധിക്കുകയാണ്. നിഷേധികളായിക്കൊണ്ട് അവർ നടന്നടുക്കുന്നത് ഭയാനകമായൊരു അഗ്നികുണ്ഡത്തിലേക്കാണെന്ന കാര്യം ഓർക്കുക. റസൂൽ തിരുമേനി(സ)യുടെ വചനങ്ങൾ ശിരസാവഹിച്ച് ഇമാം മഹ്ദിയെ ഇരുകൈകളും നീട്ടി സ്വീകരിച്ച അഹ്മദികളെ പരിശുദ്ധ കഅ്ബയുടെ പാലകന്മാരും ആഗോള മുസ്ലിം പണ്ഡിതന്മാരും നേതാക്കന്മാരും ചേർന്ന് ഹജ്ജ് നിർവ്വഹിക്കുന്നതിൽ നിന്നും തടയുന്നു. അല്ലാഹു നിർബന്ധമാക്കിയ ഹജ്ജ് കർമ്മം നിർവ്വഹിക്കാൻ വരുന്നവരെ തടഞ്ഞാൽ അവർക്കുള്ള ഗതിയെന്തായിരിക്കുമെന്ന് അല്ലാഹു ഖുർആനിൽ തന്നെ പറഞ്ഞിട്ടുണ്ട്. അവരെ ശിക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ല എന്നാണ് അല്ലാഹു പറയുന്നത്.

*'ആദരണീയ ദേവാലയത്തിൽ നിന്ന് അവർ (ആളുകളെ) തടയുന്നുവെന്നിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ എന്താണ് ന്യായം? അവർ അതിന്റെ രക്ഷാധികാരികളല്ലതാനും. അതിന്റെ (യഥാർത്ഥ) രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ്. എന്നാൽ അവരിൽ അധികമാളുകളും (ഇക്കാര്യം) അറിയുന്നില്ല (8:35)*

റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം അല്ലാഹു അയച്ച ഒരു ദിവ്യാത്മാവിനെ സ്വീകരിച്ചതിന്റെ പേരിൽ അദ്ദേഹത്തിന്റെ അനുയായികൾക്ക് ഹജ്ജ് നിഷേധിക്കുകയും ദ്രോഹിക്കുകയും ചെയ്യുക എന്നത് നിസ്സാരകാര്യമായി ഗണിക്കരുത്. അല്ലാഹുവിന്റെ ക്രോധം ക്ഷണിച്ചുവരുത്താൻ ഇത് ധാരാളമാണെന്ന് മുസ്ലിം ലോകം ഇനിയെങ്കിലും ഓർക്കുക.

# ‘ത്വവാഫ്’: ദൈവാനുരക്തിയുടെ ഭ്രമണവൃത്തം

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

വാസ്തവത്തിൽ മനുഷ്യൻ ദൈവാരാധനക്ക് വേണ്ടി മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവാരാധന രണ്ടുവിധത്തിലാണുള്ളത്. ഒന്ന്, അങ്ങേഅറ്റത്തെ വിനയവും കീഴ്വണക്കവും കാണിക്കുക. രണ്ട്, അനുരക്തിയും സ്നേഹവും പ്രകടിപ്പിക്കുക.

ഇസ്‌ലാം വിനയത്തിന്റെയും കീഴ്വണക്കത്തിന്റെയും പ്രതീകമായി നമസ്ക്കാരാനുഷ്ഠാനത്തിന്നുള്ള കൽപ്പന നൽകുന്നു. നമസ്കാരം ശാരീരികമായി മനുഷ്യന്റെ ഓരോ അവയവത്തെയും ഭയഭക്തിയിലും അനുസരണത്തിലും സമർപ്പണവിധേയമാക്കി തീർക്കുന്നു. അവന്റെ ഹൃദയം സുജൂദു ചെയ്യുന്നതോടൊപ്പം നമസ്കാരത്തിൽ അവന്റെ ശരീരവും കുമ്പിടുന്നു. അങ്ങനെ അവന്റെ ആത്മാവും ശരീരവും ഈ ദൈവാരാധനയിൽ ഒരുപോലെ പങ്കുചേരുന്നു. ശരീരം ചെയ്യുന്ന സുജൂദ് വ്യർത്ഥമാണെന്ന് കരുതരുത്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. രണ്ടിലും അവന്ന് സൃഷ്ടികർത്താവാണെന്ന നിലയിൽ അവകാശവും അധികാരവുമുണ്ട്. ശരീരവും ആത്മാവും പരസ്പരം ഒന്നു മറ്റൊന്നിൽ പ്രഭാവിതമാണ്. ചിലപ്പോൾ ശരീരം ചെയ്യുന്ന സുജൂദ് ആത്മാവിന്റെ സുജൂദിനു ഉത്തേജനം നൽകുന്നു. അതേപ്രകാരം ചിലപ്പോൾ ആത്മാവിന്റെ സുജൂദ് ശരീരത്തിൽ സുജൂദിന്റെ അവസ്ഥ സംജാതമാക്കുന്നു. കാരണം ആത്മാവും ശരീരവും പരസ്പര ബന്ധിതങ്ങളാണ്. ഉദാഹരണമായി, ഒരാൾ കൃത്രിമമായി മന്ദഹസിക്കുന്ന മുഖപ്രകൃതി സംജാതമാക്കുകയാണെങ്കിൽ ആ കൃത്രിമച്ചിരി യഥാർത്ഥ ചിരിയായി മാറുന്നു. ഇത് ആത്മാവിന്നുണ്ടാകുന്ന സന്തോഷത്തിന്റെ പ്രതികരണമാണ്. അതേപ്രകാരം കൃത്രിമമായി ഒരാൾ കരയുന്ന മുഖഭാവം സംജാതമാക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അയാൾക്ക് കരച്ചിൽ വരുന്നു. അതു ആത്മാവിന്നുണ്ടാകുന്ന പ്രതിഫലനത്തിന്റെയും പ്രഭാവത്തിന്റെയും ബഹിർപ്രകടനമാണ്. നാം ശാരീരികമായി, ബാഹ്യമായി ചെയ്യുന്ന വിനയാന്വിതമായ ദൈവാരാധനയുടെ പ്രതിഫലനവും ആത്മാവിലും ആത്മാവിലുണ്ടാകുന്ന വിനയഭാവത്തിന്റെ പ്രതിഫലനം ബാഹ്യമായ രീതിയിൽ ശരീരത്തിലുമുണ്ടാകുമെന്നു ഇതിൽ നിന്നു മനസ്സിലാകുന്നു.

അതേപ്രകാരം ദൈവാരാധനയുടെ രണ്ടാമത്തെ അനുരക്തിയുടെയും ത്യാഗത്തിന്റെയും പ്രതിഫലനവും പ്രഭാവവും നമ്മുടെ ആത്മാവിലും ശരീരത്തിലും അതായത് ആന്തരികമായും ബാഹ്യമായും സംജാതമാകുന്നു. അനുരക്തിയുടെയും അനുരാഗത്തിന്റെയും അവസ്ഥയിൽ മനുഷ്യന്റെ ആത്മാവ് എപ്പോഴും തന്റെ പ്രേമിയെ വലംവെച്ചുകൊണ്ടിരിക്കുന്നു. അവന്റെ ആ സ്ഥാനത്തെ ചുംബിക്കുന്നു. അതേപ്രകാരം കഅ്ബത്തുല്ലാഹ്, ഭൗതികമായി ദൈവപ്രേമികൾക്ക് ഒരു മാതൃകയായുണ്ടാക്കപ്പെട്ട ഭവനമാണ്. ദൈവം പറയുന്നു, ‘നോക്കുക ഇതെന്റെ ഭവനമാണ്. ഇത് എന്റെ ആസ്ഥാനത്തിലെ കല്ലായ ഹജ്റുൽ അസ്‌വദാണ്’. ഈ കൽപ്പന അവൻ പുറപ്പെടുവിച്ചത് മനുഷ്യൻ തന്റെ അനുരക്തിയെയും സ്നേഹഭാവത്തെയും പ്രകടിപ്പിക്കുവാനാണ്. അതുകൊണ്ട് ഹജ്ജ് ചെയ്യുന്നവർ ഹജ്ജിനുള്ള പുണ്യസ്ഥലങ്ങളിൽ ചെന്നു ശാരീരികമായ നിലയിൽ പ്രസ്തുത ഭവനത്തെ വലം വെക്കുന്നു. അവർ ദൈവാനുരക്തിയിൽ ഉന്മത്തരായി അവന്റെ തിരുസന്നിധിയെ ഭ്രമണം ചെയ്യുന്നു. ശാരീരികമായ എല്ലാ അലങ്കാരങ്ങളെയും വർജ്ജിച്ച് തലമുണ്ഡനം ചെയ്തു ദൈവസ്നേഹത്തിൽ മുഴുകിയവരായി കൃത്രിമലേശമില്ലാതെ പ്രേമാർത്ഥരെപ്പോലെ അവന്റെ ആസ്ഥാനത്തെ വലയം ചെയ്യുന്നു. ഹജ്റുൽ അസ്‌വദിനെ ദൈവത്തിന്റെ ആസ്ഥാനത്തിലുള്ള കല്ലാണെന്നു കരുതി സ്നേഹരൂപേണ അതിനെയും ചുംബിക്കുന്നു. ശാരീരികവും ബാഹ്യവും ആയ ഈ ആവേശവും ഉത്സാഹവും ആത്മീയമായ താപവും ഉഷ്ണവും സംജാതമാക്കുന്നു. ശരീരം ദൈവത്തിന്റെ ഭവനത്തെ വലയം വെക്കുകയും അവന്റെ ആസ്ഥാനത്തിലെ കല്ലിനെ ചുംബിക്കുകയും ചെയ്യുമ്പോൾ ആത്മാവ് അവനോടുള്ള പ്രേമാതിരേകത്താൽ ആത്മീയമായും പ്രസ്തുത ഭവനത്തെ വലയം വെക്കുകയും ഹജ്റുൽ അസ്‌വദിനെ ചുംബിക്കുകയും ചെയ്യുന്നു.

ഇതൊരിക്കലും ശിർക്കാകുന്നില്ല. ഒരു സ്നേഹിതൻ തന്റെ പ്രേമഭാജനത്തിൽ നിന്നും ലഭിച്ച ലിഖിതത്തെ സ്നേഹവായ്പോടുകൂടി ചുംബിക്കുന്നില്ലെ? ഒരു മുസ്‌ലിമും കഅ്ബത്തുല്ലായെ വണങ്ങുന്നില്ല. അതേപോലെ ആരാധകർ ഹജ്റുൽ അസ്‌വദിനോട് സഹായമർത്ഥിക്കുന്നുമില്ല. ഈ ചടങ്ങുകളൊക്കെ ദൈവത്തോടുള്ള സ്നേഹപ്രകടനത്തിന്റെ പ്രതീകങ്ങൾ മാത്രമാണ്. നാം നമസ്കരിക്കുമ്പോൾ ഭൂമിയിൽ ശിരസ്സു വെച്ചു സുജൂദു ചെയ്യുന്നു. എന്നാൽ ആരും തന്നെ ഭൂമിയെ വണങ്ങുന്നില്ല. അതേപ്രകാരം ഹജ്റുൽ അസ്‌വദിനെ ചുംബിക്കുന്നതിന്റെ ഉദ്ദേശ്യം, യഥാർത്ഥത്തിൽ ആ കല്ലിനെ ചുംബിക്കുകയല്ല. കല്ലു കല്ലു തന്നെയാണ്. അത് ആർക്കും ഒരു നഷ്ടവും നേട്ടവും ഉണ്ടാക്കിക്കൊടുക്കുന്നില്ല.

*(ചശ്മയെ മഅ്രിഫത്ത് 100, 101)*

ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യം ഒരാൾ തന്റെ വീട്ടിൽ നിന്ന് പുറപ്പെട്ട് സമുദ്രങ്ങൾ തരണം ചെയ്തു മക്കയിൽ ചെന്നു ആചാരാനുഷ്ഠാനമെന്നോണം ചില വചനങ്ങൾ ഉരുവിട്ടു ചില കടമകൾ നിർവ്വഹിച്ചു തിരിച്ചുവരിക മാത്രമല്ല. വാസ്തവത്തിൽ ഹജ്ജ് പരിപൂർണ്ണമായ ദൈവസമർപ്പണത്തിന്റെ അവസാനത്തെ പരമോന്നത സ്ഥാനത്തിന്റെ പേരാണ്. മനുഷ്യൻ തന്റെ ആത്മാവിനെ ഭൗതികമായ എല്ലാ ബന്ധങ്ങളിൽ നിന്നും വിമുക്തനാക്കി ദൈവാനുരക്തിയിൽ തന്നെ അർപ്പണം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ സംജാതമാകുന്ന ദൈവസ്നേഹവും അനുരക്തിയും നിമിത്തം യാത്രാക്ലേശങ്ങൾക്കോ ജീവനും ധനവും നഷ്ടപ്പെടുമെന്ന ചിന്തകൾക്കോ ബന്ധുക്കളെയും സുഹൃത്തുക്കളെയും വിട്ടുപിരിയണമെന്ന വ്യാകുലതക്കോ അവിടെ ഒരു പ്രസക്തിയുമില്ല. ഒരു പ്രേമി തന്റെ പ്രേമഭാജനത്തിനായി തന്റെ ജീവൻ കൂടി ബലിയർപ്പിക്കുവാൻ സന്നദ്ധനാകുന്നതുപോലുള്ള അവസ്ഥ സംജാതമാകുന്നു. ഒരു പ്രണേതാവിന് ചുറ്റും വലയം വെക്കുന്നത്പോലെ ഹജ്ജിൽ ത്വവാഫു ചെയ്യുന്നു. വളരെ സൂക്ഷ്മമായ രഹസ്യമാണിത്. കഅ്ബത്തുല്ല എന്ന ദൈവഭവനം പോലെ തന്നെ അതിന്നു മുകളിലും ഒരുന്നത സ്ഥാനമുണ്ട്. ഏത് വരെ ഉപരിലോകത്തുള്ള ആ ആസ്ഥാനം ഹൃദയാത്മനാ വലയം വെക്കപ്പെടുന്നില്ലയോ അതുവരെ ഈ ത്വവാഫ് പ്രയോജനകരമോ ഫലദായകമോ ആകുന്നില്ല. ഈ ഭവനത്തെ വലയം വെക്കുന്നവർ വളരെ ചുരുങ്ങിയ മേൽവസ്ത്രങ്ങളണിയുന്നു. അതേപ്രകാരം ഉപരിലോകത്തുള്ള ഭവനത്തെ ത്വവാഫ് ചെയ്യുന്നത് ഭൗതികമായ ബന്ധങ്ങളെന്ന വസ്ത്രങ്ങളെ ഉപേക്ഷിച്ചുകൊണ്ട് സ്നേഹത്തിന്റെയും അനുരക്തിയുടെയും ഭയഭക്തിയുടെയും വസ്ത്രമണിഞ്ഞുകൊണ്ടായിരിക്കണം. ത്വവാഫ് ദൈവാനുരക്തിയുടെ അടയാളവും പ്രതീകവും ആകുന്നു. ഇതിന്റെ അർത്ഥം ദൈവപ്രീതിക്കു ചുറ്റും വലയം വെക്കുകയാണ്. മറ്റൊരുദ്ദേശ്യവും അവിടെ അവശേഷിക്കുന്നില്ല.

*(മൽഫൂസാത്ത് Vol IX. P. 123, 124)*

ഓരോ മഹല്ലയിലെ ജനങ്ങളും തങ്ങളുടെ മഹല്ലയിലെ പള്ളികളിൽ ദിവസവും അഞ്ചുനേരം സമ്മേളിക്കേണമെന്നു അല്ലാഹു കല്പിക്കുന്നു. അതിന്നുശേഷം പട്ടണത്തിലെ ജനങ്ങളെല്ലാവരും തന്നെ ഏഴാമത്തെ ദിവസം വെള്ളിയാഴ്ച വിശാലമായ ജാമിയ മസ്ജിദിൽ സമ്മേളിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. അതിനുശേഷം വർഷത്തിലൊരിക്കൽ പട്ടണത്തിലും അതിന്നുചുറ്റുപാടുമുള്ള പ്രദേശങ്ങളിലും ഉള്ള ജനങ്ങൾ ഈദുഗാഹിൽ സമ്മേളിക്കേണമെന്ന് കല്പിക്കുന്നു. അതിന്നുശേഷം ചുരുങ്ങിയത് ജീവിതകാലത്തിലൊരിക്കലെങ്കിലും ലോകത്തെങ്ങുമുള്ള ജനങ്ങൾ പരിശുദ്ധ മക്കയിൽ സമ്മേളിക്കേണമെന്നും കല്പിക്കുന്നു. അങ്ങനെ അല്ലാഹു കുറേശ്ശെക്കുറേശ്ശെയായി ഉമ്മത്തിന്റെ ഒത്തുചേരലിനെ ഹജ്ജിന്റെ അവസരത്തിൽ അതിന്റെ പരിപൂർണ്ണതയിലെത്തിക്കുന്നു. ആദ്യമായി മുസ്‌ലിംകൾ ഒത്തുചേരുന്നതിനായി ചെറിയ ചെറിയ അവസരങ്ങൾ ഏർപ്പെടുത്തുന്നു. പിന്നീട് ലോകത്തെങ്ങുമുള്ള മുസ്‌ലിംകളെ ഒരിടത്തിൽ സമ്മേളിക്കുന്നതിന്നുള്ള സംവിധാനമുണ്ടാകുന്നു. ഇതു തന്നെയാണ് ദൈവികഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന സർവ്വകാലത്തേയും സമ്പ്രദായം മനുഷ്യകുലത്തിന്റെ ഏകതക്കുള്ള വൃത്തം അല്പാൽപ്പമായുണ്ടാക്കി അതിന്റെ പരിപൂർണ്ണതയിലെത്തിക്കുവാനാണ് അല്ലാഹു ഇച്ഛിക്കുന്നത്. ആദ്യമായി ചെറിയ ചെറിയ വൃത്തങ്ങളിൽ സമ്മേളിക്കുന്നതിന്നുള്ള സംവിധാനം സംജാതമാക്കപ്പെടുന്നു. അവസാനമായി ഹജ്ജ് വേളയിൽ എല്ലാവരെയും ഒന്നായിച്ചേർത്തുകൊണ്ട് ഐക്യതയെ അതിന്റെ പരിപൂർണ്ണതയിലെത്തിക്കുന്നു. ഇതും ഹജ്ജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു.

'വനുഫിഖ ഫിസ്സൂരി വജമഅ്നാഹും ജംആ.' കാഹളത്തിൽ ഊതപ്പെടുമ്പോൾ നാം എല്ലാ ജനങ്ങളെയും ഒന്നായി ചേർക്കുന്നതാണ്. അങ്ങനെ അവസാനകാലത്ത് അല്ലാഹു തന്റെ ശബ്ദം മുഖേന സാത്വികരായ ജനങ്ങളെ ഒന്നായിച്ചേർക്കുന്നതാണ്. ആരംഭത്തിൽ ഒരേ മതത്തിന്നുകീഴിൽ എല്ലാവരും സമ്മേളിച്ചിരുന്നതുപോലെ ആദ്യവും അന്ത്യവും തമ്മിൽ പരസ്പരബന്ധം സംജാതമാകുന്നതാണ്.

*(ചശ്മയെ മഅ്രിഫത്ത് പേജ് 145, 146)*

●

## പ്രാർത്ഥന
## അല്ലാഹുവിനോട് മാത്രം

"നിങ്ങളുടെ നാഥൻ പറയുന്നു: എന്നോട് പ്രാർത്ഥിക്കുക, ഞാൻ നിങ്ങളുടെ പ്രാർത്ഥനക്കുത്തരം നൽകും

*(വി.ഖു. 40:61)*

ഖുത്ബ

# പാകിസ്താൻ അല്ലാഹുവിന്റെ പിടിയിൽ

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V

(23-11-2007ന് ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് ചെയ്ത ഖുത്ബയുടെ ഒരു ഭാഗം)

**പാകിസ്താൻ ഭരണകൂടങ്ങളും ജുഡീഷ്യറിയും ബ്യൂറോക്രസിയും ദീർഘകാലമായി അഹ്മദികളോട് കാണിക്കുന്ന നീതിനിഷേധങ്ങളും അതിക്രമങ്ങളും അല്ലാഹു എക്കാലവും നോക്കിനില്ക്കില്ല.**

**നോ**ക്കുക, ഒരു ഭൂകമ്പം ഉണ്ടായി. രാജ്യത്തിന്റെ മുമ്പത്തെ അവസ്ഥ എന്തായിരുന്നു? ഇപ്പോഴത്തെ അവസ്ഥയെന്താണ്? രാഷ്ട്രീയപരമായും സാമ്പത്തിക്മായും പാക്കിസ്താൻ അധഃപതനത്തിൽ നിന്ന് അധഃപതനത്തിലേക്ക് അതിദ്രുതഗതിയിൽ പതിച്ചുകൊണ്ടിരിക്കുകയാണ്. എല്ലായിടത്തും അസ്വസ്ഥയും കുഴപ്പങ്ങളും കൊലയും കൊള്ളിവയ്പും സാധാരണയായിരിക്കുന്നു. ഭരണകൂടം ഒന്നു പറയുന്നു. അതിന്നെതിരിൽ ബ്യൂറോക്രസി നിലകൊള്ളുന്നു. ഭരണകൂടം ഒന്നു പറയുന്നു, കോടതി അതിന്നെതിരിൽ വേറൊന്ന് പറയുന്നു. രാഷ്ട്രീയനേതാക്കൾ രാജ്യത്തോട് സഹാനുഭൂതി കാണിക്കുന്നതിനുപകരം സ്വന്തം അഭിമാനത്തിന്റേയും തൻപ്രമാണിത്തത്തിന്റേയും പിന്നാലെ കൂടിയിരിക്കുകയാണ്. പാക്കിസ്ഥാനിലെ ഓരോ പട്ടണവാസിക്കുമറിയാം ഇതെല്ലാം അവിടെ ശക്തമായനിലയിൽ നടക്കുന്നുണ്ടെന്ന്. നിയമം ലംഘിക്കുന്നവരും നിയമം നടപ്പിലാക്കുന്നവരും നീതി വിധിക്കേണ്ടവരുമെല്ലാം സ്വന്തം അഭിമാനം കാത്തുസൂക്ഷിക്കാനും രാജ്യ ത്തെ വരുതിയ്ക്കുള്ളിൽ നിർത്താനുമുള്ള ശ്രമത്തിലാണ്.

ഇതിനുമുമ്പ് ഇസ്ലാമാബാദിൽ, ഭരണ ത്തിനുള്ളിൽ വേറൊരു ഭരണമായിരുന്നു. ഇപ്പോൾ സവാദിൽ കലഹം വ്യാപിച്ചിരിക്കുന്നു. ഭരണകർത്താക്കളുടെ കൈയിൽ വളർന്നവർ തന്നെ, ഭരണകൂടത്തിനെതിരെ എഴുന്നേറ്റു നില്ക്കുന്നു. സവാദിൽ എന്താണ് നടക്കുന്നതെന്ന് നോക്കുക. ഒരു പത്രത്തിലെ കോളമിസ്റ്റ് തുറന്നെഴുതിയിരിക്കുന്നു. സവാദിൽ തന്റെ സ്വന്തം ഭരണം സ്ഥാപിച്ച ഈ വ്യക്തിതന്നെയാണ്, ഭരണകൂടത്തിന്റെ കണ്മുമ്പിൽ എല്ലാം ചെയ്തുകൊണ്ടിരുന്നത്. എന്നല്ല, ഭരണകൂടത്തിന്റെ സഹായവും അയാൾക്കുണ്ടായിരുന്നു. അത് ശക്തിപ്രാപിക്കുകയും, രാജ്യത്തിന്നെതിരെ കലഹമുണ്ടാകുകയും ചെയ്തുതുടങ്ങിയപ്പോൾ ഭരണകൂടം അതിനെ അടിച്ചമർത്താനും രാജ്യത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കാനും പട്ടാളത്തെ ഉപയോഗിക്കുന്നു. പുറത്തുനിന്നുള്ള ശത്രുക്കളിൽ നിന്നല്ല ഭീഷണി, ഉള്ളിലെ ശത്രുവാണ് ഭയങ്കരൻ. അത് നാടിനെ നശിപ്പിക്കാനുള്ള ശ്രമത്തിലാണ്. പട്ടാളത്തിന്റെ ജോലി നിയന്ത്രിക്കുക എന്നത് മാത്രമായിരിക്കുന്നു. 1974-ൽ അഹ്മദികളെ അമുസ്ലിം എന്ന് പ്രഖ്യാപിച്ചവരും, റബ്വ ആർക്കും പ്രവേശിക്കാനുള്ള ഒരു തുറന്നസ്ഥലമാണെന്ന് പ്രഖ്യാപിച്ചവരും പറഞ്ഞിരുന്നത്, റബ്വയിൽ അഹ്മദികൾ അവരുടെ ഭരണം സ്ഥാപിക്കുന്നുവെന്നായിരുന്നു. അഹ്മദികളാണോ ഭരണം സ്ഥാപിച്ചിരുന്നത് അതല്ല ഭരണകൂടത്തിനുള്ളിൽ ഭരണം സ്ഥാപിച്ചിട്ടുള്ളത് വേറെയാരെങ്കിലുമാണോ എന്ന് ഇപ്പോൾ ഇവർ പറയട്ടെ. ചില സ്ഥലങ്ങളിൽ ഭരണം തികച്ചും നിഷ്ക്രിയമാണ്. അഹ്മദികൾ, നിയമം പാലിക്കുന്നവരാണ്. എപ്പോഴും നിയമം പാലിച്ചുവന്നവരാണ്. എപ്പോഴും അങ്ങനെ തന്നെ നിലകൊള്ളുകയും ചെയ്യും. അവർ നിയമത്തെ ആദരിച്ചുകൊണ്ട് തങ്ങളുടെ സ്വന്തം ഭൂമി - റബ്വയിലെ നദിയുടെ ഭാഗത്ത് ദാറുന്നസ്റിനോടു ചേർന്നുകിടക്കുന്ന സ്ഥലം, അത് പിടിച്ചെടുക്കാൻ വന്നവരോട് ഏറ്റുമുട്ടലിനുപകരം നിയമത്തെ ആശ്രയിച്ചവരാണ്. പക്ഷേ, നിയമം, ശക്തരായവരെ ഭയപ്പെടുന്നു. ശക്തരായവരാകട്ടെ അവർക്ക് തോന്നിയതുപോലെ പ്രവർത്തിക്കുകയും ചെയ്യുന്നു. കോടതിവിധി വരുന്നതുവരെ ഒരു കക്ഷിയും പ്രസ്തുത സ്ഥലത്ത് ഒരു നിർമ്മാണപ്രവർത്തനവും നടത്തരുതെന്നും നിയന്ത്രണം ഏർപ്പെടുത്ത

രുതെന്നുമായിരുന്നു ഹൈക്കോടതി വിധി. എന്നാൽ, അതിനുശേഷം 30, 32 വർഷം പിന്നിട്ട ഈ അവസര ത്തിലും കോടതിക്ക് വിധി പറയാനുള്ള ധൈര്യമുണ്ടായിട്ടില്ല. അഹ്മദികൾ നിയമം പാലിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഇസ്‌ലാമിന്റെ പേരിൽ അന്യായമായി സ്ഥലം അധീനപ്പെടുത്തിയിട്ടുള്ള എതിർകക്ഷികൾ നിർമ്മാണത്തിനുമേൽ നിർമ്മാണം അവിടെ നടത്തിക്കൊണ്ടേയിരിക്കുന്നു. ഇത് ഹൈക്കോടതിയെ അവഹേളിക്കലാണെന്ന് അവരോടു പറയുമ്പോൾ, ഇത് കോടതി അലക്ഷ്യമാണെന്ന് പറയുമ്പോൾ കോടതിയുടെ മറുപടി ഞങ്ങളല്ലേ അവഹേളിക്കപ്പെടുന്നത്, അതുകൊണ്ട് നിങ്ങൾക്കെന്തു ചേതം എന്നാണ്. ഇവരുടെ കല്പനകളും വിധികളുമെല്ലാം ഇരട്ടത്താപ്പാണ്. എന്നിട്ട് പറയുന്നതോ, കോടതി നീതിയെ ഇഷ്ടപ്പെടുന്നവരാണെന്നും. ചുരുക്കിപ്പറഞ്ഞാൽ, എല്ലാ സർക്കാർ വകുപ്പുകളും അഴിമതിയിൽ കുളിച്ചു നില്ക്കുകയാണ്. നന്മ അവർ സമ്പാദിക്കുന്നില്ല. ദോഷങ്ങൾ ചെയ്യാനുള്ള വ്യഗ്രതയാണ് ഇതിനു കാരണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ഈമാനികാവസ്ഥ അങ്ങേയറ്റം ബലഹീനമായിത്തീർന്നിരിക്കുന്നു. പരലോകം ഒരു കല്പിതകഥയായിട്ട് മനസ്സിലാക്കുന്നു. ഇസ്‌ലാമിന്റെ ഈ നാമധാരികളായ കുത്തകക്കാരുടെ ഈമാൻ, ദുൻയാവും അതിലെ വിഭവങ്ങളുമാണെന്ന് തോ ന്നുന്നു. രാജ്യത്തുണ്ടാകുന്ന കുഴപ്പങ്ങളിലും വന്നുകൊണ്ടിരിക്കുന്ന ദുരന്തങ്ങളിലും ചിന്തിക്കുകയാണെങ്കിൽ കാലത്തിന്റെ ഇമാമിനെ നിഷേധിച്ചതുമാത്രമല്ല, മറിച്ച് അദ്ദേഹത്തെ പരിഹസിക്കുന്നതിന്റേയും അദ്ദേഹത്തെ വിശ്വസിച്ചവരുടെമേൽ ചെയ്യുന്ന ദ്രോഹപ്രവർത്തനങ്ങളുടേയും ഫലമാണിതെന്ന് കാണാം.

പാക്കിസ്താനിൽ അടിയന്തിരാവസ്ഥ നടപ്പിൽ വന്ന ഉടനെതന്നെ നിയമങ്ങളും ദുർബലമാക്കി. അടിയന്തിരാവസ്ഥക്ക് അധികാരമുണ്ടോ, നിയമപരമായ എന്തെങ്കിലും സാധൂകരണമുണ്ടോ എന്നത് വേറൊരു കാര്യമാണ്. പക്ഷേ, തോന്നുന്നതുപോലെ നയിക്കുക എന്ന നയമാണ് അവർ അനുവർത്തിക്കുന്നത്. അവർ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. വിധികളെല്ലാം ദുർബലമാക്കി. പക്ഷേ, കുറച്ചുബോധം അവരിൽ അവശേഷിച്ചിരുന്നു. അതുകൊണ്ട് അഹ്മദികൾ അമുസ്ലിംകളാണെന്നുള്ള വകുപ്പുകൾ നില നിറുത്തി. അതിനെ തൊട്ടില്ല. ആ വിധി നിലനില്ക്കുക തന്നെ വേണമെന്ന നിലയിൽ പ്രത്യേകമായും അതെടുത്തു പറഞ്ഞു.

ഈ ഭരണകർത്താക്കളാകട്ടെ, രാഷ്ട്രീയ നേതാക്കളാകട്ടെ, അല്ലെങ്കിൽ ആരുമാകട്ടെ, അല്ലാഹുവിനേക്കാൾ അവർക്ക് കൂടുതൽ ഭയം മതത്തിന്റെ പേരിൽ കുഴപ്പമുണ്ടാക്കുന്നവരെയാണ്. ഓരോ ഭരണകൂടങ്ങളും അവരെ സുഖിപ്പിക്കാൻ ശ്രമിക്കുന്നു. കഴിഞ്ഞ ഖുത്ബയിലും ഞാൻ പറഞ്ഞതുപോലെ ദുആ ചെയ്യുക. ദുആയോടൊപ്പം പാക്കിസ്ഥാൻവാസികളായ അഹ്മദികളാരും ഒരു രീതിയിലും ഒരു അക്രമത്തിലും കുഴപ്പങ്ങളിലും ഭാഗഭാക്കാകാതിരിക്കണം. നമ്മളോട് അതിക്രമം കാണിക്കുന്നുവെന്നത് ശരിതന്നെ. ഉണ്ടായിക്കൊണ്ടിരിക്കുന്നു. തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. നമ്മൾ നിയമങ്ങൾ പാലിക്കേണ്ടതാണ്. നിലവിലുള്ള ഭരണകൂടത്തിനെതിരെ ഒരു തരത്തിലുള്ള കലഹങ്ങളിലും പങ്കെടുക്കരുത്. നമ്മുടെ കാര്യങ്ങൾ അല്ലാഹുവിനോടൊപ്പമാണ്. അവരവരുടെ ചുറ്റുപാടുകളിലുള്ളവരോട് 'അല്ലാഹുവിന്റെ നിയമങ്ങളിൽ കൈകടത്തലുകൾ നടത്തുന്നതുകൊണ്ടാണോ ഇതെല്ലാം ഉണ്ടാകുന്നതെന്ന് ചിന്തിക്കാനും ആലോചിക്കാനും തീർച്ചയായും പറയണം. ചെറിയ ചെറിയ പ്രകമ്പനങ്ങൾ വന്നുകൊണ്ടിരിക്കുന്നത് അല്ലാഹുവിന്റെ വെറുപ്പ് കാരണത്താലാണോ എന്ന് ഇവരുടെ എഴുത്തുകാരും വക്താക്കളും എഴുതാനും പറയാനും തുടങ്ങിയിരിക്കുന്നു. അത് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഖുത്ബയിൽ ഒരു വിവരണം ഞാൻ വായിച്ചുകേൾപ്പിച്ചിരുന്നു. ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത് അല്ലാഹുവിനെ വെറുപ്പിച്ചിരിക്കുന്ന കാരണത്താലാണ്. പക്ഷേ, അല്ലാഹു എന്തുകൊണ്ടാണ് വെറുക്കുന്നതെന്ന് ഇവർക്ക് മനസ്സിലാകുന്നില്ല. എന്തുകൊണ്ട് വെറുത്തുകൊണ്ടിരിക്കുന്നുവെന്ന് ചിന്തിക്കുക. തന്നെ പിന്തുണച്ചുകൊണ്ട് അല്ലാഹു അടയാളം കാണിക്കുമെന്ന് ഒരു ദൈവനിയുക്തവാദി പ്രഖ്യാപിച്ചിരുന്നു. ആ അടയാളങ്ങൾ നോക്കുക, അതിൽ ചിന്തിക്കുക. അല്ലാഹു അയച്ച ആളെ നിഷേധിക്കുന്നതിൽ നിന്ന് പിന്തിരിയുക. അല്ലാഹു അക്രമിയെ വിടുകയില്ല. ലോകത്തിന്റെ മാതൃക നമ്മുടെ മുമ്പിലുണ്ട്. പാക്കിസ്ഥാനിൽ അക്രമപരമായ നിയമം പാസാക്കുക മാത്രമല്ല ചെയ്തത്. പ്രത്യുത, അഹ്മദിയാണെന്ന ഒറ്റക്കാരണത്താൽ നിരവധിയാളുകൾ ശഹീദാക്കപ്പെട്ടു. അവർ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചവരാണ്. അക്രമിയ്ക്ക് ആ നിയമം ധൈര്യം പകരുന്നതുകൊണ്ടാണ് അവർ അക്രമത്തിൽ തിമിർത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ, അത്തരം അക്രമികൾക്ക് ഒന്നുരണ്ടിടങ്ങളിൽ സർക്കാർ ശിക്ഷ നൽകിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷേ, അക്രമപരമായ നിയമം നിലനില്ക്കുവോളം ഏത് ഭരണകൂടം വന്നാലും അവർ അക്രമത്തിൽ പങ്കാളികളായിരിക്കും.

എന്തായാലും നമുക്ക് ഈ ഭൗതികരോട് ഒന്നും പറയാനില്ല. പക്ഷേ, സഹാനുഭൂതിയുടെ വികാരവും ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്നുള്ള നമ്മുടെ വിശ്വാസവും കൊണ്ട് നിങ്ങൾ ശാന്തി സ്ഥാപിക്കാനും, അല്ലാഹുവിന്റെ പിടിത്തത്തിൽ നിന്ന് പുറത്തുവരാനും ആഗ്രഹിക്കുന്നുവെങ്കിൽ നീതിയുടെ തേട്ടം പൂർത്തിയാക്കാൻ സർക്കാരിനോടും പൊതുജനങ്ങളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്വന്തം അയൽരാജ്യമായ അഫ്ഗാനിസ്ഥാനിൽ നിന്ന് പാഠം പഠിക്കുക. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ രണ്ടുപേരെ ശഹീദാക്കിയിരുന്നു. അത് വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "അല്ലാഹു എന്നെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ആ

***(ശേഷം 13 - ൽ)***

ലേഖനം

# യേശു ദൈവത്തിന്റെ പുത്രനോ?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**യേശു ക്രിസ്ത്യാനികളും മുസ്‌ലിംകളും ആദരിക്കുന്ന മതവ്യക്തിത്വമാണ്. അദ്ദേഹം ദൈവത്തിന്റെ പുത്രനാണ് എന്ന് പറയുമ്പോഴുണ്ടാവുന്ന യുക്തിഭംഗങ്ങളും അശാസ്ത്രീയതയും ലേഖകൻ വിശകലനം ചെയ്യുന്നു.**

സ്പഷ്ടമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ദൈവത്തിന് ജൈവപുത്രൻ ഉണ്ടാവുക സാധ്യമല്ല. കാരണം പുത്രന് പകുതി പിതാവിന്റെയും പകുതി മാതാവിന്റെയും ക്രോമസോമുകൾ ലഭിച്ചിരിക്കണം. അപ്പോൾ മറ്റൊരു പ്രശ്നമുദിക്കുന്നത് പുത്രൻ പകുതി ദൈവവും പകുതി മനുഷ്യനുമായിരിക്കണം എന്നതാണ്. പക്ഷേ ദൈവത്തിന്റെ 'അക്ഷരാർത്ഥത്തിലുള്ള പുത്രൻ' എന്ന് യേശുവിനെ പറ്റി വിശ്വസിക്കുന്നവർ യേശു പൂർണ മനുഷ്യനും പൂർണ ദൈവവുമാണെന്ന് വാദിക്കുകയും അതിൽ ഊന്നൽ നൽകുകയുമാണ് ചെയ്യുന്നത്.

പകുതി ക്രോമസോം (23 എണ്ണം) മാത്രമേ ഒരു ശിശു ജനിക്കാൻ ആവശ്യമായി വരുന്നുള്ളുവെങ്കിൽ യാതൊരു പ്രശ്നവുമില്ലായിരുന്നു. പക്ഷേ ഒരു ശിശുവും അങ്ങനെ ജനിക്കുന്നില്ല. ഇനി അങ്ങനെ തന്നെ സംഭവിച്ചുവെന്ന് കരുതുക. എന്നാൽ ആ ശിശു പകുതി മനുഷ്യനായിട്ടായിരിക്കും ഉണ്ടാവുക. ഇവിടെ നഷ്ടപ്പെട്ട ഇരുപത്തിമൂന്ന് ക്രോമസോമുകളെക്കുറിച്ചുളള പരാമർശം അവിടെ നിൽക്കട്ടെ, ഒരു ക്രോമസോമിലെ ഏതെങ്കിലുമൊരു ജീനിന്ന് പോലും തകരാറ് സംഭവിച്ചാൽ അത് ശിശുവിൽ വമ്പിച്ച ജന്മജാത വൈകല്യങ്ങൾ സൃഷ്ടിക്കുമായിരുന്നു. ആ ശിശു അന്ധനോ അംഗവൈകല്യമുള്ളവനോ ബധിരനോ മൂകനോ ആയിത്തീർന്നേക്കാം. അത്തരത്തിലൊരു ദുരന്തം സംഭവിക്കുകയാണെങ്കിൽ അതിന്റെ അനന്തര ഭവിഷ്യത്തുകൾ എണ്ണിയാലൊടുങ്ങാത്തതായിരിക്കും. അതായത് ദൈവം മനുഷ്യന്റെയോ മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ ക്രോമസോം വഹിക്കുന്നു എന്നു സങ്കൽപ്പിക്കാൻ സാധ്യമാവുകയില്ല. ഈയൊരു കാര്യത്തെപ്പറ്റി ഏതൊരാൾക്കും യാഥാർത്ഥ്യബോധമുണ്ടാവേണ്ടതുണ്ട്.

അതുകൊണ്ട് ദൈവത്തിന്റെ വ്യക്തിത്വപരവും കായികവുമായ ബീജ ദാനം എന്നത് നിഷേധിക്കപ്പെടുന്നു. മനുഷ്യസ്വഭാവത്തിലും ഗുണത്തിലുമുള്ള ജീനുകൾ മാത്രം ആവഹിച്ച മറിയമിന്റെ അണ്ഡകോശത്തിൽ നിന്നും ഒരു പുത്രൻ ജനിച്ചെങ്കിൽ ആ ശിശു എന്തുതന്നെയായാലും ശരി തീർച്ചയായും അവൻ ദൈവത്തിന്റെ പുത്രനാണന്ന് പറയാൻ സാധ്യമല്ല. കൂടി വന്നാൽ നിങ്ങൾക്ക് വിശദീകരിക്കാൻ കഴിയുക അർദ്ധ മനുഷ്യൻ എന്ന നിലക്ക് അത് പ്രകൃതിയുടെ വിചിത്രമായ ഒരു പ്രതിഭാസമല്ലാതെ മറ്റൊന്നുമല്ല എന്നാണ്. മറിയമിന്റെ പ്രത്യുൽപ്പാദനാവയവങ്ങൾ മനുഷ്യസ്ത്രീകളുടേത് പോലെയാണെന്നും എങ്ങനെയോ അതിൽ വെച്ച് സ്വയം തന്നെ ബീജസങ്കലനം നടന്നു എന്നും കരുതുകയാണെങ്കിൽ തന്നെ ഒരാൾക്ക് പരമാവധി പ്രതീക്ഷിക്കാൻ കഴിയുക പകുതി മനുഷ്യനായ എന്തോ ഒരു സൃഷ്ടി എന്ന് മാത്രമാണ്. ആ എന്തോ ഒരു സൃഷ്ടിയെ 'ദൈവപുത്രനാണെന്ന്' വിളിക്കുന്നത് ഏറ്റവും നിന്ദാകരമാണ്.

പിന്നെയെങ്ങനെയാണ് ക്രിസ്തു ജനിച്ചത്? പുരുഷന്റെ പങ്കാളിത്തമില്ലാതെ മാതാവിന് മാത്രം എങ്ങനെ ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയും എന്ന കാര്യത്തിൽ വികസിത രാജ്യങ്ങളിൽ ഗവേഷണങ്ങൾ നടന്നു കൊണ്ടിരിക്കയാണെന്ന കാര്യം നമുക്കറിയാം. പക്ഷേ ഇതു

വരെ കന്യകാപ്രസവത്തെ സംബന്ധിച്ച് അനിഷേധ്യവും സുനിശ്ചിതവുമായ ഒരു തെളിവ് മനുഷ്യയുക്തിക്ക് ലഭ്യമായിട്ടില്ല. അതായത് ഇതുവരെയുള്ള ശാസ്ത്രീയ ഗവേഷണങ്ങൾ ഈ വിതാനത്തിലേക്ക് പുരോഗമിച്ചിട്ടില്ല. എന്നിരുന്നാലും അതിനുള്ള എല്ലാ സാധ്യതകളും തുറന്നു കിടക്കുന്നു.

താഴ്ന്ന ജീവികൾക്കിടയിൽ രണ്ട് വിധത്തിലുള്ള പ്രത്യുൽപ്പാദക പ്രതിഭാസങ്ങൾ ശാസ്ത്രീയമായി സുസ്ഥാപിതമാണ്. പാർത്ഥെനോജെനസിസ് (Parthenogenesis) ഉം ഉഭയലിംഗത്വവുമാണ് (Hermaphroditism) അവ.

മറിയം യേശുവിനെ അത്ഭുതകരമായ രീതിയിൽ പ്രസവിച്ചത് ഇതുപോലെയുള്ള പ്രകൃതിനിയമമനുസരിച്ചുള്ള രീതിയിലൂടെയായിരിക്കുമെന്ന് കരുതാവുന്നതാണ്. എന്നാൽ അത് തികച്ചും വിരളമായ ഒരു പ്രതിഭാസമായിരിക്കാം. അതിന്റെ സൂക്ഷ്മമായ മറ്റുവശങ്ങൾ ഇപ്പോഴും മനുഷ്യനു പൂർണ്ണമായും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇവിടെ വായനക്കാരന് വേണ്ടി പാർത്ഥനോജെനസിസിനെപ്പറ്റിയും, ഉഭയലിംഗത്വത്തെപ്പറ്റിയും ഹ്രസ്വമായൊരു വിവരണം നൽകിയിട്ടുണ്ട്.

## ഉഭയലിംഗത്വം (Hermaphroditism)

ഒരു പെൺശരീരത്തിൽ തന്നെ പുരുഷന്റേയും സ്ത്രീയുടേയും ലിംഗാവയവങ്ങളും ആൺ പെൺ ക്രോമസോമുകളും വഹിക്കുന്നതിന് സാങ്കേതികമായി ഉപയോഗിക്കുന്ന പദമാണ് ഉഭയലിംഗത്വം (Hermaphroditism) എന്നത്. ഉഭയലിംഗജീവികളായ ചില മുയലുകൾ ഒരു ഘട്ടത്തിൽ മറ്റ് പെൺ മുയലുകളായി ഇണചേരുകയും ആണും പെണ്ണുമായി 250ലധികം മുയലുകളെ പ്രസവിക്കുകയും ചെയ്തു. മറ്റൊരു ഘട്ടത്തിൽ ഇണയില്ലാതെ ആ മുയലിനെ ഒറ്റപ്പെടുത്തിയപ്പോഴും ആൺ പെൺ വർഗ്ഗത്തിലുള്ള ഏഴ് ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയുണ്ടായി. ആ മുയലിന്റെ മൃതദേഹം കീറി പരിശോധിച്ചപ്പോൾ അത് ഗർഭിണിയായ അവസ്ഥയിലായിരുന്നു. പ്രവർത്തനക്ഷമമായ രണ്ട് അണ്ഡാശയങ്ങളും (Ovary) പ്രവർത്തനക്ഷമമല്ലാത്ത രണ്ട് വൃഷണങ്ങളും (testis) ആ മുയലിൽ കാണപ്പെടുകയുണ്ടായി. അത്തരം പ്രതിഭാസങ്ങൾ മനുഷ്യരിലും സാധ്യമാണെന്ന് അടുത്ത കാലത്തെ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

## പാർത്ഥനോജെനസിസ് (Parthenogenesis)

പുരുഷ പങ്കാളിയുടെ സഹായമില്ലാതെ സ്ത്രീയുടെ അണ്ഡം അലൈംഗികമായി (Asexual) ഒരു ശിശുവായി രൂപാന്തരപ്പെടുന്നതിനെയാണ് പാർത്ഥനോജെനസിസ് എന്ന് പറയുന്നത്. ആഫിഡ് (Aphids) (മുഞ്ഞ), മത്സ്യം എന്നീ താഴ്ന്ന തരം ജീവികളിൽ ഈ പ്രതിഭാസം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വളരെ കുറഞ്ഞതും അപ്രവചിതവുമായി മഴ ലഭിക്കുന്ന സാഹചര്യങ്ങളിൽ ജീവിക്കുന്ന പല്ലികളിൽ പാർത്ഥനോജെനസിസ് വിജയകരമായ ഒരു അതിജീവന തന്ത്രമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.ഒരു പരീക്ഷണശാലയിലെ കൃത്രിമ പരിതഃസ്ഥിതിയിൽ എലിയുടെയും മുയലിന്റെയും ഭ്രൂണങ്ങൾ ഗർഭകാലയളവിന്റെ പകുതിഘട്ടം വരെ പാർത്ഥനോജെനസിസ് വഴി വികസിപ്പിച്ചെടുക്കുകയുണ്ടായി. പക്ഷേ അതിനുശേഷം അത് അലസിപ്പോവുകയാണുണ്ടായത്. കാൽസ്യം അയണോഫോർ (calcium ionophore) ഒരു രാസത്വരകമായി (catalyst) ഉപയോഗിച്ചുകൊണ്ട് പാർത്ഥനോജെനസിസ് വഴി മനുഷ്യഭ്രൂണം ചിലപ്പോൾ പ്രവർത്തനക്ഷമമാക്കാനുള്ള സാധ്യതയെപ്പറ്റി ഈയടുത്തകാലത്ത് ചില ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. മനുഷ്യസ്ത്രീയിലെ ഗർഭധാരണത്തിന്റെ ആദ്യഘട്ടത്തിലെ ചില ഗർഭഛിദ്രങ്ങൾ പാർത്ഥനോജെനസിസിലൂടെ പ്രവർത്തനക്ഷമമായ ഭ്രൂണങ്ങളായിരിക്കാൻ സാധ്യതയുണ്ടെന്ന വസ്തുത ഇത്തരത്തിലുള്ള ഗവേഷണങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഈയടുത്തകാലത്ത് നടന്ന ഒരു പരീക്ഷണ ഗവേഷണത്തിൽ കന്യകാപ്രസവസാധ്യത ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. 1995 ഒക്ടോബർ Nature Genetics-se റിപ്പോർട്ടിൽ മൂന്നു വയസ്സുകാരനായ ഒരു കുട്ടിയുടെ ശരീരത്തിന്റെ ഒരു ഭാഗം ബീജസങ്കലനം നടക്കാത്ത അണ്ഡത്തിൽ നിന്നും വളർന്നുവന്ന സുപ്രധാനമായ ഒരു സംഭവം ചർച്ച ചെയ്യുന്നുണ്ട്. ഗവേഷകന്മാർ കുട്ടിയുടെ രക്തത്തിലും ത്വക്കിലുമുള്ള X ക്രോമസോമിലെ DNA വിന്യാസം പരിശോധിക്കുകയുണ്ടായി. അവന്റെ കോശത്തിലുള്ള X ക്രോമസോമുകളെല്ലാം പരസ്പരം തത്സമയങ്ങളായിരുന്നു. അതെല്ലാം തന്നെ അവന്റെ അമ്മയിൽ നിന്നും ലഭിച്ചതായിരുന്നു. അതുപോലെ അവന്റെ രക്തത്തിലെ മറ്റു 22 ക്രോമസോം ജോടികളും തത്സമങ്ങളായിരുന്നു. ഈ ക്രോമസോം ജോടിയിലെ ഓരോ അംഗവും അവന്റെ മാതാവിൽ നിന്നുമുള്ളതായിരുന്നു.

## എന്താണ് അത്ഭുതങ്ങൾ?

കന്യകാപ്രസവവും വിശാലമായ ഒരു സാധ്യതയാണ്. അതൊരിക്കലും അസാധ്യമോ പ്രകൃതി നിയമത്തിനെതിരോ അല്ല. യേശുവിന്റെ ജനനത്തെപ്പറ്റി പ്രകൃതി നിയമങ്ങൾക്കതീതമായ ഒരു വിശദീകരണം തേടേണ്ട ആവശ്യമെവിടെയാണ്? അതിനുമപ്പുറം അതിരുകവിഞ്ഞ നിലയിൽ ദൈവം മനുഷ്യസ്ത്രീയിലൂടെ തന്റെ ജൈവസന്താനത്തിന് ജന്മം നൽകി എന്ന് വിശ്വസിക്കേണ്ട ആവശ്യകതയെന്ത്? നാനാവിധങ്ങളായ ഈ പ്രതിഭാസങ്ങളെല്ലാം തന്നെ പ്രകൃതിയിൽ സംഭവിക്കുന്ന വസ്തുതകളാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ദൈവത്തിന്റെ പ്രത്യേകമായൊരു രൂപകൽപന എന്ന നിലക്ക് ചുരുളഴിയാത്ത ഒരു പ്രകൃതി പ്രതിഭാസമായി യേശുവിന്റെ ജനനത്തെപ്പറ്റി വിശ്വസിക്കുന്നതിൽ എന്തുണ്ട് പ്രയാസം? പുരുഷസ്പർശമേൽക്കാതെ അസാധാരണമായ രീതിയിൽ ഗർഭധാരണം

നടന്ന എന്തോ ഒരു പ്രകൃതി പ്രതിഭാസം മറിയമിൽ പ്രവർത്തിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതു തന്നെയാണ് സംഭവിച്ചതെന്നാണ് അഹ്മദി മുസ്ലിംകളുടെ വിശ്വാസം. ഞങ്ങളുടെ വാദം അചഞ്ചലമാണ്. കാരണം ഒരു ശാസ്ത്രജ്ഞന്നും അത് അസംബന്ധമാണെന്ന് പറഞ്ഞ് നിരസിക്കാനോ പ്രകൃതിയുടെ അറിയപ്പെട്ട നിയമങ്ങൾക്ക് എതിരാണെന്ന് പറഞ്ഞു തള്ളിക്കളയാനോ സാധ്യമല്ല.

ഇസ്ലാം അത്ഭുതങ്ങളെ (Miracles) പ്രകൃതിക്ക് വിരുദ്ധമായ സംഭവങ്ങൾ എന്ന നിലക്കല്ല കാണുന്നത്. അത്തരം അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അക്കാലത്തെ മനുഷ്യവിജ്ഞാനത്തിന് അത് വിശദീകരിക്കാനായില്ല എന്ന് മാത്രം. പ്രകൃതിനിയമത്തിന് വിരുദ്ധമായത് സംഭവിക്കുകയാണെങ്കിൽ ദൈവത്തിന്റെ മഹത്വത്തെ സംബന്ധിച്ച് ധാരാളം ചോദ്യങ്ങൾ അത് ഉയർത്തിക്കൊണ്ടു വരുമായിരുന്നു. പ്രകൃതിനിയമം ദൈവം സ്വയം ഉണ്ടാക്കിയതാണെങ്കിൽ അത് ലംഘിക്കാതെ തന്നെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏർപ്പാടുകൾ അവൻ ചെയ്തിട്ടുണ്ടായിരിക്കണം.

എല്ലാ നിയമങ്ങളും മനുഷ്യന് അറിയില്ല. പ്രകൃതി നിയമങ്ങൾ പല വിധത്തിലും പ്രവർത്തിക്കുന്നു. അവ പല വിതാനത്തിലും നിലകളിലുമുള്ളതാണ്. ചിലപ്പോൾ അവയുടെ ഒരു തലം മാത്രമേ മനുഷ്യന് അറിയാൻ സാധ്യമാവൂ. അതിനപ്പുറം ചൂഴ്ന്നുനോക്കാൻ മനുഷ്യന് സാധ്യമല്ല. കാലം കഴിയുന്നതനുസരിച്ച് മനുഷ്യന്റെ വിജ്ഞാനം വർദ്ധിക്കുന്നു. അതോടൊപ്പം ഇതുവരെ അവന് ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രകൃതിനിയമങ്ങളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങുകയും നിരീക്ഷിക്കാനുള്ള കൂടുതൽ കഴിവുകൾ ആർജിക്കുകയും ചെയ്യുന്നു. ശാസ്ത്രപുരോഗതിയുടെ മറ്റൊരു കാലഘട്ടത്തിൽ അത്തരം നിയമങ്ങളുടെ നാനാവിധ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ അറിയാൻ കഴിയുന്നു. ആ നിയമങ്ങളുടെ പ്രവർത്തനങ്ങൾ ശാസ്ത്രം നല്ലതുപോലെ ഗ്രഹിക്കുന്നു എന്നുമാത്രമല്ല മറ്റു നിയമങ്ങളുമായി അത് എങ്ങനെ പ്രതിപ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

പഴയ കാലത്ത് അത്ഭുതങ്ങളായി കരുതിയ അത്തരം കാര്യങ്ങൾ പിന്നീട് ദീർഘകാലം അത്ഭുതങ്ങളായി നിലനിന്നില്ല. അത്ഭുതങ്ങൾ എന്നത് നിശ്ചിതകാലത്തെ മനുഷ്യവിജ്ഞാനവുമായി ബന്ധപ്പെട്ടതാണ്. ദൈവത്തിന്റെ അസാധാരണമായ ഒരു പ്രതിഭാസം പ്രകടിതമാവുമ്പോൾ പ്രത്യക്ഷത്തിൽ ഒരു പ്രകൃതി നിയമം ലംഘിക്കപ്പെട്ടതായി തോന്നും. വാസ്തവത്തിൽ അത് പ്രകൃതി നിയമത്തിന് വിരുദ്ധമോ അതിന്റെ ലംഘനമോ അല്ല. ആ പ്രതിഭാസം പ്രകടിതമാക്കിയ നിയമം ഗുപ്തരൂപത്തിൽ അവിടെ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആജ്ഞ വന്നെത്തിയപ്പോൾ അത് പ്രാവർത്തികമായി എന്ന് മാത്രം. ആ കാലത്തുള്ള ജനതക്ക് ആ നിയമം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അവർക്ക് അതിന്മേൽ യാതൊരു നിയന്ത്രണവുമില്ലായിരുന്നു. ഉദാഹരണത്തിന് ഏതാനും സഹസ്രാബ്ദങ്ങൾക്ക് മുമ്പ് കാന്തശക്തിയെക്കുറിച്ച് മനുഷ്യന് അറിവുണ്ടായിരുന്നില്ല. ആരെങ്കിലും അപ്പോൾ കാന്തം യാദൃച്ഛികമായി കണ്ടെത്തുകയും, നഗ്നദൃഷ്ടിക്ക് കാണാൻ കഴിയുന്ന അവലംബങ്ങളൊന്നുമില്ലാതെ വസ്തുക്കൾ പൊങ്ങി നിൽക്കുന്ന രീതിയിൽ ഒരു വിദ്യ കണ്ടെത്തിയെന്നുമിരിക്കട്ടെ. ഈ വിദ്യ കാണുമ്പോൾ ഇതാ 'അത്ഭുതം!' സാധിച്ചിരിക്കുന്നു എന്നു പറഞ്ഞു മറ്റുള്ളവരെ അതിശയിപ്പിക്കാമായിരുന്നു. ഇക്കാലത്ത് പൊതുവേ അത്തരം വിദ്യകൾ നിസ്സാരവും സർവ്വസാധാരണവുമായി ഗണിക്കപ്പെടുന്നു. അതുകൊണ്ട് അത് അത്ഭുതമായി ഗണിക്കുന്നില്ല. മനുഷ്യന്റെ ജ്ഞാനം പരിമിതമാണ്. എന്നാൽ ദൈവജ്ഞാനം അപരിമിതമാണ്. ഒരു നിയമം പ്രാവർത്തികമാവുകയും, മനുഷ്യന്റെ അറിവിന്ന് അത് പിടികിട്ടാത്തതാവുകയും ചെയ്യുമ്പോൾ ആ പ്രതിഭാസം ഒരുഅത്ഭുതമായി പരിഗണിക്കപ്പെടുന്നു. ഭൂതകാലാനുഭവം വെച്ച് നോക്കുമ്പോൾ പ്രകൃതി നിയമങ്ങൾക്ക് അതീതമെന്ന് അക്കാലത്തെ മനുഷ്യർ കരുതിയിരുന്ന പല കാര്യങ്ങളും അവർക്ക് പൂർണമായും ഗ്രഹിക്കാൻ കഴിയാത്ത പ്രകൃതിനിയമങ്ങൾ തന്നെയായിരുന്നുവെന്ന് പിൽക്കാലത്ത് മനുഷ്യന് വിജ്ഞാനം ലഭിച്ചപ്പോൾ ബോധ്യമായിട്ടുണ്ട്. പിതാവിന്റെ സഹായമില്ലാതെ മാതാവിൽ നിന്നു മാത്രമായി ജനനം സംഭവിക്കുന്ന, പ്രകൃതിനിയമങ്ങൾക്ക് വിധേയമായ ഒരു പ്രതിഭാസം യേശുവിന്റെ ജനനത്തിൽ സംഭവിച്ചിരിക്കണമെന്നത് നാം പറയുന്നത് അതുകൊണ്ടാണ്. അക്കാലത്തെ ജനങ്ങൾക്ക് ഈ പ്രതിഭാസത്തിന്റെ പ്രകൃതിനിയമങ്ങളെക്കുറിച്ചൊന്നുമറിയില്ലായിരുന്നു. ആധുനികകാലത്ത് പോലും ഈ പ്രതിഭാസം എങ്ങനെ സംഭവിക്കുന്നു എന്നതിനെപ്പറ്റി പൂർണജ്ഞാനം കൈവന്നിട്ടില്ല. ശാസ്ത്രം ആ ദിശയിലേക്ക് കുതിക്കുകയും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. യേശുവിന്റെ ജനനം പ്രകൃതിനിയമങ്ങൾക്കതീതമായ ഒരു പ്രതിഭാസമാണെന്ന് ആർക്കും വാദിക്കാൻ കഴിയാത്ത വിധം ഒരു കാലം സമാഗതമായേക്കാം. അപ്പോൾ വളരെ അപൂർവമായി സംഭവിക്കുന്ന ഒരു പ്രകൃതി പ്രതിഭാസം തന്നെയാണ് യേശുവിന്റെ ജനനം എന്ന് സമ്മതിക്കേണ്ടി വരും. മനുഷ്യന് അപരിചിതമായ അത്യപൂർവ്വ സംഭവം.

## യേശു ദൈവത്തിന്റെ പുത്രനോ?

യേശുക്രിസ്തുവിനെസ്സംബന്ധിച്ച ക്രിസ്ത്യാനികളുടെ ധാരണയിൽ അദ്ദേഹത്തിന്റെ പ്രകൃതി, ദൈവവുമായുള്ള ബന്ധം മുതലായ മറ്റു പല പ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ട്. ക്രിസ്തീയ സിദ്ധാന്തങ്ങൾ വിമർശനാത്മകമായി അപഗ്രഥനം ചെയ്തു പഠിക്കുമ്പോൾ ഒരു പരിപൂർണ്ണ മനുഷ്യന്റെയും പരിപൂർണ്ണ ദൈവത്തിന്റെയും സവിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്ന ഒരു 'ദൈവപുത്രനാണ്' ഉരുത്തിരിഞ്ഞു വരുന്നത്. ക്രിസ്ത്യാ

നികളുടെ സിദ്ധാന്തപ്രകാരമായാൽ പോലും പിതാവ് ഒരിക്കലും പുത്രനു തുല്യനാകുന്നില്ല. പിതാവായ ദൈവം സമ്പൂർണനായ ദൈവമാണ്, പക്ഷേ, സമ്പൂർണനായ മനുഷ്യനല്ല. എന്നാൽ പുത്രൻ സമ്പൂർണനായ ദൈവവും സമ്പൂർണനായ മനുഷ്യപുത്രനും കൂടിയാണ് എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. രണ്ട് വ്യത്യസ്ത സ്വഭാവഗുണങ്ങളോടു കൂടിയ രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളാണ് ഇവർ രണ്ടുപേരും

ഈ സ്വഭാവ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാദ്ധ്യമല്ല എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ചില ദ്രവ്യങ്ങളുടെ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാധിക്കും. ഉദാഹരണത്തിന് സത്തയിലും അതിന്റെ രാസസംയോഗത്തിലും മാറ്റം വരാതെ ജലത്തിന് ഐസാകാനും ജലബാഷ്പമാകാനും സാധിക്കും. എന്നാൽ യേശുവിന്റെയും ദൈവത്തിന്റെയും ഗുണങ്ങളിൽ വ്യത്യാസങ്ങളുണ്ട്. അവരിൽ ഒരാളുടെ ഗുണങ്ങളിൽ ചിലതു കൂടുതൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. അവ പരസ്പരം ചേരുകയില്ല. ഒന്നു മറ്റൊന്നായി രൂപാന്തരപ്പെടാനും സാധ്യമല്ല. ഒന്നു മറ്റൊന്നിൽ നിന്നും തികച്ചും വ്യതിരിക്തമായി നിൽക്കുന്നു. മറ്റൊരു ഗുരുതരമായ പ്രശ്നം കൂടിയുണ്ട്. യേശു പരിപൂർണ മനുഷ്യൻ എന്ന പോലെ പരിപൂർണ ദൈവവുമായി രുന്നോ? പരിപൂർണ മനുഷ്യനാകാത്ത പിതാവായ ദൈവത്തിൽ നിന്നും അദ്ദേഹം തികച്ചും വിഭിന്നനാണ്. പിതാവായ ദൈവം പരിപൂർണ്ണ മനുഷ്യൻ പോയിട്ട് അപൂർണ മനുഷ്യൻ പോലുമായിട്ടില്ല. ഇതെന്ത് തരത്തിലുള്ള ബന്ധമായിരുന്നു എന്ന് മനസ്സിലാവുന്നില്ല! പുത്രൻ പിതാവിനേക്കാൾ വലിയവനായിരുന്നോ? ഈ അധിക ഗുണം പുത്രനെ പിതാവിനേക്കാൾ ഉന്നതനാക്കുന്നില്ലെങ്കിൽ പിന്നെ അതൊരു ന്യൂനഗുണമായിരിക്കണം. അങ്ങനെയാണെങ്കിൽ ന്യൂനഗുണമുള്ള പുത്രദൈവം ക്രിസ്ത്യാനികളുടെ അവകാശവാദത്തിനെതിരാണെന്ന് മാത്രമല്ല ദൈവത്തെപ്പറ്റിയുള്ള സർവ്വാംഗീകൃതമായ ധാരണകൾക്കെ തിരായിരിക്കുകയും ചെയ്യും. ദൈവം യാതൊരു ഏറ്റക്കുറച്ചിലുകളും വ്യത്യാസവുമില്ലാതെ ഒന്നിൽ മൂന്നാണെന്നും (Three in one) മൂന്നിൽ ഒന്നാണെന്നും (One in three) ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. നാം വിശ്വസിക്കണമെന്ന് പറയുന്ന ക്രിസ്ത്യാനികളുടെ ഈ വൈരുദ്ധ്യാത്മക സിദ്ധാന്തം ഒരാൾക്കെങ്ങനെ ഉൾക്കൊള്ളാനാവും? ഇങ്ങനെ സംഭവിക്കുന്നത്, സത്യസന്ധമായ വസ്തുതകൾക്ക് പകരം മിഥ്യാസങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസം കെട്ടിപ്പടുത്തതുകൊണ്ടാണ്.

പരിഹരിക്കപ്പെടേണ്ട മറ്റൊരു പ്രശ്നം, ദൈവത്തിന്റെ പുത്രനായ യേശു മറിയത്തിന്റെ ഗർഭപാത്രത്തിൽ നിന്നും ജനിച്ചതുകൊണ്ടാണ് ദൈവപുത്രനായതെങ്കിൽ അതിനു മുമ്പ് അദ്ദേഹത്തിന്റെ അവസ്ഥയെന്തായിരുന്നു? മറിയത്തിന്റെ ഉദരത്തിലൂടെയുള്ള ജനനമില്ലാതെ തന്നെ അദ്ദേഹം ദൈവത്തിന്റെ അനശ്വരനായ പുത്രനായിരുന്നുവെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിന് മനുഷ്യരൂപത്തിൽ ജന്മം നൽകേണ്ടിവന്നു? നശ്വരത എന്നത് പുത്രനുള്ള ഗുണത്തിന് ആവശ്യമായിരുന്നെങ്കിൽ ആ ഗുണം അദ്ദേഹം മനുഷ്യനായി ജനിച്ചതിന് ശേഷം ലഭിച്ച അധിക ഗുണമായിരിക്കും. അദ്ദേഹം ശരീരം ഉപേക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കയറിപ്പോയപ്പോൾ പുത്രൻ എന്ന ആ ഗുണവും അപ്രത്യക്ഷമായിട്ടുണ്ടാകണമല്ലോ. മനുഷ്യന്റെ സാമാന്യയുക്തി നിരാകരിക്കുന്ന ഈ വിശ്വാസം നിരവധി സങ്കീർണതകളുയർത്തുന്നു. യേശുവിന്റെ ജനനത്തെപ്പറ്റി കുറച്ചു കൂടി ആദരണീയവും സത്യസന്ധവുമായ ഒരു വീക്ഷണം സ്വീകരിക്കണമെന്ന കാര്യത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതായത് പ്രത്യക്ഷത്തിൽ ഒളിഞ്ഞു കിടക്കുന്ന ചില പ്രകൃതി നിയമങ്ങളുടെ പ്രവർത്തനഫലമായി പ്രത്യേകമായ ഒരു സൃഷ്ടി പ്രക്രിയയിലൂടെയാണ് യേശുവിന് ദൈവം ജന്മം നൽകിയത്. യേശു ദൈവത്തിന്റെ ആലങ്കാരികമായി മാത്രമുള്ള പുത്രനാണ്. ദൈവം അദ്ദേഹത്തെ പ്രത്യേകമായി സ്നേഹിച്ചു. പക്ഷേ, അദ്ദേഹം എല്ലാം കൊണ്ടും ഒരു മനുഷ്യൻ മാത്രമായിരുന്നു. യേശുവിനെ ഇതിഹാസരൂപിയാക്കാൻ പുത്രപദവി മൂന്നൂറ് കൊല്ലത്തിനുശേഷം അദ്ദേഹത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണ്. ●

## അല്ലാഹുവിന്റെ ഇഷ്ടജനങ്ങൾ

ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗ്ഗത്തിൽ ധനം ചിലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് മാപ്പ് ചെയ്തുകൊടുക്കുന്നവനുമത്രെ അവർ. അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു.

***(ഖുർആൻ: 3:135)***

***(9-ൽ നിന്ന് തുടർച്ച)***

നാശവും കഠിനമായ ആഘാതവും കൊണ്ട് നീ ദുഃഖിതനും ഉദാസീനനും ആകരുത്. കാരണം നിങ്ങളിൽനിന്ന് രണ്ടുപേർ വധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അല്ലാഹു നിങ്ങളോടൊപ്പമാണ്. അവൻ രണ്ടുപേർക്ക് പകരം ഒരു ജനവിഭാഗത്തെ നിങ്ങളുടെയടുക്കൽ കൊണ്ടുവരും. അവൻ തന്റെ ദാസന്മാർക്ക് മതിയായവനാണ്. അല്ലാഹു എല്ലാ ഓരോ വസ്തുവിന്റേയും മേൽ കഴിവുള്ളവനാണെന്ന് നിനക്കറിയില്ലേ? ●

ലേഖനം

# ശിക്ഷാരക്ഷകൾ നിത്യമോ?

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)**

പരലോകത്തെ സംബന്ധിച്ച ഒരു പ്രശ്നം ശിക്ഷാരക്ഷകൾ നിത്യമാണോ എന്നുള്ളതാണ്. ഈ ചോദ്യത്തിന് ഇസ്ലാം നൽകുന്ന ഉത്തരം സ്വർഗ്ഗം നിത്യമായിരിക്കുമെങ്കിലും നരകശിക്ഷ ശാശ്വതമല്ല എന്നുള്ളതാണ്. എല്ലാ മനുഷ്യരെയും ദൈവികഗുണങ്ങളുടെ പൂർണമായ പ്രതിഫലനങ്ങളായിത്തീരുന്നതിന്നുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെന്നാണ് ഖുർആൻ പറയുന്നത് എന്നിരിക്കെ ഒരു വിഭാഗം ആളുകൾ നരകത്തിൽ കാലാകാലം കത്തിയെരിയുമെന്നാണെങ്കിൽ അവരിൽ ദൈവികഗുണങ്ങൾ വെളിപ്പെടുന്നത് എങ്ങനെ?

സ്വർഗ്ഗാനുഗ്രഹങ്ങൾ നിത്യമായിരിക്കുമെങ്കിലും നരകശിക്ഷ അപ്രകാരമായിരിക്കയില്ലെന്ന് ഖുർആൻ വ്യക്തമാക്കിത്തരുന്നുണ്ട്. നരകം ദൈവേച്ഛയാലും അവന്റെ കാരുണ്യാതിരേകത്താലും ഒടുവിൽ അവസാനിച്ചുപോകുന്നു. എന്തുകൊണ്ടെന്നാൽ, ദൈവകാരുണ്യം അവന്റെ ക്രോധത്തെ അതിവർത്തിക്കുന്നു. വികൃതികൾ മനുഷ്യന്റെ ബലഹീനതയുടെ വീക്ഷണത്തിൽ ശാശ്വതമെന്ന് പറയാവുന്നത്രയും നീണ്ട ഒരു നിശ്ചിത കാലം വരെ ദൈവത്തിന്റെ ക്രോധം അനുഭവിച്ചറിയുമെങ്കിലും ഒടുവിൽ അവന്റെ കാരുണ്യാതിരേകം അവരിലും പ്രവർത്തിച്ചു തുടങ്ങുന്നതാണ്. തിരുനബി (സ) ഇപ്രകാരം പറയുന്നു.

“നരകത്തിൽ ആരുംതന്നെ ഇല്ലാത്ത ഒരു കാലം അതിന്നു വന്നെത്തും. തണുത്തകാറ്റ് അതിന്റെ കവാടങ്ങളെ കുലുക്കിക്കൊണ്ടിരിക്കും.”

നിത്യനരകം എന്ന ആശയം പാപികളെ ദൈവം ശിക്ഷിക്കുന്നതെങ്ങനെയെന്നതു സംബന്ധിച്ച അറിവുകേടിൽനിന്ന് ഉണ്ടായതത്രെ. മനുഷ്യൻ സ്വന്തം വികൃതിയിൽ നിന്നുതന്നെ തന്റെ ശിക്ഷയ്ക്ക് രൂപം നൽകുകയാണെന്നും, ഒരാളിലും തന്റെ ശിക്ഷ ഏൽപിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ലെന്നും അവൻ പരമകാരുണികനാണെന്നും ആദ്യമേ പറഞ്ഞുകഴിഞ്ഞു. മനുഷ്യൻ തന്റെ ആത്മീയശക്തിയെ അപകടപ്പെടുത്തുമ്പോൾ, പരലോകത്ത് അവന് സമ്മാനിച്ചരുളപ്പെടുന്ന അനുഗ്രഹങ്ങളെകുറിച്ചു അവന്നു മനസ്സിലാക്കാൻ ആകുന്നില്ല എന്നതിനാൽ അവൻ ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. എന്നാൽ ദൈവം അവന്റെ കാരുണ്യവായ്പിനാൽ രോഗങ്ങൾ ചികിത്സിച്ച് സുഖപ്പെടുത്താവുന്നതാണെന്ന ഒരു നിയമം നടപ്പാക്കി. തന്നിമിത്തം ജഡികമായ രോഗങ്ങൾ ചികിത്സിച്ചു ഭേദപ്പെടുത്താവുന്നതാണെന്നതുപോലെ പരലോകത്തുവെച്ച് അനുഭവിക്കേണ്ടിവരുന്ന ശിക്ഷകൾ മുഖേന ഒരു ദുഷ്കർമി ചികിത്സിക്കപ്പെടുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്യുന്നതോടെ സ്വർഗ്ഗീയാനുഗ്രഹങ്ങൾ ആസ്വദിക്കാൻ പ്രാപ്തനായിമാറുന്നു. അപ്പോൾ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുകയും മനുഷ്യനെ ദൈവം സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം നിറവേറുകയും മനുഷ്യൻ എന്തിന്നുവേണ്ടി സൃഷ്ടിക്കപ്പെട്ടുവോ ആ സ്ഥാനം അവൻ പ്രാപിക്കുമാറാകയും ചെയ്യും. ●

# മനുഷ്യൻ ഉത്തമനായിരിക്കുവാൻ എന്തു ചെയ്യണം

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി (സ) അരുൾ ചെയ്തു. ‘ഓ! അബൂഹുറൈറ! സൂക്ഷ്മതയുള്ളവനാകുക. എന്നാൽ നീ ആരാധകരിൽ ഉത്തമനായിരിക്കും. ഉള്ളതുകൊണ്ട് തൃപ്തനാകുക. എന്നാൽ നീ ഏറ്റവും നന്ദിയുള്ളവനാകും. നീ സ്വയം ഇഷ്ടപ്പെടുന്നത് മറ്റു മനുഷ്യർക്കുവേണ്ടി ഇഷ്ടപ്പെടുക. എന്നാൽ നീ വിശ്വാസിയാകും. അയൽവാസികളെ നല്ല രീതിയിൽ ഉപചരിക്കുക. എന്നാൽ നീ മുസ്ലിമാകും. നീ അമിതമായി ചിരിക്കരുത്. ചിരിയുടെ വർധനവ് ഹൃദയത്തെ മരിപ്പിക്കും.’ ●

**(ഇബ്നുമാജ)**

ലേഖനം

# കഅ്ബ

റഷീദ. എച്.

## അല്ലാഹുവിനെ ആരാധിക്കാനായി ഭൂമിയിൽ പണിത പ്രഥമ മന്ദിരമാണ് കഅ്ബ. കഅ്ബയുടെ ചരിത്രത്തെപറ്റി

40 അടി നീളം 35 അടി വീതി 50 അടി ഉയരവുമുള്ള ഘനചതുരാകൃതിയിലുള്ള ഒരു ഘടനയാണ് കഅ്ബയുടേത്. അകത്തളം ശൂന്യമാണ്. കഅ്ബയുടെ ഒരു മൂലയിലാണ് ഹജ്റുൽ അസ്വദ് സ്ഥാപിച്ചിരിക്കുന്നത്. കഅ്ബ ഇസ്‌ലാമിന്റെ ഭൗതിക കേന്ദ്രമാണ്. ദൈവത്തിന്റെ പ്രഥമ ഭവനം എന്ന നിലക്ക് കഅ്ബ അങ്ങേയറ്റത്തെ ആദരം അർഹിക്കുന്നു. ആദ്യ പ്രവാചകനായ ഹദ്റത്ത് ആദം(അ) മാണ് കഅ്ബ പണിതതെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. കുറച്ചു കാലത്തേക്ക് ആദം(അ)മിന്റെ സന്താനങ്ങളായിരുന്നു കഅ്ബയിൽ ആരാധന നടത്തിയിരുന്നത്. പിൽക്കാലത്ത് ആദമിന്റെ സന്തതിപരമ്പരകൾ വിഘടിച്ചു പോകുകയും ഭൂമിയുടെ പലഭാഗങ്ങളിലും ആരാധനാകേന്ദ്രങ്ങൾ പണിയുകയും ചെയ്തു. ഖുർആനും അത് പോലെ പ്രബലമായ ഹദീസുകളും? കഅ്ബ പഴയ ഒരസ്ഥിവാരത്തിൽ പുതുക്കി പണിതത് ഇബ്രാഹിം നബി (അ)യും മകൻ ഇസ്മായീലുമാണ് (അ). അതിന് മുമ്പുണ്ടായിരുന്ന കഅ്ബ എന്തോ കാരണവശാൽ അസ്ഥിവാരമൊഴികെ ബാക്കി നശിച്ചു പോയിരുന്നു.

നാലായിരം വർഷങ്ങൾക്ക് മുമ്പ് ദൈവികാജ്ഞപ്രകാരം ഇബ്രാഹിം നബി(അ) അത് പുതുക്കിപണിതു. അദ്ദേഹത്തിന്റെ മകൻ ഇസ്മായിൽ നബി(അ)മിന്റെ മക്കൾ കഅ്ബയെ കേന്ദ്രമാക്കി ആരാധനകൾ നിർവ്വഹിച്ചുവന്നു. കാലക്രമേണ കഅ്ബ ബിംബാരാധനയുടെ കേന്ദ്രമായി തീരുകയാണുണ്ടായത്. 360 ദിവസങ്ങളെ പ്രതിനിധീകരിച്ച് അവിടെ 360 വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. മുഹമ്മദ് നബി(സ) ആഗമനത്തോടെ കഅ്ബ വീണ്ടും എല്ലാ ജനങ്ങൾക്കും ദൈവത്തെ ആരാധിക്കാനുള്ള കേന്ദ്രമായി തീരുകയുണ്ടായി. ആദംനബി (അ)ക്ക് ശേഷം ഭിന്നിച്ചുപോയ മനുഷ്യസമുദായത്തിനെ ഒന്നിച്ച് ചേർത്ത് ആരാധിക്കാനുള്ള ഒരിടമാക്കി കഅ്ബയെ മാറ്റിയത് മുഹമ്മദ് നബി(സ)യാണ്.

ക്രി. വ. 570ൽ യമനിലെ ക്രിസ്തീയരാജാവായിരുന്ന അബ്റഹത്ത് കഅ്ബ നശിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ആനപ്പടയുടെ നേതൃത്വത്തിൽ കഅ്ബ ആക്രമിക്കുകയുണ്ടായി. ആയതിനാൽ അറേബ്യൻ ചരിത്രത്തിൽ ഈ വർഷത്തെ (570)നെ 'ആനയുടെ വർഷം' എന്നാണ് പറയുന്നത്. അബ്റഹത്ത് തന്റെ ഉദ്യമത്തിൽ വിജയിച്ചില്ല. അദ്ദേഹത്തിന്റെ സൈന്യത്തെ മാരകമായ ഒരു പകർച്ച വ്യാധിയും കൊടുങ്കാറ്റും വന്ന് നശിപ്പിച്ചുകളഞ്ഞു. ഈ സംഭവത്തെപറ്റി പ്രത്യേകമായി സൂറ: ഫീൽ വിവരിക്കുന്നു.

'നിന്റെ നാഥൻ ആ ആനകളുടെ ആളുകളുമായി എങ്ങിനെ പെരുമാറിയെന്ന് നീ കണ്ടില്ലേ? അവരുടെ കുതന്ത്രങ്ങളെ അവൻ പാഴാക്കിയില്ലെ. അവരുടെ മേൽ കൂട്ടംകൂട്ടമായി പക്ഷികളെ അവനയക്കുകയും ചെയ്തു. അവ ചുട്ട കളിമൺകല്ലുകളിൻ മേൽ അവരെ എടുത്തടിക്കുന്നുണ്ടായിരുന്നു. അങ്ങനെ അവൻ അവരെ (കന്നുകാലികളിൽ നിന്നു മെതിക്കപ്പെട്ട) വൈക്കോൽ പോലെ ആക്കപ്പെട്ടു.' (105:1–6)

ഈ വർഷം തന്നെയാണ് റസൂൽ തിരുമേനി(സ) ജനിച്ചത്. ആ സമയത്ത് തിരുമേനി(സ)യുടെ പിതാമഹൻ അബ്ദുൽ മുത്തലിബ് ആയിരുന്നു ഖുറൈശികളുടെ ഗോത്രത്തലവനും കഅ്ബയുടെ സൂക്ഷിപ്പുകാരനും മക്കയിലെ മുഖ്യനും.

റസൂൽതിരുമേനി(സ)ക്ക് 35 വയസ്സ് പ്രായമായപ്പോഴുണ്ടായ കഅ്ബയോടു ബന്ധപ്പെട്ടുണ്ടായ ഒരു തർക്കപ്രശ്നവും അതിന്റെ വിധി തീർപ്പും തിരുമേനി(സ)യുടെ സമാധാന വാഞ്ചയേയും സംഘർഷം ഒഴിവാക്കാനുള്ള അഭിനിവേശത്തിന്റേയും നിദർശനമാണ്. കഅ്ബയുടെ മതിലിൽ ഒരു വിള്ളൽ പ്രത്യക്ഷമായപ്പോൾ അത് പുതുക്കിപണിയാൻ മക്കയിലെ ഖുറൈശികൾ തീരുമാനിച്ചു. ഖുറൈശി ഗോത്രത്തിലെ എല്ലാ കുടുംബങ്ങളും ഇതിൽ സഹകരിച്ചു. തറയിൽ നിന്നും മതിലുയർന്നു. 'ഹജറുൽ അസ്വദ് സ്ഥാപിക്കേണ്ടഘട്ടം എത്തി.

അപ്പോഴേയ്ക്കും ഖുറൈശികൾക്കിടയിലെ നാലു പ്രമുഖ കുടുംബങ്ങൾ അവിടെ ഹജറുൽ അസ്വദ്' വെക്കുന്നതിനെച്ചൊല്ലി വാഗ്വാദങ്ങളും വിയോജിപ്പും ഉടലെടുത്തു' ഖുറൈശികളിലെ ഓരോ കുടുംബത്തിനും ഈ കർമ്മം നിർവ്വഹിക്കാനുള്ള യോഗ്യതയേയും അർഹതയേയും ചൊല്ലിയായിരുന്നു കലഹം പൊട്ടിപുറപ്പെട്ടത്. അങ്ങനെ കഅ്ബയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചു. ഖുറൈശികൾ യോഗം ചേർന്നു. കഅ്ബയുടെ അങ്കണത്തിലേക്ക് ആദ്യം കടന്നുവരുന്ന വ്യക്തിയെ ഈ പ്രശ്നത്തിന് തീർപ്പ് കൽപ്പിക്കാനേൽപ്പിക്കാമെന്ന് അവർ തീരുമാനിച്ചു. നബി തിരുമേനി(സ)യാണ് ആദ്യമായി എത്തിയത്. റസൂൽ തിരുമേനി(സ)യെ അവർ തങ്ങളുടെ പ്രശ്നം ധരിപ്പിച്ചു. അവിടുന്ന് പ്രശ്നത്തിന്റെ കാതൽ ഉടൻ ഗ്രഹിച്ചു. അദ്ദേഹം തന്റെ മേൽമുണ്ട് നിലത്ത് വിരിച്ചു. 'കറുത്തകല്ല്' അതിൽ വെക്കുവാൻ നിർദ്ദേശിച്ചു. അതിന്റെ നാലു മൂലയും പിടിക്കുവാൻ ഖുറൈശികളിലെ നാല് പ്രമുഖ കുടുംബങ്ങളോട് നിർദ്ദേശിച്ചു. റസൂൽ തിരുമേനി(സ)യുടെ സമയോചിതവും യുക്തിപൂർണ്ണവുമായ തീരുമാനത്തിലൂടെ ഖുറൈശികളുടെയെല്ലാം സമ്മതത്തോടെ സംഘർഷഭരിതമായ ആ പ്രശ്നത്തിന് പരിഹാരമുണ്ടായി.

ഹജ്റുൽ അസ്വദിന്റെ (കറുത്ത കല്ലിന്റെ) യഥാർത്ഥ ചരിത്രം ആർക്കും അറിയില്ല. ദൈവത്തിന്റെ ആജ്ഞയാൽ ഇബ്രാഹി (അ) നബിയും ഇസ്മായിൽ നബി(അ)യും കഅ്ബ പുതുക്കി പണിയുമ്പോൾ ഹജ്റുൽ അസ്വദ് അവിടെയുണ്ടായിരുന്നു. ഇബ്രാഹിം നബി (അ)ക്ക് നൂറ്റാണ്ടുകൾ മുമ്പുതന്നെ കഅ്ബ ഒരു ആരാധനാലയമായി അറിയപ്പെടുന്നു. ഹജറുൽ അസ്വദ് കഅ്ബയുടെ ഭാഗം തന്നെയായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ കഅ്ബ നശിക്കുകയുണ്ടായി. അതിന്റെ അടിത്തറയോടൊപ്പം ഹജ്റുൽ അസ്വദും കണ്ടെടുക്കപ്പെടുകയാണുണ്ടായത്. തറയിൽ നിന്നും ഉയരത്തിൽ ഒരു മൂലയിലായിരുന്നു ഈ കല്ല് സ്ഥിതിചെയ്തിരുന്നത്.

തീർച്ചയായും കഅ്ബ പോലെ തന്നെ ഹജ്റുൽ അസ്വദിനെയും ആളുകൾ ബഹുമാനിച്ചിരുന്നു. ഹജ്റുൽ അസ്വദ് ഒരിക്കലും തന്നെ ആത്മീയാർത്ഥത്തിൽ യാതൊരു പ്രാധാന്യവും ഇല്ല എന്ന കാര്യം പ്രത്യേകം ഓർക്കണം. ഹജ്ജ് തീർത്ഥാടന വേളയിൽ ഹാജിമാർ അതിനെ തൊട്ടു ചുംമ്പിക്കാറുണ്ട്. റസൂൽ തിരുമേനി (സ) കഅ്ബയുടെ ഒരു പ്രദക്ഷിണം പൂർത്തിയാക്കിയത് എണ്ണി കണക്കാക്കാൻ വേണ്ടിയായിരുന്നു ഇങ്ങിനെ ചെയ്തിരുന്നത്. അതിന് എന്തെങ്കിലും ആത്മീയ പ്രാധാന്യം ഉള്ളത് കൊണ്ടായിരുന്നില്ല. കഅ്ബയോടുള്ള റസൂൽ തിരുമേനി (സ) യുടെ സ്നേഹവികാരം പ്രകടിപ്പിക്കാനായിരുന്നു അത്. ഇബ്രാഹിം നബിയും (അ) ഇസ്മായീൽ നബിയും കൂടിയായിരുന്നല്ലോ കഅ്ബ പണിതത്. അന്ന് മുതൽ കഅ്ബ ഏകദൈവാരാധനക്കായി സമർപ്പിക്കപ്പെട്ടു. റസൂൽതിരുമേനി ഇങ്ങിനെ ഹജ്റുൽ അസ്വദിനെ ചുംബിച്ചതിനാൽ അതിന് എന്തെങ്കിലും പ്രത്യേകതകൾ ആരോപിക്കപ്പെടുമോ എന്ന് ഹദ്റത്ത് ഉമർ (റ) ഭയപ്പെട്ടിരുന്നു. ഒരിക്കൽ കഅ്ബയുടെ പ്രദക്ഷിണം പൂർത്തിയാക്കിയ ഹദ്റത്ത് ഉമർ (റ) പറയുകയുണ്ടായി. ഹജ്റുൽ അസ്വദ് വെറും ഒരു കല്ലാണെന്നനിക്കറിയാം. മറ്റ് കല്ലുകളിൽ നിന്ന് ഒരിക്കലും അത് വ്യത്യസ്തമല്ല. റസൂൽ തിരുമേനി (സ) ദൈവത്തിനു നന്ദി പ്രകടിപ്പിക്കാൻ വേണ്ടി അതിനെ തൊട്ടുമ്മ വെച്ച സ്മരണ എന്നിലില്ലായിരുന്നുവെങ്കിൽ ഞാനൊരിക്കലും അതിനെ ശ്രദ്ധിക്കുമായിരുന്നില്ല.

കഅ്ബയുടെ അരികിലേക്ക് ഏതെങ്കിലും ഭാഗത്ത് നിന്നും ആളുകൾ പ്രവേശിക്കുമ്പോൾ ഹജ്റുൽ അസ്വദ് വെച്ച മൂലയിൽ നിന്നുമാണ് ത്വവാഫ് ആരംഭിക്കുന്നത്. ചില പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ട് 7 തവണ കഅ്ബ പ്രദക്ഷിണം ചെയ്യലാണ് ത്വവാഫ്. അത് ആരംഭിക്കുകയും അവസാനിക്കുകയും ഹജ്റുൽ അസ്വദിനെ തൊട്ടു ചുംബിച്ചുകൊണ്ടാണ്.

ഹജ്ജ് കഴിവുള്ള ഓരോ മുസൽമാന്റെയും നിർബന്ധ കടമയാണ്. എല്ലാ മുസ്ലിംകളും കഅ്ബയെ അത്യധികം ആദരിക്കുന്നു. അവരുടെ അഞ്ച് നേരത്തെ നമസ്കാരങ്ങളിലും കഅ്ബയെ അഭിമുഖീകരിച്ചുകൊണ്ടാണ് നിർവ്വഹിക്കുന്നത്. കഅ്ബയെ ആവരണം ചെയ്ത തുണിയാണ് 'കിസ്വ'. അതിന് വളരെ വർണ്ണശബളിമയാർന്നതും ഉജ്ജ്വലവുമായ ഒരു ചരിത്രമുണ്ട്. കിസ്വയുടെ ചരിത്രാരംഭം എവിടെയാണെന്ന് പറയാൻ ബുദ്ധിമുട്ടുണ്ട്. ഇസ്ലാമിന് വളരെ മുമ്പു തന്നെ കിസ്വ കൊണ്ട് കഅ്ബ യെ മൂടുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇബ്റാഹിം നബി (അ)യുടെ മകനായ ഇസ്മായിൽ നബി (അ) യുടെ കാലം മുതൽക്കാണ് കിസ്വ സമ്പ്രദായം ഉണ്ടായതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. പക്ഷേ, ഇതിന് വ്യക്തമായ തെളിവുകളില്ല. ചിലരുടെ അഭിപ്രായ പ്രകാരം റസൂൽ തിരുമേനി (സ) യുടെ പിതൃ പരമ്പരയിലൊരാളായിരുന്ന അദ്നാനു ബ്നു ആദിന്റെ കാലത്താണ് കിസ്വാ സമ്പ്രദായം തുടങ്ങിയതെന്നാണ്. ഈ അവകാശവാദത്തിനും തെളിവുകളുടെ പിൻബലം കുറവാണ്. കിസ്വയെപറ്റി ചരിത്രപരമായി വ്യക്തതയുള്ള ഒരു രേഖ തബൂ കറാബ് അസ്വദിന്റേതാണ്. യമനിലെ ഹുമയൂറിലെ രാജാവായിരുന്നു അദ്ദേഹം. തബു ക്രി. വ. 400 ൽ, ഹിജ്റക്ക് 220 വർഷങ്ങൾക്കു മുമ്പ് യത്രിബ് (മദീന) പിടിച്ചെടുക്കയുണ്ടായി. അദ്ദേഹം മക്കയിൽ പ്രവേശിക്കുകയും ഉംറ നിർവ്വഹിക്കുകയും ചെയ്തു. അദ്ദേഹം 'കസഫ്' എന്ന് വിളിക്കപ്പെടുന്ന ഉണങ്ങിയ പനയോലകൾ വെച്ചു തുന്നികെട്ടിയുണ്ടാക്കിയ ഒരു ആവരണം കൊണ്ട് കഅ്ബയെ പുതപ്പിക്കുന്നതായി സ്വപ്നം കണ്ടിരുന്നു. അത് പ്രകാരമായിരുന്നു അദ്ദേഹം

കഅ്ബയെ പുതപ്പിക്കുന്ന സമ്പ്രദായത്തിന് തുടക്കം കുറിച്ചത്. പിന്നീട് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ കഅ്ബയെ സദാസമയവും കിസ്‌വ യിൽ പൊതിഞ്ഞിരുന്നു.

റസൂൽ തിരുമേനി (സ) മക്കാവിജയത്തിനു ശേഷം അദ്ദേഹം കഅ്ബയിലെ വിഗ്രഹങ്ങളെല്ലാം എടുത്തുമാറ്റി. പണ്ട് കഅ്ബ എപ്രകാരമായിരുന്നുവോ അപ്രകാരം അതിന്റെ വിശുദ്ധിയിലേക്കും ഏകദൈവ വിശ്വാസത്തിലേക്കും അതിനെ മടക്കിക്കൊണ്ടുവന്നു. ഹിജ്റയുടെ പത്താം വർഷം (ക്രി.വ. 630) മക്കയും മിനാ താഴ്‌വരയും അറഫാ പർവ്വത മൈതാനവും മക്കയിലെ പ്രാകൃത മതവിശ്വാസികളിൽ നിന്നും മോചിപ്പിച്ച് റസൂൽ തിരുമേനി (സ) ആദ്യത്തെ ഹജ്ജ് നിർവ്വഹിക്കുകയുണ്ടായി. അറേബ്യയുടെ നാനാഭാഗത്തു നിന്നുമായി ഒരു ലക്ഷത്തോളം ആളുകൾ ആ ഹജ്ജ് വേളയിൽ അവിടെ സന്നിഹിതരായി. നൂറ്റാണ്ടുകൾക്ക് ശേഷം കഅ്ബ വീണ്ടും ഏകദൈവരാധാനയുടെ കേന്ദ്രമായി. ഈ ഹജ്ജ് വേളയിൽ റസൂൽ തിരുമേനി (സ) ആദ്യമായി കഅ്ബയെ യമനിൽ നിന്നുള്ള കിസ്‌വ കൊണ്ട് പൊതിയുകയുണ്ടായി. ഹിജ്റ 13 (ക്രി. 634) ൽ ഖലീഫ ഉമർ ആണ് ആദ്യമായി ഈജിപ്തിൽ നിന്നുള്ള കിസ്‌വക്ക് ഓർഡർ നൽകിയത്. 'ഖബ്ബാതി' എന്ന് അറിയപ്പെടുന്ന തടിച്ച തുണിക്കൊണ്ട് നിർമ്മിച്ചതാണ് ഈജിപ്ഷ്യൻ കിസ്‌വ. എല്ലാ വർഷവും പഴയ കിസ്‌വ കഷ്ണങ്ങളായി മുറിച്ചെടുത്ത് ഹജ്ജ് തീർത്ഥാടകർക്ക് വിതരണം ചെയ്യാറുണ്ട്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് കിസ്‌വയിൽ 'അല്ലാഹു ഒഴികെ മറ്റൊരാരാധ്യനുമില്ല', 'അല്ലാഹു അനശ്വരനും കാരുണ്യവാനുമാണ്.' എന്നീ വചനങ്ങളെഴുതിയ കിസ്‌വയാ യിരുന്നു കഅ്ബക്ക് മുകളിൽ ആവരണം ചെയ്തിരുന്നത്.

ഒരു കാലഘട്ടത്തിൽ പഴയ കിസ്‌വ മാറ്റാതെ തന്നെ അതിനുമുകളിൽ പുതിയ കിസ്‌വ പുതപ്പിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. അബ്ബാസിയാ ഖലീഫയായിരുന്ന അൽമഹ്ദി യുടെ കാലം വരെ ഈ സമ്പ്രദായം തുടർന്നു. ഹിജ്റ വർഷം 160ൽ (ക്രി. വ. 775) അദ്ദേഹം ഹജ്ജ് കർമ്മം നിർവ്വഹിക്കാനെത്തിയപ്പോൾ കഅ്ബക്ക് മുകളിൽ കുന്നുകൂടിക്കിടക്കുന്ന കിസ്‌വകൾ കഅ്ബക്ക് തന്നെ കേടുപാടുകൾ വരുത്തിയേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. കഅ്ബക്ക് മീതെ ഒരു കിസ്‌വ മാത്രമേ പാടുള്ളുവെന്ന് അദ്ദേഹം ഉത്തരവിട്ടു. അതിനുശേഷം ആ സമ്പ്രദായം തന്നെയാണ് തുടർന്ന് വരുന്നത്.

കിസ്‌വയുടെ നിറം കാലാകാലങ്ങളിൽ മാറിവന്നിട്ടുണ്ട്. ഹിജ്റ 198–128 വരെ ഭരിച്ചിരുന്ന അൽമാമൂൻ (ക്രിവ. 813–833) ചുകപ്പ് കിസ്‌വ കൊണ്ടാണ് കഅ്ബയെ പുതപ്പിച്ചത്. മഹാനായ സലാഹുദ്ദീൻ അയ്യൂബിയുടെയും, ഖലീഫ അൽനാസിർ അബ്ബാസിയുടെയും കാലത്ത് അത് കറുപ്പായി മാറി. ഇപ്പോഴും കറുപ്പ് നിറത്തിലുള്ള കിസ്‌വ കൊണ്ടാണ് കഅ്ബയെ ആവരണം ചെയ്യാറ്.

നൂറ്റാണ്ടുകളോളം ഈജിപ്തിൽ നിന്നായിരുന്നു കിസ്‌വ കൊ ണ്ടുവന്നത്. 15 ഒട്ടകങ്ങൾ കിസ്‌വയുടെ പല ഭാഗങ്ങൾ വഹിച്ചിരുന്ന 'മഹ്മൽ' എന്ന് വിളിക്കപ്പെടുന്ന ഒരു പ്രത്യേക മഞ്ചം ഈ ഒട്ടകസംഘത്തിനു മുമ്പിൽ ഉണ്ടാകുമായിരുന്നു. ഹജ്ജ് നാളിൽ കഅ്ബയെ പുതപ്പിക്കാനായി ഈജിപ്തിൽ നിന്നും കിസ്‌വയുടെ എഴുന്നള്ളിപ്പ് വമ്പിച്ച ഒരു ആഘോഷമായിരുന്നു. അത് മക്കയിലെത്തുമ്പോൾ സംഗീതവാദ്യങ്ങളോടെയും ആഹ്ലാദ പ്രകടനങ്ങളോടെയും എതിരേൽക്കുകയും ചെയ്യുമായിരുന്നു. 1924ൽ സഊദുബ്‌ന അബ്ദുൽ അസീസ് മക്കയുടെ ഭരണാധികാരം പിടിച്ചെടുത്തപ്പോൾ സംഗീതവും നൃത്തവും. കിസ്‌വാ വരവേൽപ്പിൽ നിരോധിക്കപ്പെട്ടു. ഇസ്‌ലാമിന് വിരുദ്ധമായ സംഗീതവും നൃത്തവും ഇബ്നു സഊദ് നിരോധിച്ചതിന്റെ പേരിൽ ഈജിപ്തിൽ നിന്നും കിസ്‌വയുമായി വരുമ്പോൾ സംഘർഷങ്ങളും പതിവായി. അവസാനം കിസ്‌വ ഈജിപ്തിൽ നിന്നും കൊണ്ടുവരുന്നത് നിർത്തുകയാണുണ്ടായത്. അബ്ദുൽ അസീസ് രാജാവ് ഇതിനായി 'ഹോളി കഅ്ബ ഫാക്റ്ററി' എന്ന പേരിൽ ഒരു വ്യവസായശാല സ്ഥാപിക്കുകയുണ്ടായി. 1927 മുതൽ ഈ ഫാക്റ്ററിയിൽ വെച്ചാണ് മക്കൻ നിർമ്മിത കിസ്‌വ നിർമ്മിച്ചുതുടങ്ങിയത്. പിന്നീടുള്ള 10 വർഷം അത് തുടർന്നു.

1939ൽ ഈജിപ്തും സഊദി അറേബ്യയും തമ്മിലുള്ള രാഷ്ട്രീയ പിണക്കങ്ങൾ മാറി വീണ്ടും കിസ്‌വ ഈജിപ്തിൽ നിന്നും കൊണ്ടുവരാനാരംഭിച്ചു. 1962ൽ രാഷ്ട്രീയ പ്രശ്നങ്ങളുണ്ടാവുന്നതു വരെ ഈ നില തുടർന്നു. 1962ൽ വീണ്ടും കിസ്‌വ മക്കയിൽ തന്നെ നിർമ്മിക്കാനാരംഭിച്ചു മുസ്‌ലിം ഭരണാധികാരികളുടെ മനോനിലപാടുകൾ കിസ്‌വയുടെ നിർമ്മാണത്തെ ബാധിക്കാൻ പാടില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് കിസ്‌വ ഇനി മുതൽ മക്കത്ത് നിന്ന് തന്നെ നിർമ്മിക്കുമെന്ന് സഊദി അറേബ്യ പ്രഖ്യാപിക്കുകയുണ്ടായി.

എല്ലാവർഷവും 17 ദശലക്ഷം സഊദി റിയാൽ ചിലവാക്കിയാണ് കിസ്‌വ നിർമ്മിക്കുന്നത്. 670 കിലോഗ്രാം ശുദ്ധമായ വെള്ളപ്പട്ടാണ് ഇതിനുപയോഗിക്കുന്നത്. പിന്നീട് അത് കറുപ്പ് വർണ്ണത്തിൽ ചായം മുക്കുന്നു. 47 കഷ്ണങ്ങളാണ് കിസ്‌വക്കുള്ളത്. ഓരോ കഷ്ണത്തിനും 14 മീറ്റർ നീളവും 95 സെ.മീ. വീതിയുമുണ്ട്. കിസ്‌വയുടെ നാല് മൂലകളിലായി ഇഖ്‌ലാസ്' സൂറത്ത്. സ്വർണ്ണ നൂലുകളിൽ എഴുതിപ്പിടിപ്പിക്കുന്നു. കിസ്‌വയുടെ അടിഭാഗത്ത് 16 വരികളിലായി ഖുർആൻ വചനങ്ങൾ കാണാം. 120 കിലോഗ്രാം ശുദ്ധസ്വർണ്ണത്തിന്റേയും വെള്ളിയുടേയും നൂൽ ഉപയോഗിച്ച് സങ്കീർണ്ണമായ കാലിഗ്രാഫിയിലാണ് ഇത് ആലേഖനം ചെയ്യാറ്. സ്വർണ്ണത്തിന്റേയും വെള്ളിയുടേയും അനുപാതം 1:4 ആണ്. സ്വർണ്ണ നൂലിലും വെള്ളി

നൂലിലും ആലേഖനം ചെയ്ത ഖുർആൻ സൂക്തങ്ങളിൽ അറേബ്യയിലെ കത്തുന്ന ഉച്ചസൂര്യൻ മുത്തമിടുമ്പോൾ പ്രകാശധാവള്യത്തിന്റെ ഒരു ജല രംഗം അവിടെ സൃഷ്ടിക്കപ്പെടുന്നു. രാത്രിയിൽ കഅ്ബത്തിനു ചുറ്റുമുള്ള ഗ്രാന്റ് മോസ്ക്കിൽ നിന്നുള്ള ആലക്തിക ദീപപ്രഭയിൽ കിസ്‌വ വെട്ടിത്തിളങ്ങുന്നു. വിശ്വാസികളുടെ ആത്മാവിൽ നിർവൃതിയുണ്ടാക്കുന്നതാണ് കഅ്ബയുടെ ദൃശ്യസൗന്ദര്യവും അതിന്റെ കാഴ്ച അവാച്യമായ അനുഭൂതിയാണ് പകരുക. കണ്ണുകൾ ഇമവെട്ടാതെ നോക്കിനിന്ന് ഈ അലൗകിക ദൃശ്യം ആവോളം ആസ്വദിക്കാൻ ഹാജിമാർക്ക് സന്ദർഭം ലഭിക്കുന്നു.

കഅ്ബയുടെ അകത്തളം കടുത്ത ഹരിതവർണ്ണ പട്ടുകൊണ്ടാണ് അലങ്കരിച്ചത്. ആ പട്ടിൽ നിറയെ ഖുർആനിക വചനങ്ങളാണ് ആലേഖനം ചെയ്തിരിക്കുന്നു. കഅ്ബയുടെ കട്ടി സ്വർണ്ണവാതിൽ രണ്ട് മീറ്റർ തറനിരപ്പിൽ നിന്ന് ഉയരത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്. മരം കൊണ്ടുണ്ടാക്കിയ ഒരു ഏണി ഉപയോഗിച്ചാണ് കഅ്ബയുടെ വാതിലിലേക്ക് പ്രവേശിക്കുക. അപൂർവ്വമായി സഊദി രാജാവും മറ്റു വിശിഷ്ട അതിഥികൾക്കുമായി മാത്രമേ കഅ്ബയുടെ വാതിൽ തുറക്കാറുള്ളൂ. അങ്ങിനെ ക്ഷണിക്കപ്പെട്ട വിശിഷ്ട വ്യക്തികളിലൊരാളായിരുന്നു സർ സഫറുല്ലാഹ് ഖാൻ. അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിലെ ഒരു പ്രമുഖാംഗമാണ്. സർ സഫറുല്ലാഹ് ഖാൻ 1947 മുതൽ പാകിസ്താൻ വിദേശകാര്യമന്ത്രിയായിരുന്നു. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിലേക്ക് വർഷങ്ങളോളം പാകിസ്താൻ പ്രതിനിധി സംഘത്തെ നയിച്ചത് അദ്ദേഹമാണ്. 17ാം ജനറൽ അസംബ്ലിയുടെ പ്രസിഡണ്ടും അദ്ദേഹമായിരുന്നു. അതിനുശേഷം അദ്ദേഹം ഹേഗിലെ അന്താരാഷ്ട്രാകോടതിയുടെ ജഡ്ജിയായും സേവനമനുഷ്ഠിക്കുകയുണ്ടായി. ലോകപ്രശസ്തനായ ഈ മഹാപണ്ഡിതൻ ലളിതവും മാതൃകാപരവുമായ ഇസ്‌ലാമിക ജീവിതം നയിച്ച ഒരു അഹ്മദിയായിരുന്നു. 1958ൽ അദ്ദേഹം ഉംറ നിർവ്വഹിക്കാൻ മക്ക ത്ത് വരികയുണ്ടായി. അപ്പോൾ മദീനയും സന്ദർശിച്ചു. ഫൈസൽ രാജകുമാരന്റെ സുഹൃത്തായിരുന്നു അദ്ദേഹം. ഫൈസൽ അപ്പോൾ സഊദി വിദേശകാര്യ മന്ത്രിയുമായിരുന്നു. സഫറുല്ലാഹ്ഖാൻ പാകിസ്താൻ വിദേശകാര്യമന്ത്രിയായിരിക്കുമ്പോൾ ഫൈസൽ പാകിസ്താൻ സന്ദർശിക്കുകയുണ്ടായി. പാകിസ്താനിൽ സഫറുല്ലാഹ് ഖാന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണമായിരുന്നു നൽകിയിരുന്നത്. അപ്രകാരം തന്നെ സഊദി അറേബ്യ സർ സഫറുല്ലാഹ് ഖാനേയും രാജോചിതം സ്വീകരിക്കുകയുണ്ടായി. സഫറുല്ലാഹ്ഖാനെ കഅ്ബക്കകത്ത് പ്രവേശിക്കാൻ അനുവദിക്കുകയും അദ്ദേഹം അവിടെ വെച്ച് രണ്ട് റക്അത്ത് നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടാമത്തെ മക്കാ സന്ദർശനം 1967ലാണ്. അവിടെ വെച്ച് അദ്ദേഹം ഹജ്ജും ഉംറയും നിർവ്വഹിച്ചു. അദ്ദേഹം ഫൈസൽ രാജാവിന്റെ അതിഥിയായിട്ടായിരുന്നു ഹജ്ജ് നിർവ്വഹിച്ചത് *.

വർഷത്തിൽ രണ്ട് തവണ ശഹഅ്ബാൻ, ദുൽഹജ്ജ് മാസങ്ങളിൽ കഅ്ബ പനിനീരും, ചന്ദനവും കലർന്ന വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കുന്നു. കഅ്ബ കഴുകിവൃത്തിയാക്കുന്ന ചടങ്ങ് നിർവ്വഹിക്കുന്നതിന് രാജാവോ രാജാവിനെ പ്രതിനിധീകരിച്ചുകൊണ്ട് മക്കാഗവർണരോ ആയിരിക്കും പങ്കെടുക്കുക. ഇപ്പോൾ ആ കർമ്മം നിർവ്വഹിക്കുന്നത് രണ്ട് പള്ളികളുടെയും രക്ഷാധികാരി എന്നറിയപ്പെടുന്ന രാജാ വ് തന്നെയാണ്. ഹജ്ജ് മാസത്തിലെ കഴുകൽ ഹജ്ജിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പാണ് നിർവ്വഹിക്കുക. അപ്പോഴാണ് പുതിയ കിസ്‌വ കഅ്ബ യെ അണിയിക്കാറ്. അപ്പോൾ നീക്കം ചെയ്യപ്പെടുന്ന കിസ്‌വ ചെറിയ കഷ്ണങ്ങളാക്കി മുസ്‌ലിം നയതന്ത്രപ്രതിനിധികൾക്കും മറ്റു വ്യക്തികൾക്കും ലോകത്തിലെ പ്രമുഖ മുസ്‌ലിം സ്ഥാപനങ്ങൾക്കും നൽകുന്നു. ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭയുടെ പ്രതിനിധികൾക്കായുള്ള സ്വീകരണമുറിയിൽ സിതാറ (കഅ്ബയുടെ വാതിൽ പൊതിയുന്ന നാല് തുണികളിലൊന്ന്) കൊണ്ടാണ് അലങ്കരിച്ചിട്ടുള്ളത്. അതിന് 2.5 മീറ്റർ വീതി യും 9 മീറ്റർ നീളവുമുണ്ട്.

കിസ്‌വക്ക് ഇസ്‌ലാമിൽ മതപരമായി യാതൊരുവിധ പ്രാധാന്യവുമില്ല. പക്ഷേ കഅ്ബയോടുള്ള മുസ്‌ലിംകളുടെ അളവറ്റ ആദരവും അതിനോടുള്ള ബഹുമാനവും നിഷ്കളങ്ക സ്നേഹവുമാണ് ഉന്നതനിലവാരത്തിൽ കഅ്ബയെ അലങ്കരിക്കാൻ അവരെ ഉത്സുകരാക്കുന്നത്. അല്ലാഹുവിന്റെ ഗേഹത്തെ അതിന്റെ പ്രതാപത്തിന് അനുയോജ്യമായ നിലയിൽ അലങ്കരിക്കാൻ മുസ്‌ലിംകൾ ആഗ്രഹിക്കുന്നു.

ഭൂമിയിലെ എല്ലാ സ്ഥലവും അല്ലാഹുവിനെ ആരാധിക്കാനുള്ള ഇടങ്ങളാണ്. പക്ഷേ കഅ്ബക്ക് അതിന്റേതായ പ്രത്യേകതകളുണ്ട്. ഖുർആൻ പ്രഖ്യാപിക്കുന്നു.

***'സമസ്ത മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമമന്ദിരവും മക്കയിലുള്ളത് തന്നെയാണ് (അത്) അനുഗ്രഹീതവും സർവ്വലോകർക്കുമുള്ള മാർഗ്ഗദർശകവുമത്രെ*** (3:97).

അല്ലാഹുവിന്റെ ഗേഹം എന്ന് വിളിക്കപ്പെടുന്ന ഈ പരിശുദ്ധ ഭവനം കഅ്ബത്തുല്ലയാണെന്ന് മുസ്‌ലിം ങ്ങൾ തിരിച്ചറിയുന്നു.

*(കിസ്‌വയെ സംബന്ധിച്ച വിവരങ്ങൾ 1986ലെ 'അഹ്‌ലൻ വസഹ്‌ലൻ' നിന്നും എടുത്തിട്ടുള്ളതാണ്).* ●

---

* സഊദി ഭരണകൂടം അഹ്മദികളുമായി നല്ല സുഹൃദ്ബന്ധത്തിലായിരുന്നു. പിന്നീട് 1974ൽ റാബിത്തത്തുൽ അലമിൽ ഇസ്‌ലാമിയുടെയും പാകിസ്താനിലെ പണ്ഡിതന്മാരുടെയും സമ്മർദ്ദഫലമായിട്ടാണ് അഹ്മദികൾക്കെതിരെ സഊദി ഭരണക്കൂടം ചില നിബന്ധനങ്ങൾ കൊണ്ടുവരാൻ നിർബന്ധിതരായത്.

ലേഖനം

# ആർക്കാണ് ദൈവത്തിന്റെ പ്രവൃത്തിയെ തടയാൻ കഴിയുക

**അബൂ അയ്മൻ, കുവൈത്ത്**

**അഹ്മദിയ്യാ ഖിലാഫത്തിന്റെ ആദ്യകാലത്തുണ്ടായ ചില കുഴപ്പക്കാരുടെ കുത്സിതശ്രമങ്ങളും അല്ലാഹു ആ ശ്രമങ്ങളെ പരാജയപ്പെടുത്തിയതും ലേഖകൻ വിവരിക്കുന്നു**

സത്യപ്രസ്ഥാനങ്ങളെ ആഭ്യന്തരവും ബാഹ്യവുമായ നിരവധി പരീക്ഷണങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയുമാണ് വിജയ സോപാനത്തിലേക്ക് ദൈവം ആനയിക്കുക. വിശുദ്ധഖുർആനും മറ്റു മതചരിത്രങ്ങളും ഇത്തരം നിരവധി വൃത്താന്തങ്ങൾ വിവരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയുടെ തിരഞ്ഞെടുപ്പാനന്തരം ഉണ്ടായ കുഴപ്പവും. കുഴപ്പക്കാരായ ഒരു സംഘത്തിന്റെ ഒഴിഞ്ഞു പോക്കും ഇത്തരത്തിൽപ്പെട്ട ദൈവികമായ നിരവധി പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു സംഭവമായിരുന്നു. എല്ലാ ദൈവിക പ്രസ്ഥാനങ്ങളും ഇത്തരത്തിൽ കുഴപ്പങ്ങളെയും പരീക്ഷണങ്ങളെയും അഭിമുഖീകരിക്കുകയും കുഴപ്പക്കാരിൽ നിന്നും ചിദ്രശക്തികളിൽ നിന്നും ദൈവിക പ്രസ്ഥാനത്തിന്റെ സത്യധാരയെ ദൈവം മുന്നോട്ടു നയിക്കുകയും ചെയ്യുന്നതാണ് ചരിത്രപാഠം.

റസൂൽ തിരുമേനി (സ)യുടെ വഫാത്തിനു ശേഷം ഹദ്റത്ത് അബൂബക്കർ (റ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്യാനൊരുങ്ങിയവരെ വാളുകൊണ്ട് തടഞ്ഞ സംഭവവും പിന്നീട് ഖുലഫാ ഇർറാശിദീന്റെ കാലഘട്ടങ്ങളിലുണ്ടായ വേദനാജനകമായ സംഭവങ്ങളും ദീനുൽ ഇസ്‌ലാമിന് നിരവധി പാഠങ്ങളും അനുഭവങ്ങളും നൽകുകയുണ്ടായി. ഖുർആനിലും റസൂൽതിരുമേനി (സ)മിന്റെ വചനങ്ങളിലും വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മഹ്ദീമസീഹിന്റെ ജമാഅത്തിലും ഫിത്നകളും കുഴപ്പങ്ങളുമുണ്ടായതിൽ അത്ഭുതമില്ല. 'ഖിലാഫത്തുമ്മിൻ ഹാജി നുബുവ്വ: എന്ന് റസൂൽ തിരുമേനി (സ) വിശേഷിപ്പിച്ച അഹ്മദിയ്യാ ജമാഅത്ത് നുബുവ്വത്തിന്റെ അസ്ഥിവാരത്തിൽ അല്ലാഹു ഉറപ്പിച്ചതായത്കൊണ്ട് അതിന്റെ സ്ഥാപനം അതീവ ഗൗരവതരമായ ഒരു സംഭവമാണ്. ഖിലാഫത്ത് ബാഹ്യവും ആഭ്യന്തരവുമായ എല്ലാ പ്രതികൂല പരിതസ്ഥിതികളേയും തരണം ചെയ്തു. കാറ്റും കോളും അതിജീവിച്ച് സുദൃഢമായ ലക്ഷ്യത്തിലേക്ക് പ്രയാണം തുടരുകയാണ്. നാൾക്കുനാൾ ഉന്നതിയിൽ നിന്നും ഉന്നതിയിലേക്ക് അഭിവൃദ്ധി പ്രാപിച്ച് ദൈവികസഹായത്താൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടാകുന്ന നേട്ടങ്ങൾ ചിന്താശീലർക്കുള്ള ദൈവദൃഷ്ടാന്തങ്ങളും വിശ്വാസികളുടെ ഈമാനെ ദൃഢപ്പെടുത്തുന്നതുമാണ്.

ഖിലാഫത്തിന്റെ നൂറാം വാർഷികം ആഘോഷിക്കാൻ പോവുന്ന ഈ വേളയിൽ ഖിലാഫത്തിന്റെ തുടക്കകാലത്തുണ്ടായ ആ സംഭവങ്ങളിലേക്കുള്ള ഒരെത്തിനോട്ടമാണിത്. ഖിലാഫത്തിനെതിരിൽ ഉയർന്ന എല്ലാ ശബ്ദങ്ങളും കെട്ടടങ്ങുമാറാവുംവിധം എത്തരത്തിലുള്ള അനുഗ്രഹവർഷങ്ങളാണു അല്ലാഹുത്തആല ജമാഅത്തിനു മേൽ വർഷിച്ചതെന്നു ദർശിക്കാൻ സാധിക്കുകയും മുമ്പത്തേതിനേക്കാൾ ഖിലാഫത്തിനോട് കൂറും അനുരക്തിയും വർദ്ധിക്കാൻ ഇടയാവുകയും ചെയ്യുമെന്ന് തീർച്ച.

ഹ.അൽഹാജ് മൗലാനാ ഹക്കീം നൂറുദ്ദീൻ(റ) ന്റെ തൃക്കരങ്ങളിൽ സദർ അഞ്ചുമൻ അഹമദിയ്യായുടെ മുഴുവൻ മെമ്പർമാരും ഖാദിയാനിൽ ഹാജരുണ്ടായിരുന്ന എല്ലാവരും തന്നെ ബൈഅത്ത് ചെയ്തുകൊണ്ട് ഖുദ്റത്തെ സാനിയയുടെ തുടക്കം കുറിച്ചു അൽപകാലത്തിനു ശേഷം തന്നെ വാഗ്ദത്ത മസീഹിനും മറ്റുചിലർക്കും മുൻകൂട്ടിയുണ്ടായ ദൈവിക സൂചന പ്രകാരം ലാഹോറിലെ ചില ബലഹീന

വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്നും ചില ലൗകിക ചുവയുള്ള സംശയങ്ങൾ ഉടലെടുക്കുകയും അതിന്നു പിന്നീട് ഫിത്നയുടെ നിറം പിടിപ്പിക്കുകയും ചെയ്തു. അതിന്റെ വിശദീകരിച്ച വിവരണം ഈ കൊച്ചു ലേഖനത്തിൽ നൽകുക അസാധ്യമാണെങ്കിലും ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തന്റെ വഫാത്തിനു രണ്ടാഴ്ച മുമ്പേ ഇറക്കിയ 'ഇസ്ഹാറെ ഹഖ്' എന്ന തലക്കെട്ടിലുള്ള ലഘുലേഖയിലെ ഒരു ഭാഗം ഇവിടെ ചേർക്കുന്നു. ഫിത്നക്കാരുടെ ശ്രമമെന്തായിരുന്നുവെന്നും അത് എത്രമാത്രം അദ്ദേഹത്തെ ആ വാർദ്ധക്യകാലത്ത് അലട്ടിയിരുന്നുവെന്നുമുള്ളതിന്റെ ഒരു ചെറിയ ചിത്രം അത് നൽകുന്നതായിരിക്കും. അവിടുന്ന് അരുൾ ചെയ്യുന്നു: *ലാഹോർ ദേശത്തിനറിയില്ലേ? എന്റെ ഈ വയസ്സുകാലത്ത് ആ ദേശത്തു നിന്നും എനിക്ക് എന്തുമാത്രം വലിയ വിമർശമാണ് വന്നിരിക്കുന്നത് എന്ന്? എന്റെ ഹൃദയം കത്തിയെരിയപ്പെട്ടു. ഞാനീസമയത്ത് വൃദ്ധനാണ്. എനിക്ക് ദുഃഖവും വിഷമവും ഏൽപ്പിക്കേണ്ട സമയമാണോ ഇത്? എന്നോട് സ്നേഹം കാണിക്കേണ്ട സമയമായിരുന്നു. എന്നെ സന്തോഷിപ്പിക്കേണ്ട സമയമായിരുന്നു. ഇന്ന വ്യക്തിയെ ഞാൻ ഖലീഫയാക്കി നിശ്ചയിച്ചിരിക്കുന്നു എന്നവർ പറയുന്നത് തികച്ചും തെറ്റായ കാര്യമാകുന്നു. എന്താകും? ആർ ഖലീഫയാകും? എന്നെക്കാൾ നല്ല ഖലീഫയാകുമോ? എന്നതിനെയൊക്കെ കുറിച്ച് എനിക്കെന്തറിവാണുള്ളത്. ഞാനാരെയും ഖലീഫയാക്കിയിട്ടില്ല, ഇതെന്റെ ജോലിയുമല്ല ഖലീഫയെ അല്ലാഹു തന്നെയാണ് തിരഞ്ഞെടുക്കുന്നത്. എനിക്കുശേഷവും അല്ലാഹുതന്നെ അക്കാര്യം നടപ്പാക്കുന്നതായിരിക്കും.* (സവാനെ ഹദ്‌ലെ ഉമർ പേജ് 329) ഇവിടെ ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ വാക്കുകളിൽ നിന്നും അദ്ദേഹത്തിന്റെ കാലത്തുതന്നെ നമ്മുടെ അധ്യാപനത്തിനു വിപരീതവും തികച്ചും അനുവദനീയമല്ലാത്തതുമായ 'അടുത്ത ഖലീഫയാർ' എന്ന ചോദ്യം അടിസ്ഥാനമാക്കിയിട്ടുള്ള ഒരനാവശ്യ ചർച്ച ഉയർന്നുപൊങ്ങിയിരുന്നതായി തെളിയുന്നുണ്ട്.

ഇനി നമുക്ക് നിഷേധികളുടെ ലഹളകൾ ശക്തിപ്രാപിച്ച പശ്ചാത്തലം പരിശോധിക്കാം. ഖലീഫ അവ്വൽ (റ) ന്റെ വഫാത്തിനു ശേഷം ഹ. മസീഹ് മൗഊദ് (അ)ന്റെ വാഗ്ദത്ത പുത്രൻ ഹ. ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) രണ്ടാം ഖിലാഫത്ത് പീഠം അലങ്കരിച്ചയുടൻ എല്ലാത്തിനേക്കാളുപരി ഖിലാഫത്ത് നിഷേധികളുടെ കുഴപ്പങ്ങളെയാണ് നേരിടേണ്ടിവന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലെ ഏറ്റവും പരീക്ഷണാത്മകമായ സമയമായിരുന്നു അത്. ഖാദിയാനിൽ ഹാജരുണ്ടായിരുന്നവരിൽ ബഹുഭൂരിപക്ഷവും വളരെ ആത്മാർത്ഥമായും പരിശുദ്ധ ഹൃദയത്തോടും കൂടി ഹ.മുസ്ലിഹ് മൗഊദിന്റെ (ഖലീഫത്തുൽ മസീഹ് രണ്ടാമൻ) കയ്യിൽ ബൈഅത്ത് ചെയ്തുകൊണ്ട് ഖിലാഫത്തിന്നനുകൂലമായ തീരുമാനം കൈകൊണ്ടിരിക്കുകയാണെങ്കിലും അന്ന് ജമാഅത്തിന്റെ ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്ന പലതും ഖിലാഫത്ത് നിഷേധികൾ തന്നെയായിരുന്നു. പ്രസ്സിന്റെ വലിയൊരുഭാഗവും പണമിടപാടുകളുടെ കണക്കും നിയന്ത്രണവും അവരുടെ കൈകളിൽ നിക്ഷിപ്തമായിരുന്നു.

ബാഹ്യമായി ഉയർന്നതും ഉൽകൃഷ്ടമായും കാണപ്പെട്ടിരുന്ന കുറേ വ്യക്തിത്വങ്ങൾ അവരുടെ സമാദർശക്കാരായിരുന്നുവെന്നു മാത്രമല്ല അവരിൽ ചിലരുടെ ജമാഅത്തിലുള്ള സ്വാധീനം വമ്പിച്ചതും ദൂരവ്യാപകവുമായിരുന്നു. അവരുടെ നേതാവായിരുന്നു മൗലാനാ മുഹമ്മദലി സാഹിബ്. ഭൗതിക വിജ്ഞാനത്തിൽ പണ്ഡിതനായിരുന്ന അദ്ദേഹം വിശുദ്ധ ഖുർആൻ ഇംഗ്ലീഷിലേക്ക് തർജുമ ചെയ്ത വ്യക്തിയായിരുന്നു. എല്ലാത്തിനുമപരി സദർ അഞ്ചുമൻ അഹ്മദിയ്യായുടെ സെക്രട്ടറി എന്ന പദവിയും അദ്ദേഹം അലങ്കരിച്ചിരുന്നു. ഈ സ്ഥാനമാനങ്ങൾ അദ്ദേഹത്തിന് ബഹുമാനവും അന്തസ്സും നേടിക്കൊടുത്തു. പ്രസ്ഥാനത്തിലെ ചില പ്രധാന വ്യക്തിത്വങ്ങളായിരുന്ന ഖാജാ കമാലുദ്ദീൻ സാഹിബ്, ഡോ. മീർസാ യാക്കൂബ് ബയ്ഗ് സാഹിബ്, വക്കീൽ ഷേക് റഹ്മത്തുള്ള സാഹിബ്, ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ സാഹിബ് തുടങ്ങിയവർ ഖിലാഫത്ത് നിഷേധവൃത്തത്തിലെ പ്രമുഖരും മൗലവി മുഹമ്മദലി സാഹിബിന്റെ നേതൃത്വത്തിൽ അണിനിരന്ന് പ്രവർത്തിച്ചവരുമാണ്. ഖാജാ കമാലുദ്ദീൻ സാഹിബ് ആ സമയത്ത് വിദേശത്തായിരുന്നുവെങ്കിലും ഈ ഗ്രൂപ്പുമായുള്ള അദ്ദേഹത്തിന്റെ ബാന്ധവും സുവ്യക്തമാണ്. അവരിൽ മിക്കവരും സദർ അഞ്ചുമൻ അഹ്മദിയ്യാ മെമ്പർമാരായിരുന്നതിനാൽ ജമാഅത്തിൽ ബഹുമാന്യ സ്ഥാനങ്ങൾ നേടിയിട്ടുണ്ടായിരുന്നു.

ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടക്കുന്നതിനൊപ്പം തന്നെ ജമാഅത്തിന്റെ മുഴുവൻ പ്രചരണ പ്രസിദ്ധീകരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയൊട്ടുക്കുമുള്ള ജമാഅത്തുകളിൽ ഖിലാഫത്ത് വ്യവസ്ഥിതിക്ക് വിപരീതമായി വിഷലിപ്തമായ ഒരു പ്രൊപ്പഗണ്ടക്കുള്ള തയ്യാറെടുപ്പ് ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ അതിനുള്ള പദ്ധതി ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ (റ)ന്റെ കാലത്തുതന്നെ നിഗൂഢമായി തയ്യാറായിക്കൊണ്ടിരുന്നു. ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിന്നായുള്ള കാത്തിരിപ്പിലായിരുന്നു അവർ. ഇതേ ഗൂഢാലോചനയുടെ തുടർച്ചയെന്നോണം ജമാഅത്തുകളിലുടനീളം അവർ, മീർസാ മഹ്മൂദും കൂട്ടരും അവരുടെ വ്യക്തിപരമായ ഗുണവും ആദർശവും നടപ്പിൽ വരുത്താൻ വേണ്ടി ഖിലാഫത്ത് വ്യവസ്ഥ പടച്ചുണ്ടാക്കുകയാണെന്നും അതേസമയം മസീഹ് മൗഊദ് (അ) തന്റെ പിന്തുടർച്ചയായി നിലനിൽക്കാൻ അഞ്ചുമനേയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നൊക്കെയുള്ള വ്യാജകഥകൾ അവർ പ്രചരിപ്പിക്കുകയുണ്ടായി. ഈ ചെറുപ്പക്കാരന്റെ (ഖലീഫത്തുൽ മസീഹ് രണ്ടാമ

നായി തിരഞ്ഞെടുക്കപ്പെട്ട മിർസാ മഹ്മൂദ് അഹ്മദ്) നേതൃത്വം ജമാഅത്ത് സ്വീകരിക്കുകയാണെങ്കിൽ നോക്കിനിൽക്കെ അഹ്മദിയ്യത്ത് നശിച്ചൊടുങ്ങുകയും ഖാദിയാൻ ക്രിസ്ത്യാനികളുടെ പിടുത്തത്തിലകപ്പെടുകയും ചെയ്യും എന്നൊക്കെയുള്ള വിഷമയവും നിരാശാജനകവുമായ പ്രചരണങ്ങൾ അഴിച്ചുവിടുകയും ജനങ്ങൾ ഖിലാഫത്തിനു ബൈഅത്ത് ചെയ്യിക്കാതിരിക്കാനുള്ള തങ്ങളാലാവുന്ന സകല പരിശ്രമങ്ങളും നടത്തുകയുമുണ്ടായി.

വാഗ്ദത്തമസീഹിനാൽ പ്രവചിക്കപ്പെടുകയും ദൈവിക സഹായങ്ങളും നിസ്തുല ദൃഷ്ടാന്തങ്ങൾ കൊണ്ടനുഗ്രഹീതനുമായ മഹ്ദീമസീഹിന്റെ വാഗ്ദത്ത പുത്രൻ ഈ ഫിത്നകളെ ബാഹ്യമായി തന്റേടത്തോടെ നേരിട്ടെങ്കിലും തന്നെക്കുറിയാക്കി നിഷേധികൾ തൊടുത്തുവിട്ട ശകാരശരങ്ങൾ അദ്ദേഹത്തെ വ്രണിത ചിത്തനാക്കി. അക്കാലത്ത് അവിടുത്തെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്ന ദുഃഖത്തിന്റെ അഗ്നി നമുക്ക് അദ്ദേഹത്തിന്റെ മിക്ക പദ്യങ്ങളിലൂടെയും മറ്റ് കൃതികളിലൂടെയും കാണാവുന്നതാണ്, ചെറുപ്പക്കാരനായ താനാണു അവരുടെ കണ്ണിലെ കരടും പ്രശ്നത്തിനു നിദാനവുമെന്നു മനസ്സിലാക്കിയിരുന്ന അദ്ദേഹം, തിരഞ്ഞെടുപ്പിനു മുമ്പേ നിങ്ങൾ നിശ്ചയിക്കുന്ന ആർക്കും ഞാൻ ബൈഅത്ത് ചെയ്യാൻ സന്നദ്ധനാണെന്ന് അവരോട് തുറന്ന് പ്രഖ്യാപിച്ചിരുന്നു. ദീനിന്റെ സേവനത്തിൽ നിന്ന് ഒരു നിമിഷം പോലും മാറിനിൽക്കുന്നത് അസഹ്യമായിരുന്ന അദ്ദേഹത്തിനു, പക്ഷെ ഇക്കൂട്ടർ അതിനെ നേതൃത്വമോഹവും തന്ത്രവുമായി ചിത്രീകരിച്ചപ്പോൾ സഹിക്കാനാവാത്ത വിഷമം കാരണം താൻ ജനിച്ചിട്ടില്ലായിരുന്നെങ്കിൽ എന്നുപോലും തോന്നിപ്പോയിരുന്നു. കാരണം അവരുടെ ആരോപണങ്ങൾ കണക്കിലെടുത്ത് ദീനീസേവനത്തിൽ നിന്ന് പിൻമാറുന്നതും അദ്ദേഹത്തെ സംബന്ധിച്ച് അചിന്ത്യമായിരുന്നു. എന്നാൽ മുന്നോട്ടു വരുന്നത് ഇത്തരത്തിലുള്ള ആരോപണങ്ങൾക്കും ഫിത്നകൾക്കും ഇടവരുത്തുന്നതായി കണ്ട അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഈ അവസ്ഥകളുടെ വടംവലി അതീവ ദുഃഖത്തോടുകൂടിയുള്ള ഒരു നിഷ്ക്രിയത്വം സൃഷ്ടിച്ചെങ്കിലും ജമാഅത്തിൽ ഭിന്നത ഒഴിവാക്കാനായി പല നിർദ്ദേശങ്ങളും മുന്നോട്ട് വെക്കുകയും തന്നാലാവുന്ന പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. പക്ഷെ ദൈവത്തിന്റെ തീരുമാനത്തിനു തടയിടാൻ ഏതൊരുവനാണ് സാധിക്കുക!

അങ്ങനെ ദൈവഹിതം നടപ്പിൽ വരുകയും ഖിലാഫത്തിന്റെ വസ്ത്രം തന്നെ അണിയിക്കപ്പെടുകയും ചെയ്തപ്പോൾ അദ്ദേഹം പിന്നെ ഒരാളുടെയും ആരോപണങ്ങൾ വകവെക്കാതെ അഹ്മദിയ്യത്തിന്റെ ചുക്കാൻ ഇനി ഒരാൾക്കും തന്നെ എന്നിൽ നിന്നും തട്ടിപ്പറിക്കാൻ സാധ്യമല്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് വിജയങ്ങളിലേക്കുള്ള പ്രയാണത്തിനു തുടക്കം കുറിക്കുകയായിരുന്നു. ഒപ്പം ചിതറിപ്പോയ ആട്ടിൻപറ്റത്തെ ഒരുമിച്ചുകൂട്ടാൻ പാടുപെടുന്ന ആട്ടിടയനെപോലെ ഖിലാഫത്ത് നിഷേധികളുടെ ഫിത്നയാൽ ഇളക്കം വന്നിട്ടുള്ള ഹൃദയങ്ങളെ വീണ്ടും ഒരു കേന്ദ്രത്തിൽ ഒരുമിച്ചുകൂട്ടാനുള്ള ശ്രമങ്ങളാരംഭിച്ചു. ഖിലാഫത്ത് പീഠം അലങ്കരിച്ചയുടൻ അവിടുന്ന് ആദ്യത്തെ ജോലിയായി നിഷേധികൾക്ക് എല്ലാതരത്തിലുള്ള മറുപടിയും നൽകിക്കൊണ്ട് അസംഖ്യം ലഘുലേഖകളും ലേഖനങ്ങളും വഴി ജമാഅത്തിന്നുമേൽ യഥാർത്ഥ വസ്തുത മനസ്സിലാക്കിക്കൊടുക്കുകയുണ്ടായി. അക്കൂട്ടത്തിലെ അദ്ദേഹത്തിന്റെ ആദ്യത്തെ കൃതി "ആർക്കാണു ദൈവത്തിന്റെ പ്രവൃത്തിയെ തടയാൻ സാധിക്കുക." എന്ന തലക്കെട്ടിലുള്ള ലഘുലേഖകളായിരുന്നു. ശ്രദ്ധേയമായ ഈ കൃതി അത്യധികം ആകർഷണിയവും അദ്ദേഹത്തിന്റെ ദൃഢവിശ്വാസവും ദൈവത്തിലുള്ള സമർപ്പണം ഹൃദയപരിശുദ്ധി എന്നിവ തെളിയിക്കുന്നത് കൂടിയായിരുന്നു. 1914 മാർച്ച് 21നു പ്രസിദ്ധീകരിച്ച മേൽപറഞ്ഞ ലഘുലേഖയിൽ അദ്ദേഹം അരുൾ ചെയ്യുന്നു.

"എനിക്ക് ഇത്തരം വിഷയം എഴുതേണ്ടിവന്ന കാരണമെന്തെന്നാൽ ജമാഅത്തിൽ പിളർപ്പിന്റെ ലക്ഷണം ഞാൻ കണ്ടുതുടങ്ങിയിരിക്കുന്നു. കുറച്ചുപേർ ഖിലാഫത്തിനെതിരിൽ ജനങ്ങളിൽ ആവേശം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചുരുങ്ങിയ പക്ഷം ഖലീഫ എന്നത് ഒരു പ്രസിഡണ്ടിന്റെ സ്ഥാനമാവട്ടെ എന്നും മുമ്പ് ജമാഅത്തിൽ ഖലീഫയുണ്ടായിട്ടില്ലാ എന്നുമൊക്കെയുള്ളതിലേക്ക് ശ്രദ്ധകൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്നു. ഞാൻ ഈ വിളംബരം മുഖേന മുഴുവൻ ജമാഅത്തിനേയും അറിയിക്കുകയാണ്, ഞാൻ മുഖേന തെളിയിച്ചു കാണിക്കപ്പെട്ടതുപോലെ ഖലീഫയുണ്ടായിരിക്കേണ്ടത് അനിവാര്യമാകുന്നു. ഇതേവരെ ഖലീഫയുണ്ടായിട്ടില്ല എന്നു പറയുന്നത് വെറും അപരാധമാകുന്നു. ഖലീഫ അവ്വലിനു ബൈഅത്ത് ചെയ്തതുപോലെ ഇപ്പോഴും ബൈഅത്ത് ചെയ്യൽ നിർബന്ധമാണ് . ഇതേവരെ ഖലീഫയുണ്ടായിരുന്നില്ല എന്നത് വെറും കുപ്രചരണം മാത്രമാകുന്നു. മറിച്ച് ആരെയാണോ അല്ലാഹു ഖലീഫയാക്കേണ്ടിയിരുന്നത് ആ ആളെതന്നെ ആക്കുകയുണ്ടായി. ഇപ്പോൾ ആരാണോ അതിനെ എതിർക്കുന്നത് അല്ലാഹുവിനേയായിരിക്കും അവർ എതിർക്കുന്നത്.

ഞാൻ ആരോടുംതന്നെ എന്നെ ബൈഅത്ത് ചെയ്യണമെന്നും എന്നെ ഖലീഫയാക്കാൻ ശ്രമിക്കണമെന്നും അഭ്യർത്ഥിച്ചിട്ടില്ല. അഥവാ അത്തരത്തിൽ ആരെങ്കിലും ഉണ്ടെങ്കിൽ ഉച്ചത്തിൽ സാക്ഷ്യം വഹിച്ചുകൊണ്ട് വിളംബരം ചെയ്യട്ടെ. എന്തെന്നാൽ ജമാഅത്തിനെ ചതിയിൽ നിന്നും രക്ഷിക്കേണ്ടത് അയാളുടെ കർത്തവ്യമാകുന്നു. അയാൾ അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെ കോപത്തിനുകീഴിലകപ്പെടും. ജമാഅത്തിന്റെ നാശത്തിനുള്ള പാപം അയാളുടെ കഴുത്തിലായിരിക്കും.

അല്ലയൊ ഉള്ളിൽ തെറ്റിദ്ധാരണയില്ലാത്ത പരിശുദ്ധ ഹൃദയരായ ജന

ങ്ങളേ, ഞാൻ ദൈവത്തിൽ ആണയിട്ടുകൊണ്ട് പറയുന്നു. ഞാൻ ഒരിക്കലും മനുഷ്യനോട് എന്നല്ല അല്ലാഹുത്തആലയോട് തന്നെയും ഖിലാഫത്തിനുവേണ്ടി ആഗ്രഹം പ്രകടിപ്പിച്ചിട്ടില്ല. മറിച്ച് അത് അവന്റെ പ്രവൃത്തിയായിരുന്നു എന്റെ അപേക്ഷയായിരുന്നില്ല, എന്റെ ഒരഭ്യർത്ഥനയും കൂടാതെ തന്നെ എന്നെയീ ജോലി ഏൽപിച്ചിരിക്കുന്നു. ഭൂരിപക്ഷത്തിന്റെ കഴുത്ത് എന്റേ നേർക്ക് തിരിഞ്ഞു എന്നത് ദൈവത്തിന്റെ പണിയായിരുന്നു, ഞാൻ നിങ്ങൾക്ക് വേണ്ടി ദൈവത്തിന്റെ കൽപന എങ്ങിനെ റദ്ദ് ചെയ്യും, മുമ്പുള്ളവരെ അവനെങ്ങിനെ ഖലീഫയാക്കിയോ അതുപോലെ എന്നെയുമാക്കിയിരിക്കുന്നു. എന്നെപ്പോലുള്ള ഒന്നിനും കൊള്ളാത്ത നിസ്സാരനെ അവനെങ്ങിനെയിഷ്ടപ്പെട്ടുപോയി എന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണു. പക്ഷേ ഇനിയെന്തു തന്നെയായാലും അവൻ എന്നെ ഇഷ്ടപ്പെട്ടുകഴിഞ്ഞ സ്ഥിതിക്ക് അവനണിയിച്ചിരിക്കുന്ന വസ്ത്രം ഇപ്പോൾ എന്നിൽ നിന്നും ഊരിമാറ്റാൻ ആർക്കും സാധിക്കുകയില്ല....

ഇത് ദൈവത്തിന്റെ മതമാകുന്നു, ഏതു മനുഷ്യനാണു ദൈവത്തിന്റെ സമ്മാനം എന്നിൽ നിന്നും തട്ടിപ്പറിക്കുക, ഞാൻ ഒരു കാര്യവുമില്ലാത്തവനാണു. പക്ഷേ എന്റെ ചക്രവർത്തി സകലകാര്യങ്ങളുടേയും സ്രഷ്ടാവാകുന്നു. ഞാൻ നിസ്സഹായനാണു. പക്ഷേ എന്റെ പരിപാലകൻ എന്റെ സഹായത്തിനായി മലക്കുകളെ ഇറക്കുന്നതായിരിക്കും. ഇൻശാഅല്ലാഹ്, ഞാൻ അരക്ഷിതനാണു. പക്ഷേ ഞാൻ ആരുടെ തണലിലായിരിക്കെ ഒരുത്തന്റെയും സംരക്ഷണം ആവശ്യമില്ലയൊ അവനാണെന്റെ സംരക്ഷകൻ...

ചിലർ പറയുന്നു ഖിലാഫത്ത് തിരഞ്ഞെടുപ്പിനു ഒരു നീണ്ട കാലയളവ് നിർണ്ണയിക്കേണ്ട ആവശ്യമുണ്ടായിരുന്നു. കാരണം മുഴുവൻ ജമാഅത്തും ഒരുമിച്ചുകൂടിയ ശേഷം തിരഞ്ഞെടുപ്പ് നടക്കണമെന്ന്. പക്ഷെ എന്തിനാണതിന്റെ ആവശ്യമെന്നുള്ളതിന്റെ ഒരു തെളിവും കൊണ്ടുവരപ്പെടുന്നില്ല. അത്തരത്തിൽ റസൂലുല്ലാഹ് (സ)യുടെ ശേഷവും ഉണ്ടായിട്ടില്ല. ഹ. മസീഹ് (അ) നു ശേഷവും ഉണ്ടായിട്ടില്ല. ഹ:നൂറുദ്ദീൻ(റ) വിന്റെ കയ്യിൽ ബൈഅത്ത് ചെയ്തവരുടെ എണ്ണം 1200 ആയിരുന്നു. (വഫാത്തിനു ശേഷം) 24 മണിക്കൂറിന്റെ ഇടവേളയുമുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ 18 മണിക്കൂറിന്റെ ഇടവേളക്ക് ശേഷം ഏകദേശം 2000 ആളുകൾ ഒരു കയ്യിൽ ബൈഅത്ത് ചെയ്തിരിക്കുന്നു....

ഹ:അബൂബക്കർ(റ) വിന്റെ കയ്യിൽ തുടക്കത്തിൽ കേവലം 3 പേരായിരുന്നു ബൈഅത്ത് ചെയ്തത് മുഹാജീരിങ്ങളിൽ നിന്ന് ഹ:ഉമർ(റ) വും ഹ:അബൂഉബൈദ(റ) വും അൻസാറീങ്ങളിൽ നിന്ന് ഹ.ഖയിസിബ്നു സഅദ്(റ) വും ബൈഅത്തിന്റെ സമയത്ത് കുറച്ചാൾക്കാർ അതിനെ വാളുകൊണ്ട് തടയാൻ ശ്രമിച്ചിരുന്നു. എന്നിട്ട് ആക്ഷേപിക്കുകയും ബൈഅത്തിനെ നിഷ്പ്രയോജനമായി ചിത്രീകരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് കേവലം മൂന്നാളുടെ ബൈഅത്തിന്മേൽ ബൈഅത്ത് വാങ്ങാൻ തയ്യാറായ ഹ:അബൂബക്കർ(റ) നു (നാഊദുബില്ലാഹ്) ഖിലാഫത്തിനോട് ആശയുണ്ടായിരുന്നു എന്നു നിഗമനത്തിൽ എത്താൻ പറ്റുമോ? കടുത്ത എതിർപ്പുകളുണ്ടായിരുന്നിട്ടും അദ്ദേഹം ബൈഅത്ത് വാങ്ങിക്കൊണ്ടേയിരുന്നതിന് അദ്ദേഹത്തിന്റെ ഖിലാഫത്ത് അനുവദനീയമല്ലാത്തതായിരുന്നു എന്നർത്ഥം നൽകാമോ? പക്ഷെ ആരെങ്കിലും അങ്ങിനെ ധരിക്കുന്നെങ്കിൽ അവൻ കള്ളവാദിയാകുന്നു.

അതിനാൽ അല്ലാഹുവിനെ ഭയപ്പെടുക നിങ്ങളുടെ വായയിൽ നിന്നും നിങ്ങളുടെതന്നെ നാശത്തിനിടവരുന്ന കാര്യങ്ങൾ പുറപ്പെടുവിക്കാതിരിക്കുവിൻ, അല്ലാഹുവിന്റെ നിയോഗിതൻ വർഷങ്ങളായി പരിശ്രമിച്ച് വിഷമങ്ങൾ സഹിച്ച് തയ്യാറാക്കിയത് ഇങ്ങനെ കേവലം തങ്ങളുടെ ഹൃദയത്തിലെ പകക്കും വിദ്വേഷത്തിനും മുന്നിൽ ത്യജിച്ച് കളയല്ലെ....

എന്നിൽ ആക്ഷേപമുണ്ടെങ്കിലെന്തിരിക്കുന്നു, ഞാനവിടെനിൽക്കട്ടെ, ദൈവം ഇത്തരം ഒരു സ്ഥാനത്തിരിക്കുകയും എന്നിട്ട് ഒരാക്ഷേപവും ഉന്നയിക്കപ്പെടാതിരിക്കുകയും ചെയ്തിട്ടുള്ള ഒരാളെയെങ്കിലും എനിക്ക് കാണിച്ചുതന്നാലും, ആദമിനുനേരെ മലക്കുകൾ പോലും ആക്ഷേപമുന്നയിച്ചെങ്കിൽ ഞാനാരാണ് ആക്ഷേപിക്കപ്പെടുന്നതിൽ നിന്ന് മുക്തനാവാൻ മലക്കുകൾ തങ്ങളുടെ സേവനങ്ങളുടെ വാദം ഉന്നയിച്ചു, ഇബ്‌ലീസാണെങ്കിൽ തന്റെ മഹത്വത്തിന്റെ വാദമുന്നയിച്ചു. പക്ഷെ നിസ്സേവകനായിരുന്ന ആദമിനു സേവനങ്ങളുടെ പട്ടിക നിരത്താൻ ഇല്ലായിരുന്നു. അല്ലാഹുവിനു അതായിരുന്നു ഇഷ്ടപ്പെട്ടത്, അവസാനം അവർക്കെല്ലാവർക്കും അദ്ദേഹത്തിനു മുന്നിൽ കുനിയേണ്ടിവന്നു.

എന്നെ എതിർക്കുകയും ബൈഅത്തിൽ ഇതുവരെ പ്രവേശിക്കുകയും ചെയ്തിട്ടില്ലാത്തവർ ഒടുക്കം എന്താണാഗ്രഹിക്കുന്നത്? സ്വതന്ത്രരായിരിക്കണമെന്നോ? പക്ഷെ ഓർത്തുകൊൾക അവരുടെ ആ പ്രവൃത്തി അവരുടെതന്നെ നാശത്തിനേ വഴിതെളിക്കുകയുള്ളൂ. പിന്നെന്താണവർ ഉദ്ദേശിക്കുന്നത്, ഒരേ സമയത്ത് രണ്ട് ഖലീഫയെന്നത് സാധ്യമായ കാര്യമല്ല മറിച്ച് ശരീഅത്തിനു കടകവിരുദ്ധവുമാകുന്നു. അവരിപ്പോൾ ചെയ്യുന്നത് ജമാഅത്തിൽ പിളർപ്പുണ്ടാക്കാൻ വേണ്ടിയുള്ള കാര്യമാണ്. ഈ പിളർപ്പിനെ മുന്നിൽക്കണ്ട് എന്റെ ഹൃദയം ഉള്ളിൽ തന്നെ കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ ജീവൻ അലിഞ്ഞുകൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു.

രാപ്പകൽ വേദനയും വ്യസനവും എന്റെ സന്തതസഹചാരിയായിരിക്കുന്നു. നിങ്ങളുടെയൊക്കെ കീഴ് വണക്കം കൊതിക്കുന്നതുകൊണ്ടല്ല മറിച്ച് ജമാഅത്തിൽ ഏതുവിധേനയും ഐക്യം നിലനിർത്തണം എന്ന ചിന്തകൊണ്ടാണ്. (തുടരും)

# ദൈവം: ഭാഷയുടെ സ്രഷ്ടാവും ബോധകനും

എ.എം. മുഹമ്മദ് സലിം

**ആധുനിക മനുഷ്യന്റെ ഏത് നിർമ്മിതിയേക്കാളും വിസ്മയമുണർത്തുന്ന ഘടനയുള്ള ഭാഷ, പ്രാകൃതമനുഷ്യൻ സ്വയം നിർമ്മിച്ചു ഉപയോഗിച്ചു എന്ന വാദം അയുക്തികവും അർത്ഥരഹിതവുമാണ്. ഭാഷയുടെ ഉപജ്ഞാതാവും ബോധകനും ദൈവം തന്നെയാണ്.**

ചരിത്രാതീതകാലം മുതൽ തന്നെ മനുഷ്യൻ തന്റെ ചിന്തകളുടെയും ആശയങ്ങളുടെയും പ്രകാശനത്തിനും വിനിമയത്തിനും ഉപയോഗിച്ചുവരുന്ന ഒരു ഉപകരണമാണ് ഭാഷ. മനുഷ്യന്റെ ഇതഃപര്യന്തമുള്ള എല്ലാ നിർമ്മിതികളേയും ഭാഷ അതിജയിച്ചു നിൽക്കുന്നു. ആധുനിക മനുഷ്യൻ കണ്ടെത്തിയ കമ്പ്യൂട്ടറിനെക്കാളും, സ്പെയ്സ് ടെക്നോളജിയേക്കാളും, ജെനിറ്റിക്ക് എൻജിനീയറിങ്ങിനെക്കാളും ഭാഷയുടെ നിർമ്മാണ ഘടനയും പ്രവർത്തനശേഷിയും മികച്ചു നിൽക്കുന്നു എന്ന കാര്യം വിസ്മയകരമാണ്. ആദിമ മനുഷ്യന്റെ ഭാഷക്ക് പോലും ഈദൃശ ഗുണങ്ങളുണ്ട്. കാട്ടുമൃഗങ്ങളോട് മത്സരിക്കാനും ഉപജീവനത്തിനും പ്രാകൃതോപകരണങ്ങൾ നിർമ്മിച്ചിരുന്ന അക്കാലത്തെ മനുഷ്യൻ സങ്കീർണ്ണ ഘടനയുള്ള ഭാഷ കാലക്രമേണ സ്വയം നിർമ്മിച്ച് ഉപയോഗിച്ചു എന്ന ഒരു സംഘം ഭാഷാശാസ്ത്രജ്ഞന്മാരുടെ വാദം; യുക്തിക്ക് നിരക്കുന്നതല്ല.

വിശ്വപ്രശസ്തനായ ചരിത്രകാരൻ ജെയിംസ് എഡ്ഗാർ സ്വെയ്ൻ തന്റെ A History of World Civilisation എന്ന പുസ്തകത്തിൽ എഴുതിയത് ശ്രദ്ധേയമാണ്.

***'പുരാതന കാലത്തെ ഭാഷകൾ വളരെ ലളിതമായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. യൂറോപ്പിലെ ഒരു സാധാരണ കർഷകൻ ആയിരം വാക്കുകളിൽ കൂടുതൽ ഉപയോഗിക്കാറില്ല. എന്നാൽ ടീറാദെൽപ്യൂറോയിലെ പ്രാകൃത മനുഷ്യർക്ക് ഈ സംഖ്യയുടെ അനേകം ഇരട്ടിവരുന്ന ഒരു പദസമ്പത്തുണ്ട്. എക്സിമോ വർഗ്ഗക്കാരുടെ ഭാഷയാകട്ടെ വളരെ പ്രയാസമേറിയതാണ്. ലാപ്പാസ് എന്ന വർഗ്ഗക്കാർക്ക് 'മഞ്ഞ്' എന്ന പദത്തിന് 24 പര്യായപദങ്ങളുണ്ട്.*** A History of World Civilisation - James Edgar Swain - P. 45)

എണ്ണമറ്റ ധാതുപദങ്ങളും, ക്രിയാപദങ്ങളും, ക്രിയാപദങ്ങളിൽ നിന്ന് വ്യവസ്ഥാപിതമായി നിഷ്പന്നമാകുന്ന അനേകം നാമപദങ്ങളുമുള്ള അറബി പോലെയുള്ള അതിപ്രാചീനഭാഷ പ്രാകൃതമനുഷ്യൻ നിർമ്മിച്ചതാണെന്ന് പറയുന്നത് എങ്ങനെ അംഗീകരിക്കാൻ സാധിക്കും? ശാസ്ത്രീയ പഠനങ്ങളിലൂടെ ഭാഷയുടെ രഹസ്യങ്ങളുടെ കുരുക്കഴിക്കാൻ ശ്രമിക്കുമ്പോഴെല്ലാം മുറുകിവരുന്ന ഊരാക്കുടുക്കായി ഭാഷാശാസ്ത്രം മാറുകയാണ്.

## ശിശുക്കളുടെ ഭാഷാർജനവും ഭാഷോൽപത്തിഗവേഷണങ്ങളും

മനുഷ്യശിശുവിന്റെ ഭാഷാപഠനത്തെ കുറിച്ച് അഥവാ ഭാഷാർജ്ജനത്തെക്കുറിച്ച് സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഭാഷോൽപത്തിയെ സംബന്ധിച്ച പല ഉൾക്കാഴ്ചകളും നമുക്ക് ലഭിക്കുമെന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു. പക്ഷേ നമ്മുടെ കണ്ണിന്റെ മുന്നിൽ അരങ്ങേറുന്ന മനുഷ്യശിശുവിന്റെ കൗതുകപൂർണ്ണമായ ഭാഷാർജ്ജന പ്രക്രിയയെ സംബന്ധിച്ച് പണ്ഡിതന്മാർ വരെ അവധാനപൂർവ്വം ചിന്തിക്കാറില്ല.

ശിശു ഒന്നരവയസ്സു മുതൽ അതിന്റെ ഭാഷാപ്രകടനം കാഴ്ചവെച്ചുതുടങ്ങുന്നു. മാതാപിതാക്കൾ പറയുന്നത് കേട്ടാണ് ശിശു പ്രാഥമികമായി ഭാഷ അഭ്യസിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഇത് മാതാപിതാക്കന്മാരുടെ ഭാഗത്തുനിന്നുമുള്ള ബോധപൂർവ്വമാ

യൊരു പ്രവർത്തിയാണെന്ന് പറയാൻ സാധ്യമല്ല. അവർ ഭാഷാദ്ധ്യാപനത്തെ സംബന്ധിച്ചോ ബോധനരീതിയെക്കുറിച്ചോ അറിയാത്തവരാണ്. എങ്കിലും മനുഷ്യശിശുവിന് ഭാഷ പഠിക്കാൻ മാതാപിതാക്കന്മാരോ ഭാഷ സംസാരിക്കുന്ന സമൂഹമോ അനുപേക്ഷണീയമായ ഒരുപാധിയാണ്. ഭാഷ സംസാരിക്കുന്ന മാതാപിതാക്കളോ സമൂഹമോ ഇല്ലെങ്കിൽ ഭാഷാപഠനം അസാധ്യമാണ്. ഭാഷ അടുക്കായുള്ളതും പല തലങ്ങളിലും വ്യാകരണങ്ങളുമുള്ള ഒരു സങ്കീർണ്ണ ഘടനയാണ്. മറ്റൊരു ഭാഷ ബോധപൂർവ്വം പഠിക്കാൻ ശ്രമിക്കുമ്പോൾ നമുക്കിത് മനസ്സിലാക്കാവുന്നതാണ്. അങ്ങനെയുള്ള ഭാഷയിലെ പദങ്ങൾ തിരഞ്ഞെടുത്ത് വ്യാകരണസാധുതയുള്ള വാക്യങ്ങളായി മനുഷ്യശിശു അനായാസം എളുപ്പത്തിൽ ഉപയോഗിക്കുന്നു. പ്രധാനമായിട്ടുള്ള കാര്യം ശിശുവിന് ഭാഷ പഠിക്കണമെങ്കിൽ മറ്റൊരാളുടെ ഭാഷാവ്യവഹാരം കേൾക്കുകയോ പഠിക്കുകയോ വേണം. ഭാഷാഭ്യാസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വെളിപ്പെടുന്ന മറ്റൊരു കാര്യം തനിക്ക് ആവശ്യമുള്ള ഒരു ഉപാധി എന്ന നിലക്കാണോ മനുഷ്യശിശു ഭാഷാപഠനത്തിലേർപ്പെടുന്നത്? ഒരിക്കലുമല്ല. കാരണം ശിശുവിന് വേദന, വിശപ്പ് എന്നീ ജൈവവികാരങ്ങളുടെ നിവൃത്തിയല്ലാതെ മറ്റൊരാവശ്യവുമില്ല. വേദനയും വിശപ്പും മാതാപിതാക്കന്മാരെ അറിയിക്കാൻ അതിന് കരച്ചിൽതന്നെ ധാരാളം. ബധിരശിശുക്കൾക്ക് അതിന്റെ മുഖഭാവത്തിലൂടേയും അംഗചലനത്തിലൂടേയും ഇക്കാര്യങ്ങൾ അറിയിക്കാൻ സാധിക്കും. പിന്നെയെങ്ങിനെ മനുഷ്യശിശു മാതാപിതാക്കന്മാരുടെ സഹായത്താൽ സങ്കീർണ്ണമായ ഭാഷ പഠിക്കാൻ ഇറങ്ങിതിരിക്കുന്നു. ഇവിടെയാണ് ഖുർആൻ വാക്യം വീണ്ടും പ്രസക്തമാകുന്നത്. ഓരോ മനുഷ്യശിശുവിനും മാതാപിതാക്കളാകുന്ന അദ്ധ്യാപകരെ വെച്ച് ദൈവം തന്നെയാണ് ഭാഷയഭ്യസിപ്പിക്കുന്നത്. ഖുർആൻ പറയുന്നു.

***നിരുപാധികം കരുണ ചെയ്യുന്ന ദൈവം (അർ റഹ്മാൻ) അവൻ ഖുർആൻ പഠിപ്പിച്ചു. സാമൂഹിക ജീവിയായ മനുഷ്യനെ (ഇൻസാൻ) സൃഷ്ടിക്കുകയും അവന് ഭാഷണസിദ്ധിയോടുകൂടിയ ആശയപ്രകടനരീതി (ബയാൻ) പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. (വി. ഖുർആൻ സൂറ: റഹ്മാൻ).***

ശിശു ഭാഷ പഠിക്കുന്ന രീതി സൂക്ഷ്മമായി നിരീക്ഷിച്ചാൽ ആദിമ മനുഷ്യൻ എപ്രകാരമാണ് ഭാഷ പഠിച്ചതെന്ന് മനസ്സിലാക്കാം. ഭാഷ ഒരു അഭ്യസ്തവൃത്തി ആണെന്ന് പറഞ്ഞല്ലോ. ആയതിനാൽ ആദിമമനുഷ്യന് ഭാഷ മറ്റാരെങ്കിലും പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഭാഷയുടെ ആ പ്രാഥമിക അദ്ധ്യാപകനും, ബോധകനും ദൈവം തന്നെയാണ്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***മനുഷ്യൻ ജന്മനാ തന്നെ സംസാരിക്കാനോ ആശയവിനിമയം നടത്താനോ പ്രാപ്തനല്ല എന്നത് കൊണ്ട് ആശങ്കാകുലനാകേണ്ടതില്ല. എന്നാൽ ക്രമേണ ആ കഴിവ് അഭ്യസനത്തിലൂടെ ആർജിക്കുകയാണ് ചെയ്യുന്നത് എന്ന് തീർച്ചയായും നമുക്കറിയാം. ഈ വസ്തുത ഒരു എതിർവാദമായി ഉയർത്തുവാൻ അവർക്ക് സാധ്യമല്ല. അതുകൊണ്ട് അവർ സ്വയം തിരുത്തുകയാണ് വേണ്ടത്. സുഷുപ്തിയിലാണ്ടവനെ പോലെ മാനസികമായി ജാഗ്രതയില്ലാത്തവരായി പോവരുത്. അഭ്യസനത്തിലൂടെയാണ് ഭാഷ ആർജിക്കുന്നതെന്ന് സമ്മതിക്കുമ്പോൾ, മറ്റാരുടേയെങ്കിലും സഹായം കൂടാതെ പ്രഥമ മനുഷ്യന് ഭാഷ പഠിക്കാൻ സാധ്യമല്ലാ അവർക്ക് സമ്മതിക്കേണ്ടി വരും. അങ്ങനെ ഏതൊന്നിനെയാണോ അവർ നിഷേധിക്കുന്നത് അതിനെ അവർക്ക് അംഗീകരിക്കേണ്ടതായി വരും. അവർ ഗാഢമായി ചിന്തിക്കുകയും മനനം ചെയ്യുകയും ചെയ്തെങ്കിൽ ഈ സത്യം ബോദ്ധ്യമാകും. നവജാതശിശുക്കളെ ഭാഷ പഠിച്ചു മനസ്സിലാക്കാൻ മറ്റൊരാളില്ലാതെ ഒറ്റക്ക് വിട്ടാൽ ഭാഷ അഭ്യസിക്കാൻ സാധ്യമല്ല എന്ന കാര്യം പരീക്ഷണ നിരീക്ഷണത്തിലൂടെയും വസ്തുതകളുടെ വിശകലനങ്ങളിലൂടെയും സ്ഥാപിക്കപ്പെട്ടതാണ്. അവർക്ക് അന്യരുടെ വിളിക്ക് ഉത്തരം നൽകാൻ കഴിയാതെ ബധിരരെപ്പോലെ കഴിയേണ്ടി വരും. സത്യാന്വേഷകനും സത്യവിശ്വാസിക്കും ഇതിനേക്കാൾ ശക്തമായ വാദം സമർപ്പിക്കാനുണ്ടോ? (മിനനുറഹ്മാൻ - Favours of The Beneficient P. 88)***

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വീണ്ടും എഴുതുന്നു: ***'ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമാണെന്ന് പറയുന്നത് ശരിയല്ല. സമ്പൂർണ്ണമായ തന്റെ ശക്തികളാൽ മനുഷ്യനെ സൃഷ്ടിക്കുകയും അവന് സംസാരിക്കാൻ കഴിയുമാറ് ഒരു നാവ് നൽകുകയും ചെയ്ത സർവ്വശക്തനായ ദൈവമാണ് ഭാഷകളുടെ സ്രഷ്ടാവും ഉപജ്ഞാതാവും. ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമായിരുന്നുവെങ്കിൽ ഒരു കുഞ്ഞിനെ സംസാരിക്കാൻ പഠിപ്പിക്കേണ്ടി വരുമായിരുന്നില്ല. ശിശുപക്വതയിലേക്ക് വളർന്നെത്തുന്നതോടൊപ്പം അതിന്റെ സ്വന്തമായ സംസാരരീതി അത് സ്വയം കണ്ടെത്തിയിരിക്കും. എന്നാൽ കുഞ്ഞിനെ സംസാരരീതി പഠിപ്പിക്കാത്തപക്ഷം അതിന് സംസാരിക്കാൻ കഴിയുകയില്ലെന്ന കാര്യം സ്പഷ്ടമാണ്. ശിശു ഗ്രീക്ക് വനാന്തരങ്ങളിലോ ബ്രിട്ടീഷ് ദ്വീപുകളിലോ ഭൂമദ്ധ്യരേഖാപ്രദേശങ്ങളിലോ എന്ന് വേണ്ട ഭൂമുഖത്ത് എവിടെ വളർത്തപ്പെട്ടാലും ശരി സംസാരകല അതിനെ അഭ്യസിപ്പിച്ചിരിക്കണം. അല്ലാത്തപക്ഷം ശിശുവിന് സംസാരിക്കാൻ കഴിവുണ്ടാകയില്ല.***

***മനുഷ്യന്റെ സ്വാധീനത്തിൽ ഭാഷകൾ മാറ്റങ്ങൾക്ക് വിധേയമാകുന്നുവെന്ന ധാരണ മിഥ്യയാണ്. ബോധപൂർവ്വമായ മാനുഷികയത്ന***

***ത്തിന്റെ ഫലമല്ല ഭാഷയിൽ ഉളവാകുന്ന മാറ്റങ്ങൾ. ചില പ്രത്യേക ഘട്ടങ്ങളിൽ ഭാഷയിൽ മാറ്റങ്ങൾ ഉളവാകുന്നതിന് മനുഷ്യമനസ്സിനെ സജ്ജമാക്കാമെന്ന് കരുതാവുന്ന നിയമങ്ങളോ തത്വങ്ങളോ ഇല്ല. ഭൗമികവും അഭൗമികവുമായ എല്ലാ മാറ്റങ്ങളിലുമെന്നപോലെ ഭാഷകളിലുണ്ടാകുന്ന മാറ്റങ്ങളിലും ദൈവേഛയുടെ പ്രതിഫലനം ആഴത്തിൽ ദൃശ്യമാണ്.***

***ലോകത്ത് സംസാരിക്കപ്പെട്ടുവരുന്ന വിവിധ ഭാഷകൾ ഒരു പ്രത്യേകഘട്ടത്തിൽ മനുഷ്യരാശി ഒന്നിച്ചോ, വിവിധ വിഭാഗക്കാർ വേറെവേറെയോ കണ്ടുപിടിച്ചതാണെന്ന് തെളിയിക്കാനോ സ്ഥാപിക്കാനോ സാധ്യമല്ല. ഭാഷകളിൽ നിരന്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന ദൈവത്തിന്, ഒരു വെളിപാടിന്റെ ആവശ്യമില്ലാതെ തന്നെ ഭാഷയെ ഉദ്ഭവിപ്പിച്ചുകൂടെ? ഈ ചോദ്യത്തിനുള്ള ഉത്തരമിതാണ്. ആരംഭത്തിൽ തന്റെ ശക്തിയിലൂടെ എല്ലാം ലളിതമായി സൃഷ്ടിക്കുക എന്നതായിരുന്നു ദൈവത്തിന്റെ രീതി. ആകാശം ഭൂമി, ചന്ദ്രൻ, മാനുഷിക പ്രകൃതം എന്നിവയുടേയും മറ്റെല്ലാത്തിന്റേയും പ്രാരംഭസൃഷ്ടിപ്പും തുടക്കവും ഭൗതികമായ സ്വാധീനങ്ങളൊന്നുമില്ലാതെ തികച്ചും പരിശുദ്ധമായ ദൈവികശക്തിയിലൂടെയാണുണ്ടായതെന്ന് വ്യക്തമാക്കുന്ന ദൈവം എന്തെല്ലാം സൃഷ്ടിച്ചുവോ അതെല്ലാം മനുഷ്യസങ്കല്പങ്ങൾക്കതീതമായ ഒരു ആത്യന്തിക ശക്തിയുടെ പ്രകടനരൂപങ്ങളാണ്.***

***ഇന്നത്തെ ഉപാധികൾ സൃഷ്ടിയുടെ ആരംഭത്തിനോ ഉത്ഭവത്തിനോ കാരണമായി തീരാൻ ന്യായമില്ല. ഉദാഹരണമായി ഇന്ന് അച്ഛനും അമ്മയുമില്ലാതെ ഒരു ശിശുവിന് ജന്മം കൊള്ളാൻ സാധ്യമല്ല. എന്നാൽ സൃഷ്ടിയുടെ തുടക്കത്തിൽ മാതാപിതാക്കൾ അനിവാര്യമായിരുന്നു എന്ന സ്ഥിതിവിശേഷം നിലനിന്നിരുന്നുവെങ്കിൽ മനുഷ്യവംശത്തിന്റെ ആവിർഭാവം തന്നെ അസാധ്യമായേനെ. ഭാഷകളിൽ യഥാകാലങ്ങളിൽ സ്വാഭാവികമായുണ്ടാകുന്ന മാറ്റങ്ങളും ആദിയിൽ ജനനം കൊണ്ട ഭാഷക്കും തമ്മിൽ ഇരുലോകങ്ങൾ തമ്മിലുള്ള വ്യത്യാസമുണ്ട്. ഇവ രണ്ടും തികച്ചും ഭിന്നമാണ്. (ബറാഹീണെ അഹ്മദിയ്യ പേജ് 336 - 346 - The essence of Islam)***

## ഭാഷ വെളിപാടിലൂടെ

ഭാഷയുടെ ഉദ്ഭവത്തെക്കുറിച്ച് ആധുനിക ശാസ്ത്രസമൂഹം എത്തിച്ചേർന്ന ഉത്ക്കണ്ഠയുടെയും സന്നിഗ്ദതകളുടേയും നിദർശനമാണ് ആധികാരിക വിജ്ഞാനകോശമായ എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയുടെ താഴെ പറയുന്ന ഉദ്ധരണി.

***'ഭാഷയുടെ ഉത്ഭവത്തെ സംബന്ധിച്ച ആത്യന്തികവസ്തുതകളെക്കുറിച്ച് പലവിധ അഭ്യൂഹങ്ങളും പ്രചാരത്തിലുണ്ട്. ഭാഷാശാസ്ത്രജ്ഞന്മാരിൽ ഉള്ളതിനേക്കാൾ കൂടുതൽ ദാർശനികന്മാർക്കിടയിലാണ് ഇത് കണ്ടുവരുന്നത്. ഡബ്ലിയു. ഷ്മിഡ്ത് (W. Schmidt) അടക്കം ചില പണ്ഡിതന്മാർ പൊതുവെ പ്രചാരത്തിലിരിക്കുന്ന സിദ്ധാന്തങ്ങളെക്കുറിച്ച് ബോധവാന്മാരാണ്. വിശദീകരണങ്ങളെല്ലാം ഉപേക്ഷിച്ച് അവർ ഇക്കാര്യത്തിൽ മതപരമായ വിശ്വാസത്തിലേക്ക് സ്വഭാവികമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ വിശ്വാസമെന്താണെന്നോ? ആദ്യ ഭാഷ ദൈവം നേരിട്ട് ആദമിന് നൽകുകയാണുണ്ടായത് എന്നതാകുന്നു. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക - പേ. 702)***

അല്ലാഹു ആദമിന് ഭാഷ വെളിപാടിലൂടെയാണ് പഠിപ്പിച്ചുകൊടുത്തതെന്ന സൂചന വിശുദ്ധ ഖുർആനിലുണ്ട്. ഖുർആൻ പറയുന്നു.

***അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവയെ മലക്കുകളുടെ മുമ്പിൽ വെച്ചുകാട്ടി എന്നിട്ടു അവൻ പറഞ്ഞു: 'നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോടു പറയുക.' അവർ പറഞ്ഞു: 'നീ പരിശുദ്ധനാണ് ഞങ്ങൾക്ക് നീ പഠിപ്പിച്ചുതന്നതല്ലാതെ ഞങ്ങൾക്ക് യാതൊരറിവുമില്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു. അപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ആദം! നീ അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുക്കുക.അപ്രകാരം അദ്ദേഹം അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു; നിശ്ചയമായും ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോട് ഞാൻ പറഞ്ഞിരുന്നില്ലേ? (2:32-34).***

ഇവിടെ ആദമിന്ന് 'നാമങ്ങൾ' പഠിപ്പിച്ചുകൊടുത്തു എന്നതിൽ പലവിധ സൂചനകളുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു സൂചന ആദമിന്ന് ദൈവം വെളിപാടുകളിലൂടെ ഭാഷ അഭ്യസിപ്പിച്ചു എന്നതാണ്. ദൈവത്താൽ വെളിപ്പെട്ട ആ പ്രഥമ ഭാഷ ദിവ്യാത്ഭുതങ്ങൾ നിറഞ്ഞ അറബിഭാഷയാണ്. അതുകൊണ്ടാണ് എല്ലാ ഭാഷകളുടയും മാതാവായി അറബിഭാഷ വർത്തിക്കുന്നത്. ഈ യാഥാർത്ഥ്യം അനിഷേധ്യമായ യുക്തിയുടേയും ന്യായവാദങ്ങളുടേയും പിൻബലത്തോടെ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) 'മിനനു റഹ് മാൻ' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചുകാട്ടുകയുണ്ടായി. വാസ്തവത്തിൽ അറബിഭാഷയോട് അളവറ്റ ആദരം പുലർത്തുന്ന മുസ്ലിം പണ്ഡിതന്മാർ പോലും ഹദ്റത്ത് അഹ്മദ് (അ) ഉന്നയിച്ച ഈ പ്രമേയത്തെപ്പറ്റി വേണ്ടവിധം ബോധവാന്മാരായിട്ടില്ല. ഹദ്റത്ത് അഹ്മദ് (അ) എഴുതുന്നു.

***'ദൈവം മനുഷ്യനെ 'സമീഃ' (ശ്രോതാവ്) എന്നാണ് വിളിച്ചത്. 'സമീഃ' എന്ന ഈ വാക്കിന്റെ വിവക്ഷ പുരാതനകാലത്ത് മനുഷ്യനെ ദൈവം ശ്രദ്ധിച്ചുകേൾക്കുന്ന***

*(ശേഷം 28-ൽ)*

ലേഖനം

**വാഗ്ദത്ത മസീഹിന്റെ ജീവിതചിത്രം: ലേഖന പരമ്പര - 9.**

# കാത്തിരുന്ന കാലത്തിന്റെ ഇമാം

**ഏ. ക്യു മഹ്ദി**

## ഹദ്റത്ത് അഹ്മദി(അ)ന്റെ ദൗത്യപ്രഖ്യാപനത്തെ തുടർന്ന് ചില പ്രതിയോഗികൾ മുന്നോട്ടുവന്നു.

നൂറ്റാണ്ടുകളുടെ സുപ്രഭാതം പൊട്ടി വിരിയുകയാണ്; ഒപ്പം, ഒരു യുഗപുരുഷനെ ലോകം കാത്തിരിക്കുകയും. പതിനാലാം ശതകത്തിലെ മുജദ്ദിദ് - കാലത്തിന്റെ ഇമാം - ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) ആണെന്ന്, ഇതിനകം ആത്മീയ അന്തർദൃഷ്ടിയുള്ളവരൊക്കെ ധരിച്ചു കഴിഞ്ഞിരുന്നു.

ഹദ്റത്ത് സൂഫി അഹ്മദ് ജാൻ (റ) ആ പുണ്യാത്മാവിനെ സംബോധന ചെയ്തുകൊണ്ട്, രണ്ടു വരി കവിത രചിച്ചു,

'രോഗാതുരരായ ഞങ്ങളുടെയെല്ലാം ദൃഷ്ടി അങ്ങയുടെ നേർക്കാണ്, അല്ലാഹുവിനുവേണ്ടി സദയം അങ്ങ് മസീഹായാലും...'

ഭൂമിയിൽ ഒരു ദൈവദൂതൻ നിയോഗിക്കപ്പെടാൻ പോവുകയാണ്. സ്വർഗ്ഗത്തിൽ അതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. ലോകം ആത്മീയതയുടെ അഭാവത്താൽ ശൂന്യമായിത്തീരുമ്പോൾ സ്വർഗ്ഗീയ ജലമിറക്കി ദൈവം അതിനെ വീണ്ടും സമ്പന്നവും മലർവാടിയുമാക്കുന്നു. അതു ദൈവിക നിയമവുമാണ്.

1882ന്റെ ആരംഭത്തിൽ, ഒരിക്കൽ ഖാദിയാനിലെ മസ്ജിദ് അഖ്സായിൽ വച്ച് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഒരാത്മദർശനത്തിൽ, ''ഒരു തോട്ടം നിർമ്മിക്കപ്പെടുന്നതായും താൻ അതിന്റെ തോട്ടക്കാരനായി നിയമിക്കപ്പെട്ടിരിക്കുന്നതായും" കണ്ടു. പിന്നീട് കുറച്ചു നാളുകൾക്കുശേഷം 'ബറാഹീൻ' എഴുതിക്കൊണ്ടിരിക്കെ ഉണ്ടായ മറ്റൊരു ദർശനത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ് തഫാ (സ) തിരുമേനി എഴുന്നള്ളിയിരിക്കുന്നതായും, തന്നെ ആശ്ലേഷം ചെയ്യുന്നതായും കണ്ടു. ആ അവസരത്തിൽ നബിതിരുമേനിയുടെ മുഖ ത്തു നിന്നും പ്രസരിച്ച ഒരു പ്രകാശധാര തന്നിലേയ്ക്ക് നിവേശിച്ചുകൊണ്ടിരിക്കുന്നതായി പ്രത്യക്ഷദൃഷ്ടി കൊണ്ടുതന്നെ കാണുകയുണ്ടായി. ഇതിനുശേഷം റസൂൽ കരീം (സ) തിരുമേനി തന്നിൽ നിന്ന് അന്യപ്പെട്ടുവെന്നോ തിരിച്ചുപോയെന്നോ പറയാൻ കഴിയാത്ത ഒരവസ്ഥാവിശേഷം ഉണ്ടാവുകയും ചെയ്തു. അപ്പോൾ ഇപ്രകാരം ഒരു 'ഇൽഹാം' ഉണ്ടായി.

"അല്ലയോ അഹ്മദ്! അല്ലാഹു നിനക്കു അനുഗ്രഹം നൽകിയിരിക്കുന്നു. നീ എറിഞ്ഞതെന്തോ അതു നീയല്ല എറിഞ്ഞത്, അല്ലാഹുവാണ്. ഖുർആന്റെ ജ്ഞാനം നൽകിയവൻ കരുണാനിധിയത്രെ. പറയുക, 'ഞാൻ ദൈവത്താൽ നിയുക്തനായിരിക്കുന്നു, ഞാൻ വിശ്വാസികളാൽ മൂമ്പനുമത്രെ."

ദൈവികനിയോഗത്തെ സംബന്ധിച്ചു അദ്ദേഹത്തിനു ലഭിച്ച ആദ്യത്തെ ദിവ്യവെളിപാടായിരുന്നു ഇത്.

താൻ ദൈവത്താൽ നിയുക്തനായിരിക്കുന്നുവെന്ന ഈ ദിവ്യവെളിപാടു ഹദ്റത്ത് അഹ്മദിനു ലഭിച്ചുവെങ്കിലും 'ബൈഅത്ത്' സ്വീകരിക്കുവാനുള്ള വ്യക്തമായ കൽപ്പന ഇല്ലാതിരുന്നതിനാൽ അത് സംബന്ധിച്ച് പരസ്യമായ വാദം പുറപ്പെടുവിക്കുകയോ ശിഷ്യസംഘം രൂപീകരിക്കാൻ തയ്യാറാവുകയോ ചെയ്തില്ല അദ്ദേഹം.

പിന്നീട് നിരന്തരം വെളിപാടുകൾ ഉണ്ടായിത്തുടങ്ങി. അവയിൽ പലതും ഖുർആൻ വചനങ്ങൾ തന്നെയായിരുന്നു. മാത്രമല്ല, ഭാവിയിൽ വരാൻ പോകുന്ന പല കാര്യങ്ങളെക്കുറിച്ചും സൂചനകൾ നൽകുന്ന സദ്വാർത്തകളും താക്കീതുകളും അവയിലുൾപ്പെട്ടിരുന്നു. ധാരാളം ആളുകൾ സന്ദർശനാർത്ഥം ഖാദിയാനിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരിക്കുമെന്നും തന്നിമിത്തം വഴികൾ കുണ്ടുംകുഴിയുമായിപ്പോകുമെന്നും, ജനങ്ങളുടെ ആധിക്യം കാരണം ഒരിക്കലും പരിഭ്രമിച്ചുപോകരുതെന്നും, ദൈവത്തിന്റെ സഹായസേനകൾ കുതിച്ചെത്തുമെന്നും മറ്റുമുള്ള പ്രവചനങ്ങളടങ്ങിയ വെളിപാടുകൾ തുടരെ ഉണ്ടാവുകയും അവയൊക്കെ അക്കാലത്തുതന്നെ പ്രസി

ഢീകരിക്കപ്പെടുകയുമുണ്ടായി.

1884-ൽ 'ബറാഹീൻ' നാലുഭാഗങ്ങളും പൂർത്തിയായിക്കഴിഞ്ഞപ്പോൾ അതു സംബന്ധിച്ചു ലോകത്തെ അറിയിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചായി ആലോചന. അതുമായി ബന്ധപ്പെട്ടുള്ള വിജ്ഞാപനങ്ങളും പരസ്യങ്ങളും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും പല സ്ഥലങ്ങളിലേയ്ക്കും അയച്ചുകൊടുക്കുകയുമുണ്ടായി. ഈ വിജ്ഞാപനം ഇംഗ്ലീഷിൽ തയ്യാറാക്കി ഇൻഡ്യയുടെ നാനാഭാഗങ്ങളിലേയ്ക്കും, യൂറോപ്പിലും അമേരിക്കയിലുമുള്ള പ്രസിദ്ധരായ വ്യക്തികൾക്കും, ക്രിസ്തീയ മിഷനറിമാർക്കും അയക്കാൻ തീരുമാനമായി. ഒപ്പം ആര്യസമാജം, ബ്രഹ്മസമാജം എന്നീ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാർക്കും, പ്രമുഖരായ യുക്തിവാദികൾക്കും, ഇൻഡ്യയിലെ പ്രധാന നാട്ടുരാജാക്കന്മാർക്കും മുസ്‌ലിം പണ്ഡിതന്മാർക്കും എത്തിക്കാൻ പരിപാടികൾ തയ്യാറാക്കുകയുണ്ടായി. 2000 പേർക്കെങ്കിലും തപാലിൽ രജിസ്റ്റർ ചെയ്തയക്കാനായിരുന്നു വിചാരിച്ചത്. പക്ഷേ ദുർവ്വഹമായ തപാൽച്ചെലവു കാരണം 500 പേർക്കു മാത്രമേ ഇങ്ങനെ അയക്കാൻ കഴിഞ്ഞുള്ളൂ.

ലോകത്തെ ഉദ്ധരിക്കാൻ താൻ നിയുക്തനായിരിക്കയാണെന്നും, യേശുവിന്റെ സാദൃശ്യത്തിലും മാർഗ്ഗത്തിലും താൻ ആ ചുമതല നിർവ്വഹിക്കാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണെന്നും തപാലിൽ രജിസ്റ്റർ ചെയ്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിലേയ്ക്കയച്ച ആ കത്തിൽ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു.

ഇസ്‌ലാമാണ് പരിപൂർണ്ണവും കുറ്റമറ്റതുമായ മതം, വിശുദ്ധ ഖുർആൻ ദൈവത്തിന്റെ വചനങ്ങളാണ്; ഈ സത്യം ദിവ്യ അടയാളങ്ങൾ വഴി തെളിയിച്ചുകാട്ടുവാൻ താൻ സന്നദ്ധനാണ്. ഈ ദൃഷ്ടാന്തങ്ങൾ കാണാനും അനുഭവിച്ചറിയുവാനും തന്നോടൊപ്പം ഖാദിയാനിൽ വന്ന് ഒരു കൊല്ലം വരെ ഒരു സത്യാന്വേഷിയെന്നോണം ആർക്കും താമസിക്കാമെന്നും കത്തിൽ പറഞ്ഞിരുന്നു. ഈ സത്യസാക്ഷ്യം കാണാൻ തുറന്ന ഹൃദയത്തോടെ ഖാദിയാനിൽ വന്നു താമസിക്കുന്ന ഏതൊരാൾക്കും ഒരു കൊല്ലത്തിനകം ഇസ്‌ലാമിന്റെ സത്യത്തിലേയ്ക്കുള്ള അനിഷേധ്യവും ഖണ്ഡിതവുമായ അടയാളം താൻ കാണിച്ചുകൊടുക്കുമെന്നും അദ്ദേഹം ഉറപ്പുനൽകി. അതിനു കഴിഞ്ഞില്ലെങ്കിൽ ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി നൽകും.

നിരവധി ഹൃദയങ്ങളിൽ ഈ വിജ്ഞാപനം ചലനങ്ങളുളവാക്കി. പലരും ഉറക്കെ ചിന്തിക്കാൻ തുടങ്ങി. സാത്വികരും സത്യഭക്തരും തങ്ങളുടെ ചരിത്രപുരുഷനെ തിരിച്ചറിഞ്ഞു. സന്ദർശകർ ഖാദിയാനിലേയ്ക്ക് പ്രവഹിച്ചു.

ഇൻഡ്യയിലും, പാശ്ചാത്യലോകത്തു പലയിടങ്ങളിലും ഹദ്റത്ത് അഹ്മദിന്റെ ആഹ്വാനം ചലനങ്ങൾ സൃഷ്ടിച്ചെങ്കിലും ഒരു വെല്ലുവിളി സ്വീകരിക്കുംമട്ടിൽ ആരും തുറന്നനിലയിൽ മുന്നോട്ടുവന്നില്ല. എന്നാൽ, കേവലം മൂന്നു പേർ ഇതിനായി ചില നീക്കങ്ങൾ നടത്തുവാൻ തയ്യാറായി.

മുൻഷി ഇന്ദ്രമൻ മുറാദാബാദ്, റവ: ഇ.പി. സോഫ്റ്റ്, പിന്നെ പണ്ഡിറ്റ് ലേഖ്റാം; ഇവരാണ് ആ വ്യക്തികൾ.

മുൻഷി ഇന്ദ്രമാൻ ഒരു വലിയ ഹിന്ദുമത പണ്ഡിതനായിരുന്നു. അദ്ദേഹം സംസ്കൃതത്തിലും പാർസിയിലും അഗാധപാണ്ഡിത്യം നേടിയ വ്യക്തിയായിരുന്നു. ധാരാളം ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. പ്രകോപനപരമായ നിലയിൽ ഇസ്‌ലാമിനെ ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്തു ശീലിച്ച ഇയാൾ ഒരു ആര്യസമാജം നേതാവുകൂടിയായിരുന്നു. ഹിന്ദു ശാസ്ത്രങ്ങളിലും ദർശനങ്ങളിലും അസാമാന്യ അവഗാഹം ഉണ്ടായിരുന്ന മുൻഷി, ആര്യസമാജ സ്ഥാപകനായ ദയാനന്ദ സരസ്വതിയുടെ സഹപ്രവർത്തകനുമായിരുന്നു.

മുസ്‌ലിംകൾക്കെതിരായി ചില ക്ഷുദ്രകൃതികളെഴുതിയതിനെ തുടർന്ന് 1880-ൽ ഇയാൾ അറസ്റ്റ് ചെയ്യപ്പെട്ടു. ഗവൺമെൻറ് ഇയാളുടെ പുസ്തകങ്ങൾ കണ്ടുകെട്ടി നശിപ്പിക്കുകയും 500 രൂപ പിഴശിക്ഷ വിധിക്കുകയും ചെയ്തു.

ഹദ്റത്ത് അഹ്മദ് (അ)ന്റെ ആഹ്വാനം സ്വീകരിച്ചുവെന്നു വീമ്പിളക്കിയ ഇയാൾ, പിന്നീട് തന്ത്രപൂർവ്വം തന്റെ നിലപാടിൽ നിന്നും തെന്നി രക്ഷപ്പെട്ടുകളഞ്ഞു. ഹദ്റത്ത് അഹ്മദിന്റെ തുടർന്നുള്ള കത്തുകൾക്കോ, വിജ്ഞാപനങ്ങൾക്കോ യാതൊരു മറുപടിയും നൽകാതെ മുൻഷി പൂർണ്ണ നിശ്ശബ്ദത പാലിക്കുകയാണുണ്ടായത്.

ഇനി, ആഹ്വാനം സ്വീകരിച്ച രണ്ടാമത്തെ വ്യക്തി. റവ: ഇ.പി. സോഫ്റ്റ് എന്ന പേരിൽ പ്രഖ്യാപിതനായ ഒരു ക്രൈസ്തവ മിഷണറിയായിരുന്നു. ഗ്വാളിയോർ സ്വദേശിയായ ഇയാൾ ഹിന്ദുമതത്തിൽ നിന്നും പരിവർത്തനം ചെയ്തു ക്രിസ്തുമതത്തിൽ ചേർന്ന ആളായിരുന്നു. ഇയാളുടെ ആദ്യപേര് റാംചന്ദ് എന്നായിരുന്നു.

ഈ പാതിരി ക്രിസ്തുമതതത്വങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ആധികാരികവക്താവായി അറിയപ്പെട്ടു. മതപരിവർത്തനം ചെയ്തുവന്നയാൾ എന്ന നിലയിൽ ഇയാൾക്ക് ക്രൈസ്തവർ വളരെ വലിയ പരിഗണനയും നൽകിവന്നു. ഇയാളൊരു കർക്കശസ്വഭാവക്കാരനുമായിരുന്നു.

മസീഹ് (അ)ന്റെ ആഹ്വാനം സ്വീകരിച്ചെന്ന ഭാവത്തിൽ മൂന്നു കടുത്ത നിബന്ധനകളാണ് അയാൾ ഉന്നയിച്ചത്.

ഒന്ന്, ഈ ദിവ്യപരീക്ഷണത്തിൽ പങ്കെടുക്കണമെങ്കിൽ തനിക്ക് 600 രൂപ മുൻകൂറായി അയച്ചുതരണം.

രണ്ട്, ഖാദിയാനിൽ വരണമെങ്കിൽ താമസിക്കുവാൻ സുഖപ്രദമായ ഒരു താമസസ്ഥലം ഒരുക്കണം. അസൗകര്യങ്ങൾ ഉണ്ടെന്നു തോന്നിയാൽ ഉടൻ മടങ്ങി പൊയ്ക്കളയും, കിട്ടിയ 600 രൂപ തിരികെ തരുന്ന

തുമല്ല.

മൂന്ന്, അത്ഭുതദൃഷ്ടാന്തങ്ങൾ കാണിക്കുന്നെങ്കിൽ അത്, യുക്ലീഡിന്റെ ക്ഷേത്രഗണിതത്തിലെന്നപോലെ കൃത്യവും കണിശവുമായിരിക്കണം.

അപ്രായോഗികങ്ങളായിരുന്നു ഈ ആവശ്യങ്ങളെങ്കിലും ഹദ്റത്ത് അഹ്മദ് അയാൾക്കു മറുപടി നൽകി.

പണം മുൻകൂറായി നൽകാമെന്നു ആഹ്വാനത്തിൽ ഇല്ലെങ്കിലും, തുക ബാങ്കിൽ കെട്ടിവയ്ക്കാം, നല്ല താമസസൗകര്യവും ഒരു പ്രശസ്താതിഥിക്കുള്ള പരിഗണനയും നൽകാം, യുക്ലീഡിസിന്റെ ക്ഷേത്രഗണിതത്തിൽ പിഴവുകളുണ്ടാവാം, എന്നാൽ തന്റെ സ്വർഗ്ഗീയദൃഷ്ടാന്തങ്ങളാകട്ടെ ഖണ്ഡിതവും പിഴവറ്റതുമായിരിക്കും.

പക്ഷേ, ആ ക്രിസ്തീയപാതിരി നിശബ്ദത പാലിച്ച്, പിൻവാങ്ങിക്കളഞ്ഞു.

അടുത്ത, മൂന്നാമത്തെ ആൾ ആര്യസമാജക്കാരനായ പണ്ഡിറ്റ് ലേഖ്റാം ആയിരുന്നു. ആര്യസമാജത്തിലെ ഒരു സാധാരണ അംഗം എന്നതിൽകവിഞ്ഞ്, ഇയാൾ പേരുള്ള വ്യക്തിയോ സുസമ്മതനോ ആര്യസമാജത്തിന്റെ നേതാവോ ഒന്നുമായിരുന്നില്ല. താൻ മുഖേന വെളിപ്പെടുന്ന ദൈവികദൃഷ്ടാന്തങ്ങൾക്ക് പേരും പെരുമയുമുള്ള ഉന്നതവ്യക്തികൾ സാക്ഷികളാവണമെന്നും, അവരുടെ വ്യക്തിത്വത്തിലൂടെ ലോകരെല്ലാം അനിഷേധ്യമായ തരത്തിൽ അതറിയണമെന്നുമായിരുന്നു ആ മഹാത്മാവ് ആഗ്രഹിച്ചത്. ലേഖ്റാം അക്കൂട്ടത്തിൽപ്പെടുന്ന ഒരാളായിരുന്നില്ലതാനും.

ഇയാളാകട്ടെ, മുൻസൂചിപ്പിച്ച ക്രിസ്തീയ പാതിരിയെക്കാൾ കഠിനമായ ഒരു നിബന്ധനയാണ് മുന്നോട്ടുവച്ചത്. 2400 രൂ മുൻകൂട്ടി ബാങ്കിൽ കെട്ടിവയ്ക്കണം. ഒന്നര നൂറ്റാണ്ടുമുമ്പ് ഈ തുകക്ക് ഇന്നത്തെ ലക്ഷങ്ങളാണു മൂല്യം വരിക. കൂടാതെ, മര്യാദയില്ലാത്തതും മാന്യന്മാർക്കു ചേരാത്തുതമായ ഭാഷയിലായിരുന്നു ഈ മനുഷ്യൻ ഹദ്റത്ത് അഹ്മദ് (അ)-നു കത്തുകളെഴുതിയിരുന്നത്. സംസ്കാരശൂന്യമായ രീതിയിൽ, രൂക്ഷഹാസസമ്മിശ്രമായ ഭാഷയിൽ അയാൾ അധിക്ഷേപങ്ങൾ തുടരുകയും ചെയ്തു.

ദൈവിക ദൃഷ്ടാന്തമെന്നാൽ സൂര്യൻ പടിഞ്ഞാറ് ഉദിച്ചു കിഴക്ക് അസ്തമിച്ചു കാട്ടണമെന്നതായിരിക്കണമെന്നും ഈ മൂഢൻ ആവശ്യപ്പെട്ടു. താനുമായി മുഖാമുഖം പരിചയപ്പെട്ട് കാര്യങ്ങൾ തീരുമാനിക്കാമെന്ന് ഹദ്റത്ത് അഹ്മദ് (അ) ലേഖ് റാമിനെ അറിയിച്ചെങ്കിലും, കടുത്ത ഇസ്‌ലാം മതശത്രുക്കളുടെ സ്വാധീനവലയത്തിലകപ്പെട്ട അയാൾക്ക് ആ മഹാത്മാവിനെ കണ്ടു സംസാരിക്കാനുള്ള ഒരവസരം ലഭിച്ചില്ല. കാരണം അയാളുടെ ജീവിതദിനങ്ങൾ ദൈവത്തിന്റെ മുമ്പിൽ എണ്ണപ്പെട്ടു കഴിഞ്ഞിരുന്നു. പൈശാചിക ആവേശത്തോടെ ദൈവത്തിന്റെ ദൂതനുമായി പോരിനു പുറപ്പെട്ട ലേഖ്റാം ഏതാനും നാളുകൾക്കുശേഷം ആ ദിവ്യാത്മാവിന്റെ പ്രവചനപ്രകാരം അജ്ഞാതനായ ഏതോ ഒരു വ്യക്തിയുടെ കൈയ്യാൽ ദാരുണമായി കൊല്ലപ്പെടുകയായിരുന്നു. പോലീസും അന്വേഷണഉദ്യോഗസ്ഥരും സർക്കാരുമൊക്കെ കിണഞ്ഞു പരിശ്രമിച്ചെങ്കിലും കൊലപാതകിയെ സംബന്ധിക്കുന്ന യാതൊരു തെളിവും ഇന്നുവരെ ലഭിച്ചിട്ടില്ല എന്നതും പ്രസ്താവ്യമാണ്. തുടരും... ●

---

***(25-ൽ നിന്ന് തുടർച്ച)***

***ശ്രോതാവായിട്ടായിരുന്നു സൃഷ്ടിച്ചത് എന്നാണ്. ദൈവം അവനെ ആശയക്കുഴപ്പമുണ്ടാക്കുന്ന അവസ്ഥയിൽ വിട്ടിരുന്നില്ല. സൂറ ബക്കറയിൽ ഈയൊരാശയം കൂടുതൽ വിശദമാക്കുന്നു.***

***സൂറ ബക്കറയിൽ 'ദൈവം മനുഷ്യനെ നാമങ്ങൾ' പഠിപ്പിച്ചു എന്ന് പറയുന്നു. ഇത് ഒരുപാട് കാര്യങ്ങൾ സൂചിപ്പിക്കുന്നു. അതിലൊന്ന് ദൈവം 'മുസമ്മിയത്ത്'ലൂടെ ഭാഷാപദങ്ങൾ പഠിപ്പിച്ചു എന്നാണ്. 'മുസമ്മിയത്ത്' എന്നാൽ അടയാളങ്ങളിലൂടെ വിവരിക്കപ്പെടുന്ന വസ്തുതകൾ എന്നാണർത്ഥം. പഠിപ്പിക്കപ്പെട്ട ഈ കാര്യങ്ങൾ ക്രിയകളോ, നാമങ്ങളോ സൃഷ്ടവസ്തുക്കളെപ്പറ്റിയോ ആകാം. മറ്റൊന്ന് - വസ്തുക്കളുടെ യഥാർത്ഥ സത്തയും അവയിൽ അന്തർഹിതമായ ഗുണങ്ങളും തമ്മിലുള്ള ബന്ധം അറബിഭാഷയിൽ പഠിപ്പിക്കപ്പെട്ടു എന്നതാണ് (മിനനുറഹ്മാൻ - Favours of The Beneficient p. 96)***

ഭാഷയുടെ ദൈവികോൽഭവത്തെക്കുറിച്ചുള്ള ഈ ആശയം ബൈബിളിലും കാണാം.

***'കർത്താവായ ദൈവം നിലത്ത് എല്ലാ കാട്ടുമൃഗങ്ങളേയും ആകാശത്തിലെ എല്ലാ പക്ഷികളേയും സൃഷ്ടിച്ച് ആദം അവയെ എന്തു പേർ ചൊല്ലി വിളിക്കുന്നുവെന്ന് കാണുന്നതിന് അവയെ അയാളുടെ മുമ്പിൽ വരുത്തി. ആദാം ഓരോ ജീവിയേയും വിളിച്ചത് അതിന്റെ പേര് ആയി. എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പക്ഷികൾക്കും വയലിലെ എല്ലാ മൃഗങ്ങൾക്കും ആദാം പേരിട്ടു. (ഉൽപത്തി 2:18:20)***

ഭാഷ ദൈവത്തിൽ നിന്നും മനുഷ്യന് ഉത്ഭൂതമായ വരദാനമാണ് എന്നതിന് അനിഷേധ്യമായ നിരവധി തെളിവുകളുണ്ടായിരിക്കെ അത് മൃഗങ്ങളുടെയും പക്ഷികളുടേയും ശബ്ദങ്ങൾ അനുകരിച്ച് പ്രാകൃത മനുഷ്യർ സ്വയം ഉണ്ടാക്കിയതാണെന്ന നിരർത്ഥകവും അയുക്തികവുമായ വാദങ്ങൾ ശാസ്ത്രം എന്ന പേരിട്ട് ഉയർത്തുന്നത് പരിഹാസ്യമാണ്. വെളിപാടിലൂടെ മനുഷ്യന് ജ്ഞാനങ്ങൾ ലബ്ധമാണ്. ഭാഷ ദൈവത്തിൽ നിന്നും വെളിപ്പെട്ടതാണെന്ന് അംഗീകരിക്കുന്നതിന് ബുദ്ധിമാനായ മനുഷ്യന് എന്താണ് തടസ്സം? (തുടരും)

●

# പാകിസ്താനിലെ നീതിനിഷേധങ്ങൾ

ഡോ. ജോനതൻ എൻസർ, യു.കെ.

**അഹ്മദികൾക്കെതിരെ പാകിസ്താനിൽ നടക്കുന്ന കടുത്ത നീതി നിഷേധങ്ങളും മനുഷ്യാവകാശ ധ്വംസനങ്ങളും മതപാർട്ടികളുടേയും രാഷ്ട്രീയപാർട്ടികളുടേയും ഭരണകൂടത്തിന്റേയും പിന്തുണയോടെയാണെന്ന് കമ്മീഷൻ കണ്ടെത്തുന്നു**

അഹ്മദികൾക്കെതിരിൽ നടക്കുന്ന പീഡനങ്ങളെക്കുറിച്ച് ശരിയായ നിലയിൽ വിലയിരുത്താൻ കഴിയാത്ത വിധം അവർക്കെതിരിൽ നടക്കുന്ന അക്രമങ്ങളെക്കുറിച്ചുള്ള വാർത്തകൾ മറച്ചുപിടിക്കുകയാണെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ രേഖപ്പെടുത്തുന്നു. എങ്കിലും അഹ്മദികൾ നേരിടുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ മനസ്സിലാക്കുന്നു. അഹ്മദികൾ നേരിടുന്ന പ്രശ്നങ്ങളെ ലഘൂകരിക്കാൻ പാകിസ്താൻ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. അഹ്മദിയ്യാ പ്രശ്നം നേരിട്ട് കൈകാര്യം ചെയ്യുന്നത് രാഷ്ട്രീയമായ ആത്മഹത്യയായിരിക്കും. മതപരമായ സഹിഷ്ണുതയുടെ കാര്യം എടുത്തു പറയാൻ രാഷ്ട്രീയക്കാർ അഹ്മദികളെ ഉദാഹരിക്കുന്നില്ല. സീനിയർ ഗവൺമെന്റ് അഡ്വൈസർ സമാനമായ ഒരു നിഗമനമാണ് നടത്തുന്നത്. അഹ്മദികൾക്ക് വേണ്ടി അവസ്ഥയെ മാറ്റുക എന്നത് ഗവൺമെന്റിന്റെ കഴിവിന്നതീതമാണ്. അഹ്മദികൾക്കെതിരിൽ പൊതുജനത്തെ ഇളക്കിവിട്ട് തെരുവിലിറക്കാൻ സാധിക്കുമാറ് അഹ്മദികൾക്കെതിരിൽ വികാരമുദ്ദീപിക്കാൻ മതരാഷ്ട്രീയ പാർട്ടികൾ ശക്തിയാർജ്ജിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ വീക്ഷണം മാറ്റാൻ നിയമത്തിലുള്ള മാറ്റങ്ങൾ പര്യാപ്തമല്ലെന്നാണ് സീനിയർ ഗവ. അഡ്വൈസറുടെ അഭിപ്രായം. സമൂഹത്തിലുള്ള വീക്ഷണം ആദ്യം മാറ്റിയെടുക്കണം. എന്നിരിക്കിലും, തീവ്രവാദം ചില പ്രത്യേക ഗ്രൂപ്പുകളിൽ പരിമിതമാണെങ്കിലും മതപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം പറയാൻ ആരും ധൈര്യപ്പെടുന്നില്ല. ഏറ്റവും വിശാലവും മതേതരസ്വഭാവം പുലർത്തുന്നവരുമായ രാഷ്ട്രീയപാർട്ടികൾ പോലും തങ്ങളുടെ വിശ്വാസ്യതയും നിലയും നഷ്ടപ്പെട്ടുപോകുമെന്ന ഭയത്താൽ അഹ്മദികളെക്കുറിച്ചുള്ള പൊതുജനാഭിപ്രായത്തെ വെല്ലുവിളിക്കാൻ തയ്യാറാവുന്നില്ല. അതിന്റെ ഫലമായി അഹ്മദികളെക്കുറിച്ച് സംവാദം നടത്താൻ നേതൃത്വം നൽകാൻ ഒരു കക്ഷിയും സ്ഥാപനവും ഇല്ല എന്നതാണ് ഇതിന്റെ ഫലം. അതിനാൽ പൊതുജനമനോഭാവത്തിലുള്ള ഒരു മാറ്റം സമീപഭാവിയിൽ പ്രതീക്ഷിക്കുന്നില്ല.

## ഖത്മെ നുബുവ്വത്തിന്റെ (പ്രവാചകത്വ പരിസമാപ്തി സംരക്ഷണസമിതി) പങ്ക്

പാകിസ്താൻ യാത്രക്ക് മുമ്പേ തന്നെ ഖത്മെ നുബുവ്വത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് മിഷ്യൻ ബോധവൽക്കരിക്കപ്പെട്ടിട്ടുണ്ട്. യു.കെ. ആഭ്യന്തര ഓഫീസിന്റെ പാകിസ്താൻ ഒറിജിൻ ഇൻഫർമേഷൻ റിപ്പോർട്ട് മുഖേനയാണിത്. അതിന്റെ അഹ്മദിയ്യാ പ്രസ്ഥാനത്തെ നിരോധിക്കാനും അഹ്മദികളെ കൊല്ലുവാനും ആഹ്വാനം ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. അഹ്മദികളെയും റബ്‌വയിലെ അവരുടെ സ്വത്തുക്കളും ആക്രമിക്കുന്നത് പ്രധാനമായും ഖത്മെ നുബുവ്വത്ത് അംഗങ്ങളും അവരുടെ അനുകൂലികളുമാണെന്ന് പാകിസ്താനിൽ വെച്ച് അഹ്മദി പ്രതിനിധികൾ മിഷനെ അറിയിച്ചിട്ടുണ്ട്. ഖത്മെ നുബുവ്വത്തിന്റെ ആളുകൾ റബ്‌വയിൽ ഉണ്ടെന്നും അക്രമത്തിന് പ്രേരണ നൽകിയും ലൈബ്രറി ആക്രമിച്ചും റബ്‌വയിലെ ആളുകളെ പിടിച്ച് പോ

ലീസിലേല്പിക്കുകയും ചെയ്തു കൊണ്ട് അവർ വാർത്തകളിൽ എപ്പോഴുമുണ്ടെന്നും പാകിസ്താൻ ആംനസ്റ്റി ഇന്റർനേഷനലിന്റെ പ്രസിഡണ്ടായ ഫൈസു റഹ്മാൻ പറഞ്ഞു. അഹ്മദികളുടെ കേസ്സുകളിൽ ജഡ്ജിമാരെ ടെലിഫോൺ മുഖേന ഭീഷണിപ്പെടുത്തുന്നത് പ്രത്യേകിച്ചും ഖത്മെ നുബുവ്വത്തിന്റെ ആളുകളാണെന്ന്, ആംനസ്റ്റി ഇന്റർനേഷനലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട തനിക്ക് അറിയാൻ സാധിച്ചിട്ടുണ്ടെന്ന് ഫൈസു റഹ്മാൻ വിശദീകരിച്ചു. മുഖ്യധാരയിലുള്ള രാഷ്ട്രീയ പാർട്ടികളുമായും പ്രതിപക്ഷ നേതാക്കളുമായും ഖത്മെ നുബുവ്വത്തിന്റെ ആളുകൾക്ക് ബന്ധമുണ്ടെന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ രേഖപ്പെടുത്തിയിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതിനിധികൾ ഒരു ഉദാഹരണം മുഖേന ഇക്കാര്യം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. മതസൗഹാർദ്ദം വളർത്താനുള്ള പഞ്ചാബ് മുഖ്യമന്ത്രിയുടെ ഉപദേശകനായിരുന്നു 2006 സപ്തംബർ അഞ്ചിന് സർഗോദയിൽ വെച്ചു നടന്ന ഖത്മെനുബുവ്വത്ത് കോൺഫ്രൻസിലെ പ്രധാന അതിഥി. സംഘടനയുടെ പങ്കും ഉദ്ദേശ്യവും വിവരിക്കാൻ മിഷൻ ആവശ്യപ്പെട്ടപ്പോൾ ഖത്മെ നുബുവ്വത്തിന്റെ ഇസ്ലാമാബാദ് ഘടകത്തിന്റെ അംഗങ്ങൾ പറഞ്ഞത്, മുഹമ്മദ് നബി (സ.അ. പത്രാധിപർ) അന്ത്യപ്രവാചകനാകയാൽ അദ്ദേഹത്തിനു ശേഷം ഒരു പ്രവാചകനും വരാൻ പാടില്ല എന്നാണ് ഖത്മെ നുബുവ്വത്തിന്റെ വിശ്വാസം. മറിച്ച് അവകാശവാദമുന്നയിക്കുന്ന ആരും അവിശ്വാസിയാണ്. അദ്ദേഹത്തിന്റെ അവകാശവാദം വ്യാജമാണ്, അടിസ്ഥാനരഹിതമാണ്, ഒരു കുറ്റവുമാണ്. പ്രവാചകത്വ പരിസമാപ്തിയെക്കുറിച്ചുള്ള ഈ അറിവ് പ്രചാരണവും പുസ്തകവും മുഖേന വ്യാപിപ്പിക്കുകയാണ് ഖത്മെ നുബുവ്വത്തിന്റെ ദൗത്യം. മനുഷ്യരെന്ന നിലയിൽ അഹ്മദികളടക്കമുള്ള എല്ലാവരോടും തങ്ങൾ ക്ക് പരസ്പര ബഹുമാനമുണ്ടെന്ന് ഖത്മെ നുബുവ്വത്തിന്റെ വക്താക്കൾ തറപ്പിച്ചു പറഞ്ഞു. എന്നിരിക്കിലും തങ്ങൾ മുസ്ലിംകളാണെന്ന് അഹ്മദികൾ ഉറപ്പിച്ചുപറയരുത്. എന്തെന്നാൽ അവർ പ്രവാചകന്റെ നിയമങ്ങളിൽ വിശ്വസിക്കുന്നില്ല. പ്രവാചകത്വ പരിസമാപ്തിയിൽ വിശ്വസിക്കാത്തവർക്കെതിരിൽ പ്രവർത്തിക്കുകയും അവരുടെ വാദങ്ങളെ എതിർക്കുകയും വിശ്വാസത്തിലേക്ക് അവരെ മടക്കിക്കൊണ്ടുവരികയും ചെയ്യുകയാണ് ഖത്മെ നു ബുവ്വത്തിന്റെ ഉദ്ദേശ്യമെന്ന് ഖത്മെ നുബുവ്വത്ത് റബ്വ ഘടകത്തിലെ മുല്ലാ അർശാദ് മിഷനോട് പറഞ്ഞു. ഈ പങ്ക് എന്നാൽ പ്രത്യേകിച്ചും ഖത്മെ നുബുവ്വത്ത് കേന്ദ്രീകരിച്ചിരിക്കുന്നത് അഹ്മദികളുടെ മേലാണ്. ഖത്മെ നുബുവ്വത്തിന്റെ (ഇസ്ലാമാബാദ് ഘടകം) അഭിപ്രായത്തിൽ അഹ്മദികൾക്കെതിരിൽ പ്രസ്ഥാനം ആരംഭിച്ചത് 1974ൽ റബ്വ റയിൽവെസ്റ്റേഷനിൽ അഹ്മദികൾ മുസ്ലിംകളെ ആക്രമിച്ചപ്പോഴാണ്. അഹ്മദികൾ ഭീകരവാദികളായിരുന്നുവെന്നും ഇന്നും അവർ ഭീകരവാദികൾ തന്നെയാണെന്നും ഈ വക്താക്കൾ പറഞ്ഞു.

റബ്വയിലെ ഖത്മെ നുബുവ്വത്ത് പള്ളിയിൽ മിഷൻ കൂടിക്കാഴ്ച നടത്തിയ മി. റസ്നവാസ് ഖത്മെ നുബുവ്വത്തിന്റെ വീക്ഷണങ്ങളെപ്പറ്റി നൽകിയ വിശദീകരണം കൂടുതൽ വിപുലമായിരുന്നു. സീനിയർ ഗവൺമെന്റ് അഡ്വൈസർ നൽകിയ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ ചരിത്രപരമായ വിവരണത്തിൽ പരാമർശിച്ച കുറ്റാരോപണങ്ങൾ ആവർത്തിച്ചു കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ കൊളോണിയൽ കാലഘട്ടത്തിന്റെ അത്യാവശ്യമായ ഒരു സൃഷ്ടിയായിരുന്നുവെന്ന് മി. റസ്നവാസ് പറഞ്ഞു. രാഷ്ട്രീയാവശ്യത്തിനുവേണ്ടി ബ്രിട്ടീഷുകാർ അഹ്മദിനെ ഒരു മസീഹായി അംഗീകരിച്ചിട്ടുണ്ടായിരുന്നുവെന്നും പിന്നെ മുസ്ലിംകളെ ഭിന്നിപ്പിക്കാൻ അഹ്മദിയ്യാ വിഭാഗത്തെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തതെന്നും അദ്ദേഹം അവകാശപ്പെട്ടു. ബ്രിട്ടീഷ് സ്പോൺസർഷിപ്പിന്റെ പാരമ്പര്യമാണ് പാകിസ്താനിലെ അഹ്മദികളുടെ ശക്തി എന്നാണ് റസ്ന വാസിന്റെ അഭിപ്രായം. ഏകദേശം 1,25000 അഹ്മദികളാണ് പാകിസ്താനിലുള്ളത്. അതിൽ 25000 റബ്വയിലാണ്. പാകിസ്താനിലെ അധികാരത്തിന്റെ 20-30% അഹ്മദികളുടെ കയ്യിലാണ്. ഭരണത്തിലുള്ള അഹ് മദി ഉദ്യോഗസ്ഥന്മാർ മറ്റു അഹ്മദികൾക്ക് പിന്തുണ നൽകുന്നു.

## ദൈവനിന്ദാനിയമങ്ങളും പ്രഥമവിവര റിപ്പോർട്ടുകളും

സിയാവുൽ ഹഖിന്റെ 1984ലെ ഓർഡിനൻസ് XXലെ സെക്ഷൻ 298 b, 298 c എന്നിവിടങ്ങളിൽ (പാകിസ്താൻ പീനൽ കോഡ്) അഹ് മദികളെ സംബന്ധിച്ച് വ്യക്തമായ പരാമർശങ്ങൾ ഉണ്ട്. (അപ്പൻഡിക്സ് C ഓർഡിനൻസിന്റെ കോപ്പി No. XX,1984ഉം 1986ലെ സെക്ഷൻ 295 cയുടെ ഭേദഗതിയും നോക്കുക). സെക്ഷൻ 298 b അഹ്മദികളുടെ മതസ്വാതന്ത്ര്യത്തേയും അഭിപ്രായസ്വാതന്ത്ര്യത്തേയും പരിമിതപ്പെടുത്തുന്നു. അതു ലംഘിച്ചാൽ അഹ്മദിക്ക് മൂന്നു വർഷം വരെ തടവും പിഴയും നൽകേണ്ടി വരും. അത് വാക്കുമുഖേനയോ, പ്രസംഗം മുഖേനയോ എഴുത്തു മുഖേനയോ, കാണാവുന്ന പ്രാതിനിധ്യം മുഖേനയായാലും താഴെ പറയുന്നവർക്ക് ബാധകമാണ്.

(a) നബിതിരുമേനിയുടെ സഹാബിയേയോ ഖലീഫയേയോ അല്ലാത്തവരെ പരാമർശിച്ചുകൊണ്ടോ, അഭിസംബോധന ചെയ്തുകൊണ്ടോ ഒരഹ്മദി

'അമീറുൽ മൂഅ്മിനീൻ, ഖലീഫത്തുൽ മുഅ്മിനീൻ, ഖലീഫത്തുൽ മുസ്ലിമീൻ, സഹാബി അല്ലെങ്കിൽ റളിയല്ലാഹു അൻഹു എന്ന് ഉപയോഗിക്കുന്നത്.

(b) നബിതിരുമേനി(സ)യുടെ ഭാര്യയല്ലാത്ത ഒരു വ്യക്തിയെ പരാമർശിച്ചോ അഭിസംബോധന ചെയ്തോ 'ഉമ്മുൽ മുഅ്മിനീൻ' എന്നുപയോഗിക്കൽ

(c) മുഹമ്മദ് നബി (സ)യുടെ കുടുംബാംഗങ്ങളിൽ ഒരാളെയല്ലാതെ (അഹ്‌ലു ബൈത്ത്) അഹ്‌ലു ബൈത്ത് എന്ന് പരാമർശിക്കുകയോ അഭിസംബോധന ചെയ്യുകയോ ചെയ്യൽ.

(d) തന്റെ ആരാധനാസ്ഥലത്തെ 'മസ്ജിദ്' എന്ന് പരാമർശിക്കുകയോ പേരിടുകയോ വിളിക്കുകയോ ചെയ്യൽ.

തന്റെ വിശ്വാസപ്രകാരമുള്ള പ്രാർത്ഥനയിലേക്ക് ആളുകളെ വിളിക്കുന്ന രീതിക്ക് അഥവാ രൂപത്തിന് 'ബാങ്ക്' എന്ന് പരാമർശിക്കുകയോ മുസ്‌ലിംകളെപ്പോലെ ബാങ്ക് വിളിക്കുകയോ ചെയ്താലും ഒരഹ്മദിക്ക് മേൽ പറഞ്ഞ ശിക്ഷ തന്നെയാണ്. 298C അഹ്മദികളെ പ്രത്യേകമായി അമുസ്‌ലിം' എന്ന് നിർവ്വചിച്ചിരിക്കുന്നു. കൂടാതെ മൂന്നുവർഷത്തെ തടവും പിഴയും താഴെ പറയുന്ന 'കുറ്റ'ത്തിന് ചുമത്തുന്നതാണ്.

നേരിട്ടോ അല്ലാതെയോ മുസ്‌ലിമായി നിൽക്കുകയോ തന്റെ വിശ്വാസത്തെ ഇസ്‌ലാമെന്നു പരാമർശിക്കുകയോ പ്രബോധനം നടത്തുകയോ തന്റെ വിശ്വാസം പ്രചരിപ്പിക്കുകയോ തന്റെ വിശ്വാസം സ്വീകരിക്കാൻ മറ്റുള്ളവരെ ക്ഷണിക്കുകയോ ചെയ്താൽ. അത് വാക്കാലോ, എഴുത്തുമുഖേനയോ പ്രതിനിധാനം മുഖേനയോ മുസ്‌ലിംകളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന ഏതു വിധേനയാ

| PPC | വിവരണം | പെനാൽട്ടി |
|---|---|---|
| 298 a | വിശുദ്ധവ്യക്തികളെ സംബന്ധിച്ച് അപകീർത്തികരമായ പരാമർശങ്ങൾ നടത്തൽ | മൂന്നുവർഷം തടവ്, പിഴ അല്ലെങ്കിൽ രണ്ടും |
| 298 b | ചില വിശുദ്ധ വ്യക്തികൾക്കും സ്ഥലങ്ങൾക്കുംവേണ്ടി നീക്കിവെച്ചിട്ടുള്ള വിശേഷണങ്ങളും വിവരണങ്ങളും അഹ്മദികൾ ദുരുപയോഗപ്പെടുത്തുന്നതിന് | മൂന്നുവർഷം തടവും പിഴയും |
| 298 c | ഒരഹ്മദി സ്വയം മുസ്‌ലിമെന്ന് വിളിക്കുകയും പ്രബോധിക്കുകയും തന്റെ വിശ്വാസം പ്രചരിപ്പിക്കുകയും അല്ലെങ്കിൽ മുസ്‌ലിംകളുടെ മതവികാരങ്ങൾ വ്രണപ്പെടുത്തുകയോ മുസ്‌ലിമെന്ന് സ്വയം ഭാവിക്കുകയോ ചെയ്താൽ | മൂന്നു വർഷം തടവും പിഴയും |
| 295 | ഏതെങ്കിലും മതവിഭാഗത്തിനെ അപമാനിക്കാനുള്ള ഉദ്ദേശ്യത്തോടെ അവരുടെ ആരാധനാലയങ്ങളെ മലിനപ്പെടുത്തുകയോ ക്ഷതപ്പെടുത്തുകയോ ചെയ്താൽ | രണ്ടുവർഷം വരെ തടവ്, പിഴ, അല്ലെങ്കിൽ രണ്ടും കൂടി |
| 295 a | ഏതെങ്കിലും മതത്തെയോ മതവിശ്വാസത്തെയോ നിന്ദിച്ചുകൊണ്ട് അവരുടെ മതവികാരങ്ങളെ കരുതിക്കൂട്ടി വ്രണപ്പെടുത്തുന്ന നിന്ദാകരമായ പ്രവൃത്തികൾ | പത്തുവർഷം വരെ തടവ്, പിഴ അല്ലെങ്കിൽ രണ്ടും കൂടി |
| 295 b | വിശുദ്ധ ഖുർആനെ നിന്ദിക്കുക മുതലായവ | ജീവപര്യന്തം തടവ് |
| 295 c | നബി തിരുമേനിയെക്കുറിച്ച് അപകീർത്തികരമായ പരാമർശങ്ങൾ | മരണശിക്ഷയും പിഴയും |

പട്ടിക. 1. ദൈവനിന്ദാനിയമങ്ങളുടെ വിവരണവും പെനാൽട്ടിയും

യാലും ശരി. വിശുദ്ധ ഖുർആനേയോ നബിതിരുമേനിയുടെ നാമത്തെയോ മലിനപ്പെടുത്തുന്നത് മരണശിക്ഷ, ജീവ പര്യന്തം തടവ്, പിഴ എന്നിവക്ക് കാര ണമാക്കുന്ന കഠിനശിക്ഷയർഹിക്കുന്ന കുറ്റമായി പാകിസ്താൻ ശിക്ഷാനി യമം 1986 നോടുകൂട്ടിച്ചേർത്ത ക്ലോ സുകൾ (സെക്ഷൻ 295 b യും 295 c യും) അനുശാസിക്കുന്നു. 295 c വളരെ വിശാലമായ നിലയിൽ നിർവ്വ ചിക്കപ്പെട്ടിരിക്കുന്നു. നബിതിരുമേനി യെക്കുറിച്ച് അപവാദം, വ്യംഗ്യമായ പരിഹാസം തുടങ്ങിയ അപകീർത്തി കരമായ കാര്യങ്ങളും ഉൾക്കൊള്ളു ന്നു. (അപ്പൻഡിക്സ് നോക്കുക) നബി തിരുമേനിക്കെതിരിൽ നിന്ദാപരമായ പരാമർശങ്ങൾക്കുള്ള ശിക്ഷ, 1991ൽ ശരീഫ് ഗവൺമെന്റ് ശിക്ഷാനിയമപ രമായി മരണശിക്ഷയാക്കിയിരുന്നു. പട്ടിക 1-ൽ ദൈവനിന്ദാപരമായ കാര്യ ങ്ങളുടെ ചുരുക്കവും അതിനുള്ള പെനാൽറ്റികളും ചേർത്തിരിക്കുന്നു. ശിക്ഷാനിയമലംഘനം ആരോപിക്ക പ്പെട്ടത് മനസ്സിലാക്കുന്നത് പ്രഥമറി പ്പോർട്ട് എന്ന പ്രക്രിയയിലൂടെയാണ്. അതാണ് അറസ്റ്റ് ചെയ്യാനുള്ള നിയമ പരമായ അടിസ്ഥാനം. പ്രഥമ വിവര റിപ്പോർട്ട് ഫയൽ ചെയ്യാനുള്ള നടപ ടിക്രമങ്ങളും അതിന്റെ പ്രത്യാഘാത ങ്ങളും അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ വിശദീകരിച്ചു. ഒരു പ്രഥമ വിവര റി പ്പോർട്ട് ബോധിപ്പിക്കുന്നത് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹെഡ്ഡ് ഓഫീ സറുടെ പക്കലാണ്. പ്രഥമ വിവര റിപ്പോർട്ട് പ്രകാരം നിയമപരമായ അന്വേഷണം ആവശ്യമായ കുറ്റമാ ണെങ്കിൽ ദൈവനിന്ദാനിയമങ്ങൾ അട ക്കമുള്ള കാര്യങ്ങളിൽ ഒരു കോട തിയുടെയും അന്വേഷണം ആവശ്യമി ല്ലാതെതന്നെ പോലീസിന് പരിഗണി ക്കാവുന്ന കേസ്സുകളിൽ പോലീസ് ഉട നടി നടപടി എടുക്കേണ്ടിവരികയും ബന്ധപ്പെട്ട വ്യക്തിയെ അറസ്റ്റു ചെയ്യു കയും ചെയ്യേണ്ടി വരും. പ്രഥമ വിവര റിപ്പോർട്ട് ഉണ്ടാക്കുകയും സംശയ മുള്ള ആളെ തടഞ്ഞുവെക്കുകയും ചെയ്യുന്നതിന്നിടക്ക് സമയപരിധിയില്ല. പക്ഷേ, അറസ്റ്റു ചെയ്തുകഴിഞ്ഞാൽ പോലീസന്വേഷണം പതിനാലു ദിവ സങ്ങൾക്കകം പൂർത്തിയാക്കണം. അറ സ്റ്റിനെത്തുടർന്ന് പോലീസ് സ്റ്റേഷ നിൽ നിയമസഹായം അനുവദിക്കുക യില്ല. കുറ്റമാരോപിക്കപ്പെട്ട ആളെ ഇരു പത്തിനാലുമണിക്കൂറിനകം ഒരു മജി സ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കണം. ദൈവനിന്ദാ കേസ്സുകളിൽ മിക്കതിലും ജാമ്യം അനുവദിക്കപ്പെടാറില്ലെന്ന് മിഷ്യന് അറിയിക്കപ്പെട്ടു. ഏകദേശം 10% കേസ്സുകളിൽ മാത്രമേ കുറ്റമാരോ പിക്കപ്പെട്ട ആൾക്കനുകൂലമായിട്ടുണ്ടാ വാറുള്ളൂ. സംഭവങ്ങളുടെ ക്രമം വളരെ പ്രധാനമാണ്. അന്വേഷണത്തിന് ശേഷമാണ് പ്രഥമവിവരറിപ്പോർട്ട് ബോധിപ്പിക്കുന്നതെങ്കിൽ കേസ്സ് തള്ളിക്കളയുന്നു. ഒരിക്കൽ ഒരു വ്യക്തിക്ക് ജാമ്യം കിട്ടിയാൽ അയാൾ ഏകദേശം ഓരോ മാസവും കേസ്സിന്റെ ഹിയറിംഗിന് ഹാജരാവ ണം. എവിടെയാണോ പ്രഥമവിവരറി പ്പോർട്ട് ബോധിപ്പിക്കപ്പെട്ടത് അതിന നുസൃതമായിട്ടാവും ജാമ്യത്തിന്റെ ഹിയറിംഗ് സ്ഥലം.

ഫെഡറൽ ഗവൺമെന്റിന്റെ നേ രിട്ടുള്ള കൈകടത്തൽ കാരണമായി മുല്ലാക്കളും പോലീസും അഹ്മദി കൾക്കെതിരായി പ്രഥമവിവര റിപ്പോർട്ട് ഫയൽ ചെയ്യുന്നതായി അഹ് മദിയ്യാ ജമാഅത്തംഗങ്ങൾ കമ്മീഷനെ അറി യിച്ചു. ഉദാഹരണമായി മിഷ്യന് ഒരു പ്രഥമ വിവര റിപ്പോർട്ട് കാണിക്കപ്പെ ട്ടു. അത് 1989 ഡിസമ്പർ 15-ാനു റബ്വയിലെ സ്റ്റേഷൻ ഹൗസ് ഓഫീ സർ ഫയൽ ചെയ്തതായിരുന്നു. അത് റബ്വയിലെ മഴുവൻ ജനങ്ങൾക്കുമെ തിരിലായിരുന്നു. ഇസ്ലാമികമായ സാമൂഹ്യ ഉപചാരങ്ങളും ആരാധ നയും നടത്തി എന്നാരോപിച്ച് 298 സി വകുപ്പു പ്രകാരം ജമാഅത്തിനെതി രിൽ ചാർജ്ജ് ചെയ്തതായിരുന്നു അത്. ആ കേസ്സു ഇപ്പോഴും നിലനി ല്ക്കുന്നു. ദൈവനിന്ദാനിയമങ്ങളെ വിദ്വേഷ പൂർവ്വവും നിസ്സാരമട്ടിലും ഉപ യോഗപ്പെടുത്തുന്ന ശ്രമങ്ങളെ ഇല്ലാ താക്കാൻ പാകിസ്താൻ മനുഷ്യാവ കാശ കമ്മീഷൻ 2003 ജനുവരിയിൽ ചില മാറ്റങ്ങൾ കൊണ്ടുവന്നിരുന്നു. പരിഷ്കരിച്ച നടപടിക്രമപ്രകാരം 295 സി പ്രകാരമുള്ള ഒരു ദൈവനിന്ദാപ രാതി പ്രഥമവിവരറിപ്പോർട്ട് ബോധിപ്പി ക്കുന്നതിന് മുമ്പ് ഒരു സീനിയർ പോലീസുദ്യോഗസ്ഥൻ അന്വേഷി ക്കണം എന്നിരിക്കിലും അഹ്മദികളെ സംബന്ധിച്ചേടത്തോളം ഇതിന് വലിയ പ്രയോജനമൊന്നുമുണ്ടായിട്ടി ല്ല. പോലീസിലെ സമ്പ്രദായപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ തന്റെ സീനിയർ ഓഫീസറുമായി ബന്ധ പ്പെടുന്നു. അദ്ദേഹം മുറപ്രകാരം പ്രഥ മവിവര റിപ്പോർട്ട് ചേർത്താൻ അനു മതി നൽകുന്നു. ●

**(The Review of Religions, March 2007)**

**(വിവർത്തകൻ :**

**കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

## എല്ലാ ജനതകളിലും പ്രവാചകന്മാർ

"നിശ്ചയമായും നാം എല്ലാജനതകളിലും പ്രവാചകന്മാരെ അയ ച്ചിരിക്കുന്നു. 'അല്ലാഹുവിനെ ആരാധിക്കുകയും ദുർദേവതകളിൽ നിന്നു വിട്ടൊഴിയുകയും ചെയ്വിൻ' എന്ന പ്രബോധനവുമായിട്ടു. എന്നിട്ടു, അല്ലാഹു നേർമാർഗത്തിൽ നയിച്ച ചിലർ അവരിലുണ്ടായിരുന്നു. അതി നാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു പ്രവാചകന്മാരെ നിഷേധിച്ചവരുടെ പരിണാമം എന്തായിരുന്നു എന്നു നോക്കുക."

*(വി. ഖുർആൻ16:37).*

ലേഖനം

# നേഷൻ ഓഫ് ഇസ്‌ലാം

ഫരീദ് അഹ്മദ്

**നേഷൻ ഓഫ് ഇസ്‌ലാം എന്ന പ്രസ്ഥാനം ഇസ്‌ലാമിന്റെ സർവ്വജനീന അദ്ധ്യാപനത്തേക്കാൾ വെള്ളക്കാരുടെ വംശീയതക്കെതിരെയുള്ള കറുത്തവർഗ്ഗക്കാരുടെ വികാരമാണ് പ്രതിഫലിപ്പിക്കുന്നത്.**

അമേരിക്കയിൽ സിവിൽ റൈറ്റ് പ്രക്ഷോഭത്തിന്റെ കാലഘട്ടത്തിൽ ശക്തിപ്പെട്ട ഒരു പ്രസ്ഥാനമാണ് നാഷൻ ഓഫ് ഇസ്‌ലാം Nation of Islam. അടിമക്കച്ചവടത്തിലൂടെ കൊണ്ടുവരപ്പെട്ട ആഫ്രിക്കൻ അമേരിക്കക്കാർ അമേരിക്കയിൽ വളരെ ഹീനമായ വിവേചനത്തിന് വിധേയരായിരുന്നു. അതുകൊണ്ട് വംശീയ വിദ്വേഷത്തിലധിഷ്ഠിതമായ ഒരു പ്രസ്ഥാനത്തിന് അവർക്കിടയിൽ വൻ സ്വീകാര്യത ലഭിക്കുക എന്നത് സ്വാഭാവികമാണ്. അത്രമാത്രം വംശവെറി അനുഭവിച്ചവരായിരുന്നു അവർ. പക്ഷേ, ഇപ്പോൾ അവരുടെ പ്രസ്ഥാനം ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടുന്നു എന്നത് അതിവിചിത്രം. വിശുദ്ധ ഖുർആൻ പഠിക്കുന്ന ഒരാൾക്ക് വർണത്തിന്റെയോ വംശത്തിന്റെയോ അടിസ്ഥാനത്തിൽ യാതൊരുവിധ വിവേചനവും ദർശിക്കാൻ സാധിക്കുകയില്ല. തീർച്ചയായും ഒരു സാർവ്വജനീന മതം എന്ന നിലക്ക് ഇസ്‌ലാമിന് ഒരിക്കലും അങ്ങനെ ചിന്തിക്കാൻ സാധ്യമല്ല. എന്നാൽ നേഷൻ ഓഫ് ഇസ്‌ലാമിന്റെ സ്ഥാപകനായ എലിജാ മുഹമ്മദ് വെള്ളക്കാരെ പിശാചിന്റെ വർഗ്ഗമായാണ് കാണുന്നത്. കറുത്ത വംശമാണ് യഥാർത്ഥ മനുഷ്യവർഗ്ഗം എന്ന് അവർ കരുതുന്നു. അവരാണ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ പ്രതിനിധികളെന്നും അദ്ദേഹം കരുതുന്നു. താൻ സ്വന്തമായി പഠിച്ച കാര്യങ്ങളാണ് എലിജാ മുഹമ്മദ് അദ്ദേഹത്തിന്റെ സിദ്ധാന്തമായി അവതരിപ്പിക്കുന്നത്. തെളിവുകളുടെ അഭാവത്താൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെല്ലാം ഒരു കെട്ടുകഥയുടെ വിതാനത്തിലുള്ളതാണ്.

യേശുവിനെ പറ്റിയുള്ള ഇവരുടെ വിശ്വാസം വളരെ വിചിത്രമാണ്. The True History of Jesus എന്ന പുസ്തകത്തിൽ പറഞ്ഞ ചില കഥകളെ എലിജാ മുഹമ്മദ് അവതരിപ്പിക്കുന്നുണ്ട്. പല ചേരുവകളും ചേർന്ന ഈ കഥ മനസ്സിലാക്കാൻ പ്രയാസമുള്ളതാണ്. ഒരു ദൈവിക പ്രവാചകനെക്കുറിച്ചുള്ള, തെളിവുകളില്ലാത്ത ഈ കഥാവർണ്ണനകൾക്ക് പിന്നിൽ ചില നിഗൂഢലക്ഷ്യങ്ങളുമുണ്ട്. ഈ ലഘുപുസ്തകം പ്രസിദ്ധീകരിച്ചത് CROE (Coalition for the Remembrance of Elijah) ആണ്. മാസ്റ്റർ W.D. ഫാർദ് എന്നയാൾ തനിക്ക് പറഞ്ഞുതന്ന യേശുവിനെ സംബന്ധിച്ചുള്ള ഈ കഥ സത്യമാണെന്നാണ് എലിജാ മുഹമ്മദ് അവകാശപ്പെടുന്നത്. The personification of God (the Mahdi) എന്ന ഈ പുസ്തകം നേഷൻ ഓഫ് ഇസ്‌ലാമിനെപറ്റി ചില വിവരങ്ങൾ വെളിപ്പെടുത്തുന്നു. ഈ പുസ്തകം വായനക്കാരന് നേഷൻ ഓഫ് ഇസ്‌ലാമിനെപ്പറ്റി പൂർണ വിവരം നൽകുന്നില്ല. അവരുടെ അദ്ധ്യാപനങ്ങൾ പോലെ ദുരൂഹമാണ് അതിന്റെ ഉത്ഭവവും.

എലിജാ പൂലെ (1897–1975) എന്നയാൾ സ്ഥാപിച്ച പ്രസ്ഥാനമാണ് നേഷൻ ഓഫ് ഇസ്‌ലാം. W.D. ഫാർദ് പൂലെയെ പഠിപ്പിച്ച അദ്ധ്യാപനങ്ങളിൽ നിന്നാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടത്. ചിലയാളുകൾ W.D. ഫാർദ് തന്നെയാണ് നേഷൻ ഓഫ് ഇസ്‌ലാമിന്റെ സ്ഥാപകനെന്നും വാദിക്കുന്നു. ആരാണ് W.D. ഫാർദ്? അദ്ദേഹം എവിടെ നിന്ന് വന്നു? അദ്ദേഹം എങ്ങോട്ടുപോയി? എന്നീ കാര്യങ്ങൾ വിശദീകരിക്കപ്പെടാതെ അവശേഷിക്കുന്നു. ഈ ദുരൂഹതക്ക് മുതൽകൂട്ടുമാറ് അദ്ദേഹത്തെ വലി ഫാർദ് മുഹമ്മദ് എന്നും പറയപ്പെടുന്നു. മാൽക്കം എക്സിന്റെ (പിന്നീട് മാൽക്കം എക്സ് അൽഹാജ് മാലിക്ക് അശ്ശഹബാസ് എന്ന പേരിൽ അറിയ

ന്നു: "ഇതാണ് കുട്ടിക്കാലത്തെ ജോസഫിന്റെയും മറിയയുടെയും സ്നേഹത്തെപ്പറ്റി അല്ലാഹുവിനാൽ (മാസ്റ്റർ ഫർദ് എന്നയാളാണ് അല്ലാഹുവിന്റെ ആൾരൂപം - അദ്ദേഹത്തിന് എപ്പോഴുമെപ്പോഴും സ്തുതിയായിരിക്കട്ടെ) പഠിപ്പിക്കപ്പെട്ടത്. യേശുവിന്റെ യഥാർത്ഥ ചരിത്രത്തെപ്പറ്റി അല്ലാഹു (ദൈവം) പഠിപ്പിച്ചു തന്നതിനെപ്പറ്റി എനിക്ക് ധാരാളം എഴുതുവാനുണ്ട്. ഇതാണ് മാസ്റ്റർ ഫാർദിലൂടെ അല്ലാഹു എനിക്ക് പഠിപ്പിച്ചുതന്നത്. അദ്ദേഹത്തിന് എപ്പോഴുമെപ്പോഴും സ്തുതിയായിരിക്കട്ടെ."

## യേശുവിന്റെ മരണം

യേശുവിന്റെ മരണത്തെപ്പറ്റി അതിവിചിത്രമായ ഒരു സിദ്ധാന്തമാണ് എലിജാ മുന്നോട്ടുവെക്കുന്നത്. അതായത്, ഖുർആൻ യേശുവിനെ യഹൂദികൾക്ക് വധിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറഞ്ഞതുകൊണ്ട് റോമക്കാരാണ് യേശുവിനെ വധിച്ചത്. ബൈബിളിലെ കുരിശുമരണകഥ കെട്ടുകഥയാണെന്നാണ് അദ്ദേഹം പറയുന്നത്. എലിജ തികച്ചും മറ്റൊരു കഥയാണ് പറയുന്നത്.

യേശുവിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊടുത്താൽ സമ്മാനത്തുക ലഭിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. അതുപ്രകാരം യേശുവിനെ തേടിയിറങ്ങിയ റോമൻ പടയാളികൾ ഒരു യഹൂദന്റെ പീടികക്കരികെ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന യേശുവിനെ കണ്ടു. അങ്ങനെ അവരുടെ ഇംഗിതമറിഞ്ഞ യേശു, അവർക്ക് തലയെടുക്കാൻ പാകത്തിൽ നിന്നു കൊടുക്കുകയായിരുന്നുവെന്നാണ് എലിജാ മുഹമ്മദ് പറയുന്നത്. ബൈബിളിൽ റോമൻ പടയാളി കുന്തം കൊണ്ട് കുത്തി നോക്കുന്ന രംഗം ഇതാണെന്നാണ് എലിജയുടെ വാദം.

യേശു കശ്മീരിൽ വെച്ചു മരിച്ചു എന്ന അഹ്മദിയ്യാ വാദത്തെ എലിജാ മുഹമ്മദ് ഖണ്ഡിക്കുന്നു. "ചില മുസ്‌ലിം പണ്ഡിതന്മാരുടെ സാങ്കൽപ്പികമായ സിദ്ധാന്തപ്രകാരം യേശു ഫലസ്തീനിൽ വെച്ച് മരിച്ചിട്ടില്ലെന്നും കശ്മീരിൽ വെച്ചാണ് മരിച്ചതെന്നും

ക്കി. അവർ ലൂയിസ് ഫറാഖാൻ എന്നയാളുടെ നേതൃത്വത്തിൽ നാഷൻ ഓഫ് ഇസ്‌ലാം വീണ്ടും പുനരുജ്ജീവിപ്പിച്ചു. എലിജാ മുഹമ്മദിനെ പൂർണമായും പിന്തുടരുന്നവരാണ് ഫറാഖാന്റെ നാഷൻ ഓഫ് ഇസ്‌ലാം.

## യേശുവിനെപ്പറ്റി എലിജാ മുഹമ്മദ്

എലിജാ മുഹമ്മദിന്റെ പ്രസ്ഥാനത്തെ സെമിറ്റിക് വിരോധികളായിട്ടാണ് കണക്കാക്കുന്നത്. എലിജാ മുഹമ്മദിന്റെ ലേഖനങ്ങൾ വ്യക്തമാക്കുന്നത് അദ്ദേഹം യഹൂദികൾ കാണുന്ന രീതിയിലാണ് യേശുവിനെ കാണുന്നത് എന്നാണ്. അത് ബോധപൂർവ്വമോ അല്ലാതെയോ ആയിരിക്കാം. അദ്ദേഹത്തിന്റെ ലേഖനങ്ങൾ യേശുവിനെ സംബന്ധിച്ച് യഹൂദികൾ വെച്ച് പുലർത്തുന്ന വീക്ഷണത്തിലുള്ളതാണ്. അതാകട്ടെ ഖുർആന്റെ അഭിപ്രായത്തിനു വിപരീതവുമാണ്.

ഒന്നാമതായി യേശു മറിയയുടെയും ജോസഫിന്റെയും നിയമവിരുദ്ധമായ സന്താനമാണെന്നാണ് അവർ കരുതുന്നത്. രണ്ടാമതായി യഹൂദന്മാർ യേശുവിന്റെ മരണത്തിനുവേണ്ടി യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്നും റോമൻ പട്ടാളക്കാരാണ് യേശുവിനെ വധിച്ചതെന്നുമാണ്. എലിജാ മുഹമ്മദ് തന്റെ വാദത്തിന്ന് ഖുർആന്റെ പിന്തുണയുണ്ടെന്ന് പറയുന്നു. യേശുവിന്റെ ജനനത്തെയും മരണത്തെയും പറ്റി അവരുടെ അവകാശ വാദങ്ങൾക്ക് തികച്ചും വിരുദ്ധമായ ഒരു ആശയമാണ് ഖുർആൻ മുന്നോട്ടുവെക്കുന്നത് എന്നതാണ് വാസ്തവം. യേശു കുരിശിൽ വെച്ച് മരിച്ചു എന്ന ക്രിസ്ത്യാനികളുടെ വാദത്തെയും അദ്ദേഹം ഖണ്ഡിക്കുന്നു. ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും ഇക്കാര്യത്തിലുള്ള വിയോജിപ്പ് നാഷൻ ഓഫ് ഇസ്‌ലാം അത്ര കാര്യമാക്കിയിട്ടില്ല എന്ന് തോന്നുന്നു. കാരണം അവർ ഒഴുക്കൻ മട്ടിൽ പറയുകയല്ലാതെ ഇത് സംബന്ധമായി തെളിവുകൾ ഉദ്ധരിച്ച് അവരുടെ സിദ്ധാന്തം സമർത്ഥിക്കുന്നില്ല.

## ദൈവത്തിന്റെ ഏകത്വം

'നമ്പർ വൺ സീക്രട്ട്' എന്ന തലക്കെട്ടിൽ എലിജാ മുഹമ്മദ് എഴുതു

പ്പെട്ടു) അഭിപ്രായത്തിൽ ഫാർദ് വീടുവീടാന്തരം പട്ടും തുണിത്തരങ്ങളും വിറ്റുനടന്നിരുന്ന ഒരു കച്ചവടക്കാരനായിരുന്നു. 1931ലാണ് എലിജാ മുഹമ്മദ് മിച്ചിഗണിലെ ഡെട്രോയിറ്റിൽ വെച്ച് അദ്ദേഹത്തെ കണ്ടെത്തുന്നത്. 1933 -34ൽ ഫാർദ് അപ്രത്യക്ഷനായതിന് ശേഷം പൂലെ തന്റെ പേര് മുഹമ്മദ് എന്നാക്കി മാറ്റി. എലിജാ മുഹമ്മദിന്റെ കൃതികളിൽ ഫാർദ് ദൈവത്തിന്റെ ആൾരൂപമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് 'ദൈവം മാസ്റ്റർ ഫാർദ് മുഹമ്മദിന്റെ രൂപത്തിൽ പ്രത്യക്ഷനായി. അദ്ദേഹത്തിന് എന്നുമെന്നും സ്തുതിയായിരിക്കട്ടെ' എന്നാണ്. എലിജാ മുഹമ്മദ് ഫാർദിനെ മനുഷ്യനായാണോ അതല്ല ദൈവമായാണോ കണക്കാക്കുന്നതെന്ന കാര്യം അവ്യക്തമാണ്. 1975ൽ മരിക്കുന്നത് വരെ എലിജാ മുഹമ്മദ് നാഷൻ ഓഫ് ഇസ്‌ലാമിന്റെ നേതാവായി തുടർന്നു. പിന്നീട് അദ്ദേഹത്തിന്റെ മകൻ ഫരീദുദ്ദീൻ മുഹമ്മദ് നാഷൻ ഓഫ് ഇസ്‌ലാമിന്റെ നേതാവായി. കൗതുകകരമായ വസ്തുത, ഫരീദുദ്ദീൻ അദ്ദേഹത്തിന്റെ പിതാവിന്റെ തീവ്രവാദപരമായ സിദ്ധാന്തങ്ങൾ ഉപേക്ഷിക്കുകയും നാഷൻ ഓഫ് ഇസ്‌ലാം പിരിച്ചുവിടുകയും ചെയ്തു എന്നതാണ്. അതിന് ശേഷം അമേരിക്കൻ മുസ്‌ലിം മിഷൻ എന്നൊരു പ്രസ്ഥാനം അദ്ദേഹം ആരംഭിച്ചു. ഇത് ഏറെക്കുറെ സുന്നി മുസ്‌ലിംകളുമായി താദാത്മ്യം പ്രാപിച്ചതായിരുന്നു. വീക്ഷണത്തിൽ മനുഷ്യർക്കിടയിൽ വർണ്ണവൈവിധ്യം അംഗീകരിക്കുന്നതായിരുന്നു. 1985ൽ ഫരീദുദ്ദീൻ അമേരിക്കൻ മുസ്‌ലിം മിഷനും പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു. പുതിയൊരു വിശാലമായ കാഴ്ചപ്പാടിൽ ബ്ലാക്ക് മുസ്‌ലിംസ് ഇൻ അമേരിക്ക എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. ആഗോളവ്യാപകമായി മുസ്‌ലിം സമൂഹവുമായി കൂടുതൽ അടുക്കുക എന്നതായിരുന്നു പുതിയ സംഘടനയുടെ രൂപീകരണോദ്ദേശ്യം. എലിജാ മുഹമ്മദിന്റെ ചില അനുയായികളെ ഈ പൂർണമായ പിന്മാറ്റം നിരാശരാ

പറയുന്നു. കാരണം കാശ്മീരിലെ ഒരു പഴയ കല്ലറ പാശ്ചാത്യദിക്കിൽ നിന്നു വന്ന ഒരു പ്രവാചകന്റേതാണെന്ന് അവർ കരുതുന്നു. ഇത് ദൈവത്തിന്റെ അധ്യാപനങ്ങൾക്കും യേശുവിന്റെ വചനങ്ങൾക്കുമെതിരാണ്."

ഈ ലോകത്തിന്റെ യഥാർത്ഥ സത്യവും ജനങ്ങളിൽ നിന്നു മറക്കപ്പെട്ട രഹസ്യവും ഈ ലോകത്തിന്റെ അവസാനത്തിൽ എല്ലാമറിയുന്ന ദൈവം (അല്ലാഹുവിന്റെ ആൾരൂപം) വെളിപ്പെടുത്തുന്നതാണ്.

കഴിഞ്ഞ 35 വർഷക്കാലമായി 1966ന് മുമ്പ്) എനിക്ക് അദ്ദേഹം (മാസ്റ്റർ ഫാർദ് മുഹമ്മദ്) പഠിപ്പിച്ചതെല്ലാം ഞാൻ നിങ്ങൾക്ക് നിരന്തരം പറഞ്ഞു തരുന്നു. അദ്ദേഹം പഠിപ്പിച്ചുതന്നതല്ലാതെ ഞാനൊന്നും പഠിപ്പിക്കുന്നില്ല. സത്യം അതല്ലാതെ മറ്റൊന്നുമായിരിക്കില്ല." (നമ്പർ വൺ സീക്രട്ട് - പേജ് 16, 17).

മേൽ വിവരിച്ചത് പ്രകാരം ഫാർദ് ആരാണെന്നോ എന്താണെന്നോ നമുക്കറിയില്ല. പക്ഷെ പ്രസ്തുത ഉദ്ധരണിയിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് ഫാർദ് എന്ന ദൈവാവതാരമാണ് എലിജാ മുഹമ്മദിന്റെ ജ്ഞാനങ്ങളുടെ സ്രോതസ്സ് എന്നതാണ് അദ്ദേഹത്തിന്റെ വാദം എന്നാണ്.

യേശുവിനെ സംബന്ധിച്ചുള്ള എല്ലാ കഥകളും W.D. ഫാർദിൽ നിന്നു ലഭിച്ചതാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു എന്ന് മുകളിലെ പ്രസ്താവനയിൽ നിന്നു നമുക്ക് മനസ്സിലാകുന്നുണ്ട്. എലിജാ മുഹമ്മദിന്റെ സിദ്ധാന്തങ്ങൾ ഖുർആന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. ദൈവത്തിൽ ആരേയും പങ്കുചേർക്കരുതെന്നത് ഖുർആന്റെ ഏറ്റവും പ്രധാനപ്പെട്ട തത്ത്വമാണ്. "എന്നോടൊപ്പം ഒന്നിനേയും പങ്കുചേർക്കരുത്" (വി. ഖുർആൻ 22:27). അതിൽ കൂടുതലായി ഖുർആൻ പറയുന്നു. ഒന്നിനും തന്നെ അല്ലാഹുവിൽ പങ്കുകാരനായിരിക്കാൻ സാധ്യമല്ല. അവൻ ഏകനാണ്. ഖുർആൻ പറയുന്നു: "അവനെപ്പോലെ ആരും ഇല്ല." (112:5)

അമേരിക്കയിൽ അതിശീഘ്രം വളരുന്ന ബ്ലാക്ക് മുസ്ലിംകളിലെ വലിയൊരു വിഭാഗം സുന്നി മുസ്ലിം വിശ്വാസങ്ങളുമായി ഏറെക്കുറെ അടുത്ത് വരികയാണെന്ന് പറയപ്പെടുന്നു. നാഷൻ ഓഫ് ഇസ്ലാം എന്ന വംശീയ വാദത്തിന്റെ അടിസ്ഥാനത്തിലുള്ള മതപ്രസ്ഥാനങ്ങളും അമേരിക്കയിലുണ്ട്. ഏതായാലും ഇസ്ലാമിന്റെ പരിശുദ്ധമായ അദ്ധ്യാപനങ്ങളിൽ നിന്ന് എത്രയോ അകന്നുനിൽക്കുകയും കടകവിരുദ്ധമായ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഈ ഇസ്ലാമികസംഘടനയുടെ പേരിൽ മാത്രമേ ഇസ്ലാമുള്ളു എന്ന് അറിയേണ്ടിയിരിക്കുന്നു. ●


# കേരപെക്സ് 2007

- **11-ാമത് കേരള ഫിലാറ്റെലിക് എക്സിബിഷൻ ഡിസംബർ 5 മുതൽ 8 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടക്കുന്നതാണ്.**
- **400-ൽ പരം ഫ്രെയിമുകളിലായി തപാൽ സ്റ്റാമ്പുകൾ, ഫിലാറ്റെലിയുമായി ബന്ധപ്പെട്ട മറ്റു വസ്തുക്കൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉണ്ടായിരിക്കുന്നതാണ്.**
- **പുതിയതും പഴയതുമായ തപാൽ സ്റ്റാമ്പുകൾ, ഫിലാറ്റെലിയുമായി ബന്ധപ്പെട്ട മറ്റു വസ്തുക്കൾ തുടങ്ങിയവ വിൽക്കുന്ന ഡീലർ ബൂത്തുകളും ഈ പ്രദർശനത്തിൽ ഉണ്ടായിരിക്കുന്നതാണ്.**
- **'ക്ഷണിതാക്കളുടെ വിഭാഗ'ത്തിൽ അപൂർവ്വമായ അനേകം തപാൽ സ്റ്റാമ്പുകൾ പ്രദർശിപ്പിക്കുന്നതാണ്.**
- **പ്രവേശനം സൗജന്യമായിരിക്കും.**

***കൂടുതൽ വിവരങ്ങൾക്ക്***

**വെബ് സൈറ്റ് : www.indiapostkerala.org**

**ഇ മെയിൽ : Kerapex2007@gmail.com**

**ടെലിഫോൺ : 0471-2305860, 0471-2308060 Extn. 321**

ലേഖനം

# ക്രെഡിറ്റ് കാർഡും ഉപഭോഗഭ്രമവും

റമീസ് റിസ്‌വാൻ

**പലിശക്ക് കടം നൽകി സാധനങ്ങൾ വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കുന്ന സമ്പ്രദായമാണ് ക്രെഡിറ്റ് കാർഡ്. ആളുകളെ കടക്കെണിയിൽപ്പെടുത്തുന്നതും ഇസ് ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധവുമാണ് ക്രെഡിറ്റ് കാർഡ്**

വിശേഷ ദിവസങ്ങളിൽ സാധനസാമഗ്രികൾ വാങ്ങിക്കൂട്ടാൻ വേണ്ടി ആളുകൾ നെട്ടോട്ടമോടുകയാണ്. ആ സമയത്താണ് വളരെയധികം ആനുകൂല്യങ്ങൾ നൽകി സാധനങ്ങൾ വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കുമാറ് വൻ ഷോപ്പിംങ്ങ് ഫെസ്റ്റിവലുകൾ സംഘടിപ്പിക്കപ്പെടുന്നത്. ഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടാൻ ആളുകൾ വൻതോതിൽ കടം വാങ്ങുന്ന ഈ പ്രവണത യൂറോപ്പിലും അമേരിക്കയിലും മാത്രമല്ല ലോകത്തെല്ലായിടത്തും കാണപ്പെടുന്നു. ഉത്സവസമയങ്ങളിലെ കുറഞ്ഞ പലിശനിരക്ക് ധാരാളം കടം വാങ്ങാനുള്ള പ്രേരണ ആളുകളിലുണ്ടാക്കുന്നു. ബാങ്കിൽ നിന്നും പണം കടമെടുക്കുന്നത് വീടിന്റെ ആധാരമോ സ്വർണ്ണമോ മറ്റു വസ്തുക്കളോ പണയപ്പെടുത്തിയാണ്. തിരിച്ചടവിൽ വല്ല വീഴ്ചയും പറ്റിയാൽ അവരുടെ കുടിപ്പാടം അന്യാധീനപ്പെട്ടുപോകും. രാജ്യങ്ങളും ഇപ്രകാരം കടമെടുക്കുന്നു. കടമെടുക്കുന്ന ദരിദ്ര രാജ്യങ്ങൾ സമ്പന്നരാജ്യങ്ങൾക്ക് അടിമപ്പെടുകയും അവർ നിശ്ചയിക്കുന്ന വ്യാപാരക്കരാറുകളിൽ നിരുപാധികം ഒപ്പിട്ടുകൊടുക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. അങ്ങനെ അധമർണ രാജ്യം ദീർഘകാലത്തേക്ക് മറ്റൊരു രാജ്യത്തെ ആശ്രയിച്ചു കഴിയേണ്ടതായി വരുന്നു.

കടം വാങ്ങൽ എളുപ്പമാക്കാൻ ഈ ഇലക്ട്രോണിക് യുഗത്തിൽ ഉണ്ടായ ഒരു പുതിയ കണ്ടുപിടുത്തമാണ് ക്രെഡിറ്റ് കാർഡ്. പലവിധ ഉപയോഗങ്ങൾക്കുമായുള്ള മൾട്ടിപ്പിൾ ക്രെഡിറ്റ് കാർഡ് വാങ്ങി യഥാർത്ഥ കടം മറച്ചുവെച്ചും വീണ്ടും കടത്തിന് സാധനങ്ങൾ വാങ്ങാനാണ് ജനങ്ങൾ താല്പര്യം കാണിക്കുന്നത്. ക്രെഡിറ്റ് കാർഡ് ഹോൾഡർ അങ്ങനെ കടക്കെണിയിൽ അകപ്പെടുന്നു. പണം കിട്ടുമ്പോൾ ഏറ്റവും അത്യാവശ്യസാധനങ്ങൾ വാങ്ങേണ്ടിവരുന്ന കടം തീർക്കുകയും ബാക്കി കടത്തിലേക്ക് അടവുകൾ പോകാതിരിക്കുകയും ചെയ്യുന്നു. അവസാനം കോടതി കയറേണ്ടി വരികയും ചെയ്യും. ഇത്തരം നിരവധി സംഭവങ്ങൾ വികസിതസമൂഹത്തിലും വികസനം കടന്നുവരുന്ന ഇന്ത്യയെപ്പോലെയുള്ള മൂന്നാംകിട രാജ്യങ്ങളിലും കാണപ്പെടുന്നു.

ഉപഭോഗവസ്തുക്കൾ വാങ്ങാൻ വേണ്ടി എന്നും കടം നൽകുന്ന സ്ഥാപനങ്ങൾക്ക് തങ്ങളുടെ കസ്റ്റമർക്ക് കടം ഒരു ബാദ്ധ്യതയായി മാറുമോ എന്ന കാര്യം കൂടി നോക്കേണ്ട ചുമതലയുണ്ട്. മാസം തോറും പെരുകി വരുന്ന പലിശയും കൂട്ടുപലിശയും മൂലം അയാൾക്ക് പണം തിരിച്ചടക്കാൻ കഴിയാതെ വരുന്നു. പലിശ തിരിച്ചടക്കാൻ വേണ്ടി വീണ്ടും പണം കടം കൊടുക്കുന്നു. പലിശക്ക് പണം കൊടുക്കുന്നസ്ഥാപനം പണം കടം വാങ്ങുന്നയാളുടെ പണയവസ്തുവിൽ കണ്ണ് വെച്ചാണ് പണം കടം കൊടുക്കുന്നത്. അങ്ങനെ സാധാരണക്കാരായ പാവങ്ങൾ കടക്കെണിയിൽപ്പെടുന്നു.

ചിലവഴിക്കൽ സംബന്ധിച്ച് ഇസ്‌ലാം മുന്നോട്ടുവെച്ച ധാർമ്മികാധ്യാപനങ്ങൾ ഓരോ വ്യക്തിയും ഹൃദയത്തിൽ കൊത്തിവെച്ചത് പോലെ ഓർക്കേണ്ടതാണ്. നാം ഉള്ളത് കൊണ്ട് ജീവിക്കണമെന്നതാണ് ആ അദ്ധ്യാപനം. അതുപോലെ കടം വാങ്ങിയാൽ അത് തിരിച്ചു നൽകുക എന്നത് നിങ്ങളുടെ നിർബന്ധകർത്തവ്യമാണ്. ഒരാൾ തന്റെ കടം മുഴുവൻ കൊടുത്തുവീട്ടാതെ ഹജ്ജിന് പോകാൻ പാടുള്ളതല്ല. കടം ബാക്കി വെച്ച മരിച്ചയാളുടെ ജനാസ നമസ്കരിക്കാൻ റസൂൽ തിരുമേനി (സ) വിസമ്മതിക്കുകയുണ്ടായി. മരിച്ചയാളുടെ കടം കൊടുത്തുവീട്ടാമെന്ന് മറ്റൊരാൾ സമ്മതിച്ചതിനുശേഷമാണ് റസൂൽ തിരുമേനി(സ) ജനാസ നമസ്കരിച്ചത്. കടം വാങ്ങിയ പണം കൊടുത്തു

*(ശേഷം 41-ൽ)*

ലേഖനം

# കഅ്ബ: തിരുനബി(സ)യുടെ ആഗ്രഹങ്ങൾ

ഏ.എം.

**ഔദാര്യത്തിന്റെ പരമമൂർത്തിയായ റസൂൽ തിരുമേനി(സ)ക്ക് കഅ്ബയെ സംബന്ധിച്ചുണ്ടായിരുന്ന രണ്ട് ആഗ്രഹങ്ങൾ, ജനവികാരത്തെ മാനിച്ച് വേണ്ടെന്നുവെക്കുകയാണുണ്ടായത്.**

മനുഷ്യവംശത്തോടും തന്റെ ജനതയോടും കാരുണ്യത്തിന്റെയും അനുകമ്പയുടെയും ഒരു മഹാസാഗരം തിരുനബി (സ)യുടെ ഹൃദയത്തിൽ അലതല്ലിയിരുന്നു. ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ അവിടുന്ന് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. കഅ്ബയുമായി ബന്ധപ്പെട്ട തിരുമേനിയുടെ ആഗ്രഹങ്ങൾ ഖുറൈശികളുടെ ഹൃദയം വേദനിക്കുമെന്ന് കരുതി തിരുനബി(സ) വേണ്ടെന്ന് വെച്ചത് ഇതിനുദാഹരണമാണ്. മുസ്ലിംകൾക്ക് മാത്രമല്ല ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുന്ന വിവിധ മതസ്ഥർക്കും തിരുനബി(സ)യുടെ ഈ സമീപനത്തിൽ നിന്ന് ഒരുപാട് പാഠങ്ങൾ പഠിക്കാനുണ്ട്. ജനങ്ങളുടെ ഹൃദയം സ്നേഹം കൊണ്ട് കീഴടക്കിയായിരുന്നു തിരുനബി മക്കയിൽ പ്രവേശിച്ചത്. അവിടുത്തെ തിരുമുഖത്ത് നിന്നു വരുന്ന ഉദീരണങ്ങൾ തിരുവായ്ക്കെതിർവായില്ലാതെ അനുസരിക്കാൻ അനുചരവൃന്ദം പ്രവാചകനു ചുറ്റും കാതോർത്തു നിന്നു. എന്നിട്ടും തിരുദൂതൻ (സ) തന്റെ അനുചരർക്കുണ്ടാകുന്ന നിസ്സാരമായ മനഃക്ലേശങ്ങളിൽപോലും ആകുലചിത്തനായിരുന്നു. അവിടുത്തെ ഈ പരജനകാംക്ഷയെ പറ്റി ഖുർആൻ തന്നെ പറയുന്നു. "സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ് (9:128)

ചിരപുരാതനമായ കഅ്ബാലയത്തോടു ഖുറൈശികൾക്കുള്ള അനുരക്തി അവർണ്ണനീയമായിരുന്നു. ജാഹിലിയ്യത്തിൽ മുങ്ങിക്കുളിച്ച മക്കാപട്ടണം പലിശ, വ്യഭിചാരം, മദ്യപാനം മുതലായ ഹീന കൃത്യങ്ങളുടെ കൂത്തരങ്ങായിരുന്നു. ദുർവൃത്തരായ അറബി കുഫ്ഫാറുകളുടെ മദനോത്സവങ്ങൾക്ക് നടുവിൽ ആത്മീയതയുടെ ഒരു വിശുദ്ധ സ്മരണപോലെ കഅ്ബത്തുല്ലാഹ് നിലകൊണ്ടു. തിരുനബി (സ) മിന്ന് പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പേ കഅ്ബക്ക് വെള്ളപ്പൊക്കത്തിൽ ഗണ്യമായ നാശം സംഭവിച്ചിരുന്നു. കഅ്ബയുടെ രക്ഷാധികാരികളായിരുന്ന ഖുറൈശികൾ അത് പുനർ നിർമ്മിക്കാനുള്ള കൂടിയാലോചനകളിൽ മുഴുകി. അജ്ഞാനവും അത്യാചാരങ്ങളും തങ്ങളുടെ സമൂഹത്തിൽ കൊടികുത്തിവാഴുന്നു എന്ന അവബോധമുണ്ടായിരുന്ന ഖുറൈശികൾക്ക് ആ കളങ്കങ്ങളിൽ നിന്നെല്ലാം കഅ്ബയുടെ പുനർനിർമ്മാണഫണ്ട് മുക്തമാക്കാൻ ആവതും ശ്രമിച്ചു. പലിശ, വ്യഭിചാരം, മദ്യപാനം തുടങ്ങിയ ഹീനകൃത്യങ്ങളിൽ നിന്നും സമ്പാദിച്ച പണം കഅ്ബയുടെ പുനർനിർമ്മാണത്തിന് ഉപയോഗിക്കേണ്ടതില്ല എന്നവർ ദൃഢപ്രതിജ്ഞ എടുത്തു. സാത്വികരുടെ ധർമ്മം കൊണ്ട് മാത്രം കഅ്ബ പുനർനിർമിക്കുക എന്നത് ആ ജാഹിലിയ്യാ കാലത്തെ ഒരഗ്നി പരീക്ഷണമായിരുന്നു. അംഗുലീപരിമിതരും നിർധനരുമായ സദ്വൃത്തരുടെ പരിശുദ്ധ ധനം അവർ പരമാവധി സംഭരിച്ചു. പക്ഷെ കഅ്ബയുടെ ചുമർകെട്ട് പൂർത്തിയാക്കാൻ അത് തികഞ്ഞില്ല. ആ വിശുദ്ധ ഗേഹത്തി ന്റെ ഒരു ഭാഗം

പണിയാൻ സാധി ക്കാതെ വേദന യോടും ദുഃഖത്തോടും ആ പുനർ നിർമ്മാണ സംരംഭം അവർക്ക് അവ സാനിപ്പിക്കേണ്ടിവന്നു. നിർമ്മാണം പൂർത്തിയാകാത്ത, കഅ്ബയുടെ ഈ ഭാഗമാണ് 'ഹഥിം' എന്ന പേരിൽ അറി യപ്പെടുന്നത്. ജാഹിലിയ്യത്ത് താണ്ഡ വമാടിയ ആ കാലത്തും അറബ് ജനത കഅ്ബത്തുല്ലായോടു കാണിച്ച ആദ രം നിസ്സീമമായിരുന്നു. മതപരമായ മാർഗ്ഗദർശനം ലഭിക്കാത്ത അക്കാ ലത്ത് കഅ്ബയിൽ ബിംബങ്ങൾ സ്ഥാപിച്ച് കടുത്ത ശിർക്കിൽ അവർ മുഴുകിയെങ്കിലും കഅ്ബയുമായി ബന്ധപ്പെട്ട അറബികളുടെ ചില മൂല്യ സങ്കല്പങ്ങൾ പവിത്രങ്ങളായിരുന്നു. കഅ്ബ പിൽക്കാലത്ത് സ്വർണ്ണവാ തിൽ കൊണ്ടും സ്വർണ്ണത്തിന്റെ വർഷ ജലകുഴൽ കൊണ്ടും അലങ്കരിക്കപ്പെ ട്ടു. പക്ഷെ, കെട്ടിമുഴുമിക്കാത്ത കഅ്ബത്തുല്ലായുടെ 'ഹഥീം' നിസ്വ തയുടെ വിശുദ്ധസ്മാരകമായി ഇപ്പോ ഴും നിലകൊള്ളുന്നു.

ഘനചതുരാകൃതിയിലുള്ള കഅ്ബക്ക് ഒരേയൊരു വാതിൽ മാ ത്രമേ ഉള്ളൂ. കിഴക്ക് ഭാഗത്ത് ഹജ്റുൽ അസ്വദിന് അഭിമുഖമായി നിൽക്കുന്ന ആ വാതിലാകട്ടെ തറനിരപ്പിൽ നിന്ന് ഏകദേശം ഏഴടി ഉയരത്തിലായിരുന്ന ഒരു ഏണിയുടെ സഹായമില്ലാതെ കഅ്ബക്കകത്ത് പ്രവേശിക്കാൻ സാ ധ്യമല്ല. ഇങ്ങനെ ഉയർന്ന വിതാന ത്തിൽ വാതിൽ വെക്കാനുള്ള കാര ണം വരുന്നവർക്കെല്ലാം കഅ്ബയി ലേക്ക് സ്വച്ഛന്ദം കയറിപ്പോകാൻ ഖുറൈശികൾ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതായിരുന്നു. കഅ്ബയുടെ രക്ഷാധികാരികളായ അവർക്ക് തൃപ്തി യുള്ളവരേയും യോഗ്യന്മാരേയും മാത്രമേ ഏണിവെച്ച് വിശുദ്ധ ഗേഹ ത്തിലേക്ക് പ്രവേശനം അനുവദിച്ചിരു ന്നുള്ളൂ. അതിന്നുള്ള ഒരു ഉപായമാ യിരുന്നു കഅ്ബയുടെ ഒറ്റവാതിലിന്റെ ഈ ഉയർച്ച.

'ഹഥീം' കഅ്ബയുടെ ഭാഗം തന്നെയാണെന്നും ഹജ്ജ് വേളയിലെ ത്വവാഫിൽ അത് ഉൾപ്പെടുത്തണ മെന്നും പിന്നീട് തിരുനബി (സ) പറ ഞ്ഞിട്ടുണ്ട്. ഹഥീം കൂടി ഉൾപ്പെടുത്തി കഅ്ബ പുതുക്കിപ്പണിയാനും കഅ്ബയുടെ ഉയർന്ന ആ വാതിൽ ഭൂനിരപ്പിലേക്ക് താഴ്ത്തി വെച്ച് ജന ങ്ങൾക്ക് അതിലേക്കുള്ള പ്രവേശനം സുഗമമാക്കാൻ അവിടുന്ന് അഭിലഷി ച്ചിരുന്നു. എല്ലാവർക്കും സുഖമായി പ്രവേശിക്കാൻ കഴിയുന്ന ജനങ്ങളുടെ കഅ്ബ യായിരുന്നു തിരുദൂതർ (സ) ആഗ്രഹിച്ചത്. അതുപോലെ കഅ്ബ യുടെ പടിഞ്ഞാറ് വശത്തും ഒരു വാതിൽ സ്ഥാപിക്കാൻ തിരുനബി (സ) ഉദ്ദേശിച്ചിരുന്നതായി ഹദീസുക ളിൽ കാണാം. പക്ഷേ തനിക്ക് മുമ്പിൽ അടിയറവ് പറഞ്ഞ തന്നെ അഗാധ മായി സ്നേഹിക്കുന്ന ഒരു ജനത യാണ് തലമുറ തലമുറയായി ആദരി ച്ചുവരുന്ന ആ വിശു ദ്ധ മന്ദിരത്തിന്റെ ചുററും ജീവിച്ചിരുന്നത്. അതിന്റെ നിർമ്മിതിയിൽ നിർദ്ദോഷകരവും സൗകര്യപ്രദവുമായ എന്തെങ്കിലും ഭേദഗതികൾ വരുത്തുന്നത് ആ ജന തക്ക് മാനസിക പ്രയാസമുണ്ടാക്കു മെന്ന് അനുകമ്പയുടെയും കാരുണ്യ ത്തിന്റെയും പാരമ്യം കണ്ട ആ ലോക ഗുരു കരുതി. ജനങ്ങൾക്ക് അത്തരത്തി ലുള്ള നിസ്സാരമായ മനഃക്ലേശം വരുന്നത് പോലും തിരുമേനി (സ)ക്ക് അസഹ്യമായിരുന്നു. തന്റെ ജനത യുടെ മേൽ എല്ലാ അധികാരങ്ങളുമു ണ്ടായിരുന്ന ആ പുണ്യാത്മാവ് കഅ്ബയെ സംബന്ധിച്ച തന്റെ അഭി ലാഷങ്ങൾ വേണ്ടെന്ന് വെക്കുകയായി രുന്നു. ജനങ്ങൾ വികാരവായ്പോടെ ആദരിക്കുന്ന ഒരു മന്ദിരത്തോട് അധി കാരികൾക്കുണ്ടാവേണ്ട സമീപനമെ ന്തായിരിക്കണമെന്നതിന് പ്രവാചകന്റെ ജീവിതം ഉത്തമമാതൃകയാണ്. ഇതിന് ഉപോൽബലകമായി തന്റെ പ്രിയ പത്നി ആയിശ(റ) റസൂൽ തിരുമേനി അരുളിയ രണ്ട് ഹദീസുകൾ ഉദ്ധരിച്ചു കൊണ്ട് ഈ ലേഖനമവസാനിപ്പി ക്കാം.

ആയിശ(റ) നിവേദനം 'ഹഥീമി നെക്കുറിച്ച് അത് കഅ്ബയിൽപെട്ട താണോ എന്നു ഞാൻ തിരുമേനി യോട് ചോദിച്ചു. 'അതെ കഅബയിൽ പെട്ടതുതന്നെ' എന്നു തിരുമേനി(സ) അരുളി. "എങ്കിൽ എന്തുകൊണ്ട് അവർ (കഅ്ബ പുതുക്കിപ്പണിത പൂർവ്വികന്മാർ) അത് കഅ്ബയിൽ ഉൾക്കൊള്ളിച്ചില്ല?' എന്നു ഞാൻ ചോദിച്ചു. "നിന്റെ ജനതക്ക് അതിനു ചിലവുചെയ്യാൻ കഴിവില്ലാതെ വന്നു എന്ന് തിരുമേനി(സ) അരുളി. 'അതിന്റെ വാതിൽ ഇത്രയധികം ഉയ രത്തിൽ വെക്കാൻ എന്താണ് കാര ണം? എന്നു ഞാൻ ചോദിച്ചു. തിരു മേനി അരുളി: "നിന്റെ ജനത അങ്ങനെ ചെയ്തത് അവരുദ്ദേശിക്കുന്നവരെ അതിന്റെ അകത്ത് പ്രവേശിപ്പിക്കാനും അവരുദ്ദേശിക്കുന്നവരെ അതിൽ പ്രവേ ശിക്കുന്നതിൽ നിന്ന് തടയാനുമായിരു ന്നു. നിന്റെ ജനത അജ്ഞാനദശയിൽ നിന്നും ഇതാ അടുത്ത കാലത്താണ് മുക്തരായത്. അക്കാരണത്താൽ 'ഹഥിം' കഅ്ബയുടെ ചുമരിന്നുള്ളിൽ ഉൾക്കൊള്ളിക്കുന്നതും കഅ്ബയുടെ വാതിൽ ഭൂനിരപ്പിൽ താഴ്ത്തിവെക്കു ന്നതും നിന്റെ ആളുകൾക്ക് വെറുപ്പാ യിത്തീരുമോ എന്ന് ഞാൻ ഭയപ്പെടു ന്നു. അതില്ലെങ്കിൽ ഈ രണ്ടു കാര്യ വും ഞാൻ നിർവ്വഹിക്കുമായിരുന്നു" (ബുഖാരി).

ആയിശാ (റ) മറ്റൊരു നിവേദന ത്തിൽ പറയുന്നു: തിരുമേനി അരുളി. "നിന്റെ ജനത കിരാതയുഗത്തിൽ (ജാഹിലിയ്യത്ത്) നിന്ന് അടുത്തകാ ലത്ത് മാത്രമാണ് മാറിക്കഴിഞ്ഞത്. അങ്ങനെയല്ലായിരുന്നെങ്കിൽ കഅ്ബ പൊളിക്കുകയും പിന്നീട് അതിന് പുറ ത്തുള്ള ഭാഗം കൂടി അതിൽ ഉൾപ്പെ ടുത്തുകയും അതിന്റെ വാതിൽ ഭൂമി ക്കൊപ്പം താഴ്ത്തിവെക്കുകയും ചെ യ്യുമായിരുന്നു. മാത്രമല്ല ഞാനതിനു രണ്ടു വാതിൽ വെക്കും. ഒന്നു കിഴക്കു ഭാഗത്തും ഒന്ന് പടിഞ്ഞാറുഭാഗത്തും. അങ്ങനെ ഇബ്റാഹിം നബി (അ) യുടെ തറക്കൊപ്പിച്ച് ഞാനത് പണി യുമായിരുന്നു" (ബുഖാരി) ●

മുസാഫിർ

# തസ്ലീമ നസ്റീനും ആവിഷ്ക്കാരസ്വാതന്ത്ര്യവും

സാഹിത്യകലയുടെ അടിസ്ഥാന പ്രേരണ സൗന്ദര്യബോധമാണ് എന്നാണ് സങ്കല്പം. നോവൽ രചനയുടെ പ്രേരണയും അതുതന്നെയാണ്. നോവലിസ്റ്റിന് കഥാവസ്തുവിനെ എല്ലാ ശൈലീവിശേഷങ്ങളും കലാതന്ത്രങ്ങളുമുപയോഗിച്ച് വികസിപ്പിക്കുകയോ, ഭാവനയെ ഏത് അളവ് വരെയും കൊണ്ടുപോകുകയോ ചെയ്യാം. നോവലിസ്റ്റിന് തോന്നുന്ന ഏത് വഴികളിൽ കൂടി വേണമെങ്കിലും കഥയെ നയിക്കാം. അയാളുടെ സ്വാതന്ത്ര്യം പരിധിയില്ലാത്തതാണ്. മനുഷ്യന്റെ സർഗ്ഗചേതനയുടെ അവികലതയിലും നിർമ്മലതയിലുമുള്ള മനുഷ്യസമൂഹത്തിന്റെ വിശ്വാസമാണ് സാഹിത്യപ്രവർത്തനത്തെ സ്വാതന്ത്ര്യം അർഹിക്കുന്ന ആദരണീയമായ ഒരു മാനുഷികവൃത്തിയാക്കി മാറ്റുന്നത്. എന്നാൽ സർഗ്ഗചേതനയിലുണരുന്ന ഉല്പന്നം സമൂഹത്തിൽ കലാപവുമുണ്ടാക്കുന്ന ഒരു ക്രമസമാധാന പ്രശ്നമായി മാറുമ്പോൾ സൗന്ദര്യം സൗന്ദര്യത്തെ ജനിപ്പിക്കുന്നു എന്നു പറയാൻ സാധിക്കുമോ? കലാതത്വവേദികളും സാഹിത്യദാർശനികരും ഇതിനുത്തരം പറയട്ടെ.

കോടിക്കണക്കിന് മതവിശ്വാസികൾ സ്വന്തം ജീവനേക്കാൾ സ്നേഹിക്കുകയും അവർക്ക് സന്മാർഗികവും സാത്വികവുമായ ജീവിതം നയിക്കാൻ പ്രചോദനമായി തീരുകയും ചെയ്യുന്ന റസൂൽ തിരുമേനി(സ)യെ പോലെയുള്ള പുണ്യാത്മാക്കളെയും അവരുടെ അദ്ധ്യാപനങ്ങളേയും നിരുത്തരവാദിത്വപരമായി നിന്ദിച്ചുകൊണ്ടും വികൃതമാക്കിയും നോവലുകളിൽ ചിത്രീകരിക്കുന്നത് അധമസാഹിത്യപ്രവർത്തനമാണ്. കുടിവെള്ളത്തിൽ വിഷം കലർത്തുന്നത് പോലെയുള്ള പ്രവർത്തനം!! നൂറ്റാണ്ടുകളായി ജനകോടികൾ ധാർമ്മികബദ്ധമായ ജീവിതം നയിക്കാൻ പ്രചോദനമരുളുന്ന ഈ ദിവ്യ സ്ത്രോതസ്സുകളുടെ ജീവിത പ്രമേയങ്ങളോടു വിയോജിപ്പുണ്ടെങ്കിൽ അത് വസ്തുനിഷ്ഠമായ വിമർശനസാഹിത്യത്തിലൂടെ ആവിഷ്കരിക്കാം. യുക്തിഭദ്രവും ശാസ്ത്രീയവുമായ അത്തരം വിമർശനങ്ങളുടെ രീതി ആരുടേയും ഭാവുകത്വത്തെ മുറിവേൽപ്പിക്കില്ല. മറുപടിയുണ്ടെങ്കിൽ മുസ്ലിംകൾ അതിന് മറുപടി പറയട്ടെ. വാദപ്രതിവാദരീതിയിലൂടെ ആശയസംവാദം നടത്താൻ കഴിയുന്ന ഒരു സാഹിത്യശാഖയാണ് വിമർശനസാഹിത്യം. എന്നാൽ നോവൽ മതവിമർശനത്തിനുള്ള സാഹിത്യമാധ്യമമല്ല. മതനിന്ദയല്ലാതെ മതവിമർശനം നടത്തുവാനുള്ള ഒരുപകരണമല്ല നോവൽ സാഹിത്യം. അതുകൊണ്ടാണ് മതവിമർശനം നടത്തുവാൻ നോവൽ തിരഞ്ഞെടുക്കുന്നത്, ഹീനവും അധമവുമായ സാഹിത്യപ്രവർത്തനമായി തീരുന്നത്. നോവലിസ്റ്റ് ആത്മനിഷ്ഠാപരവും അമൂർത്തവും സാങ്കല്പികവുമായ ആവിഷ്കാരമാണ് നോവലുകളിൽ നിർവ്വഹിക്കുന്നത്. ബിംബങ്ങളും, പ്രതീകങ്ങളും, അലങ്കാരങ്ങളും, ധ്വനികളുമുപയോഗിച്ച് അയാൾക്ക് മതവിമർശനവും വ്യക്തിഹത്യയും നടത്താം. ഇത്തരത്തിൽ ഹീനമാർഗ്ഗങ്ങളിലൂടെ അനുവാചകന്റെ വികാരങ്ങളെ വ്രണപ്പെടുത്തി നോവലിസ്റ്റിന് ആത്മരതി കൊള്ളാം. പിന്നീട് സമൂഹം തിളച്ചുമറിയുമ്പോൾ പ്രതിഭാശൂന്യരും ധാർമ്മികബോധമില്ലാത്തവരുമായ ഇത്തരം നോവലിസ്റ്റുകൾ കാലിപാത്രങ്ങളെ പോലെ ഒച്ചവച്ച് മാധ്യമങ്ങളുടെ ശ്രദ്ധാകേന്ദ്രമായി മാറുകയാണ്. സൽമാൻ റുഷ്ദിയും തസ്ലീമാ നസ്റീനും നിർവ്വഹിക്കുന്ന സാഹിത്യ പ്രവർത്തനം ഇത്തരത്തിലുള്ളതാണ്. ബംഗാളിലെ നന്ദിഗ്രാം സംഭവത്തിൽ നിന്നും ശ്രദ്ധ തിരിച്ചുവിടാൻ ബംഗാൾ സർക്കാർ തന്നെ ഉയർത്തിക്കൊണ്ടു വരുന്നതാണോ തസ്ലീമ പ്രശ്നം എന്നു സംശയമുണ്ട്.

ഇതെല്ലാമാണെങ്കിലും സർഗ്ഗാത്മകലോകത്ത് നിന്നും വരുന്ന ഇത്തരം ഹീനസൃഷ്ടികളുടെ പ്രസിദ്ധീകരണം നിരോധിക്കണമെന്നോ അതിന്റെ കർത്താക്കളെ ശിക്ഷിക്കണമെന്നോ പറഞ്ഞ് ഹാലിളകുന്നത് ശരിയല്ല. സമൂഹ മനസ്സാക്ഷിയെ അത്തരം ക്ഷുദ്രകൃതികൾക്കെതിരെ ബോധവത്ക്കരിക്കുകയാണ് ചെയ്യേണ്ടത്. നിയമം മുഖേന ഇത്തരം കൃതികളെ നിയന്ത്രിക്കണമെന്നും അതിന്റെ കർത്താക്കളെ ശിക്ഷിക്കണമെന്നും പറയുന്നത് മനുഷ്യസ്വാതന്ത്ര്യത്തിനെതിരാണ്. സ്വാതന്ത്ര്യത്തെ അങ്ങേയറ്റം ആദരിക്കുന്ന ഇസ്ലാമിൽ മതനിന്ദക്കെതിരെ ശിക്ഷാനിയമങ്ങളൊന്നുമില്ല എന്നത് ഇസ്ലാം മതത്തിന്റെ ഹൃദയവിശാലതയേയും സഹിഷ്ണുതയേയും

സൂചിപ്പിക്കുന്നു.

മതനിന്ദയെ പരാമർശിച്ച ഭാഗങ്ങളിലെല്ലാം വിശ്വാസികളോട് സംയമനവും ആത്മനിയന്ത്രണവും പാലിക്കാനാണ് ഖുർആൻ ആഹ്വാനം ചെയ്തത്. ഏതെങ്കിലും വിഡ്ഢികളോ നിക്ഷിപ്ത താല്പര്യക്കാരോ ഇസ്‌ലാം മതത്തേയോ തിരുനബി (സ)യെ കുറിച്ചോ അധിക്ഷേപിക്കുമ്പോഴേക്കും ഹാലിളകി വെളിച്ചപ്പാടായി ഉറഞ്ഞുതുള്ളുന്ന വികാരജീവികളുടെ സമൂഹത്തെയല്ല ഇസ്‌ലാം സൃഷ്ടിച്ചത്. ഇസ്‌ലാം അതിന്റെ അനുയായികളുടെ ആത്മീയബലത്തിലും ആത്മസംയമനത്തിലും വിശ്വസിക്കുന്നു. *'സത്യം വന്നു അസത്യം പോയ് മറഞ്ഞു. അസത്യം പോയ് മറയുക തന്നെ ചെയ്യും'* (ഖുർആൻ) എന്ന് പറഞ്ഞ മതത്തിന് വിമർശനത്തെ പേടിക്കാനെന്തുണ്ട്? നിന്ദാവചനങ്ങൾ കേട്ടാൽ മുസ്‌ലിംകളുടെ പ്രതികരണമെന്തായിരിക്കണമെന്നതിനെപ്പറ്റി ഖുർആൻ പറയുന്നു. *"അവർ നിരർത്ഥക വചനം കേട്ടാൽ അത് ശണ്ഠക്ക് കാരണമായേക്കാമെന്ന് ശങ്കിച്ച് ഗൗരവത്തോടെ നടന്നുകളയുന്നു. നിസ്സാര സംഗതികൾ* ക്കായി അവർ ശണ്ഠ കൂടുകയില്ല (25:72) യേശുവിന്റെ മാതാവും പരിശുദ്ധയുമായ മർയമിനെക്കുറിച്ച് കടു ത്ത അപവാദം പറഞ്ഞുപരത്തുന്ന യഹൂദികളെ പറ്റി ഖുർആൻ പറയുന്നു. *"അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദവും ആരോപിക്കുന്ന കാരണത്താലും... അവർക്ക് അതിനെ പറ്റി യാതൊരറിവുമില്ല* (4:15,7, 150).

'ബുഹ്താനൻ അളീമൻ' (ഗുരുതരമായ അപവാദം) എന്ന് ഖുർആൻ തന്നെ ഈ ഹീനപ്രവർത്തിയെ വിശേഷിപ്പിച്ചിട്ടും ആ നിന്ദക്കെതിരെ എടുക്കേണ്ട യാതൊരു നിയമനടപടികളെക്കുറിച്ചോ ശിക്ഷയെക്കുറിച്ചോ ഖുർആൻ സൂചിപ്പിച്ചിട്ടില്ല. മറ്റൊരു വചനത്തിൽ ഖുർആൻ പറയുന്നു. *'അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ അവർ അതല്ലാത്ത മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത് എന്ന് അല്ലാഹു ഈ ഗ്രന്ഥത്തിൽ വിധി ഇറക്കിയിട്ടുണ്ട്'* (4:141). മതം നിന്ദിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെ വിധി അവരുടെക്കൂടെ ഇരിക്കാതെ വിട്ടുനിൽക്കാനാണ് അതും ശാശ്വതമായൊരു ബന്ധവിഛേദമല്ല. അവർ മറ്റൊരു വിഷയത്തിലേർപ്പെട്ടാൽ വീണ്ടും അവരുമായി കൂടിച്ചേരാം. നിയമനിർമ്മാണസഭകളിൽ വിയോജിപ്പുകൾ ഉണ്ടാവുമ്പോൾ ഇറങ്ങിപ്പോക്ക് നടത്തുന്നത് പോലെ ജനാധിപത്യപരമായ ഒരു രീതിയിലാണ് ഈ വിയോജിപ്പ് പ്രകടിപ്പിക്കേണ്ടത്. അല്ലാതെ നിന്ദ നടത്തുന്നവനെ കൊന്നുകുഴിച്ചുമൂടാനോ നാടുകടത്താനോ ആക്രോശിക്കലല്ല.

പരിശുദ്ധന്മാർ നിന്ദിക്കപ്പെടുമ്പോഴും സത്യം തമസ്കരിക്കപ്പെടുമ്പോഴും ബുദ്ധിമാന്മാരും നീതിമതികളും അത് എളുപ്പത്തിൽ തിരിച്ചറിയുന്നു. ഈയൊരു വിവേചനശീലം മനുഷ്യാത്മാവിൽ നിക്ഷേപിച്ചുകൊണ്ടാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്. നിയമങ്ങളും അധികാരവും അതിൽ ഇടപെടേണ്ട ആവശ്യമില്ല. ഖുർആൻ പറയുന്നു. *'മതത്തിൽ ഒരു വിധത്തിലുമുള്ള ബലപ്രയോഗവുമില്ല.... തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞുപോകുന്നതല്ല അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാണ്'* (2:257). ഒരു സത്യാത്മാവിനെ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലോ കരുതിക്കൂട്ടിയോ നിന്ദിക്കപ്പെടുകയോ വിമർശിക്കപ്പെടുകയോ ചെയ്യുമ്പോൾ അദ്ദേഹത്തെ സ്നേഹിക്കുന്ന അനുയായിവൃന്ദത്തിന് അതേ സ്വാതന്ത്ര്യമുപയോഗിച്ച് അതിന് മറുപടി പറയാൻ തീർച്ചയായും അവകാശമുണ്ട്. ഈയൊരു സ്വതന്ത്രമായ സംവിധാനത്തിലാണ് ഇസ്‌ലാം വിശ്വാസമർപ്പിക്കുന്നത്. ഇത് കൊണ്ടുകൂടിയാണ് മതപുരുഷന്മാരുടെ ബഹുമതി സംരക്ഷിക്കാൻ നിയമത്തിന്റേയും ശിക്ഷയുടേയും മാർഗ്ഗം ഇസ്‌ലാം അവലംബിക്കാത്തത്. നിന്ദ നടത്തിയ അതേ മാർഗ്ഗത്തിൽ തന്നെ അതിന് മറുപടി പറയാനുള്ള സ്വാതന്ത്ര്യവും ഉറപ്പ് വരുത്തുകയാണ് ഭരണകൂടം ചെയ്യേണ്ടത്.

മതം എന്നത് പുണ്യവാളന്മാരും പരിശുദ്ധമായ വിശ്വാസങ്ങളും മാത്രം ഉള്ള ഒരിടമല്ല. അങ്ങേയറ്റത്തെ അബദ്ധങ്ങളും, അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും മനുഷ്യത്വവിരുദ്ധപ്രവർത്തനങ്ങളും മതത്തിന്റെ പേരിൽ ഭൂരിപക്ഷത്തിന്റെ പിന്തുണയോടുകൂടി നാട്ടിൽ നടക്കുന്നത് നാം കാണുന്നു. വിമർശനാർഹമായ അത്തരം വിശ്വാസങ്ങളെ എതിർക്കുന്നവരെയും അതിനെതിരെയുള്ള കലാവിഷ്ക്കാരങ്ങളേയും മതനേതാക്കന്മാർ വെറുതെ വിടാറില്ല. ഏത് മതവിമർശനത്തെയും ആവിഷ്ക്കാരത്തേയും പറ്റി ശരിയേത് തെറ്റ് ഏത് എന്ന് കേവലം നിയമം മൂലം വിധിക്കാതെ സ്വതന്ത്രമായി വിടുകയാണ് വേണ്ടത്. വിമർശനത്തിന് വിധേയമാവുന്ന മതവിശ്വാസികൾ അതിന് മറുപടി പറയട്ടെ.

തസ്‌ലീമയെ ശിക്ഷിക്കണമെന്നും പുറത്താക്കണമെന്നുമുള്ള വാദമുയർത്തി പ്രകടനവും സമരവും നടത്തുന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് യോജിച്ചതല്ല. തസ്‌ലീമയുടെ വിമർശനമേറ്റാലോ നിന്ദ നടത്തിയാലോ തകർന്നു പോകുന്നതാണ് തങ്ങളുടെ മതം എന്ന് വിളിച്ചു പറയുകയാണ് അവർ ചെയ്യുന്നത്. വാസ്തവത്തിൽ ഇസ്‌ലാമതം വിമർശനങ്ങളെ അഭിമുഖീകരിക്കാൻ കഴിയാത്ത ഒരു പ്രാകൃതമതമാണെന്ന് വരുത്തി തീർക്കാൻ ഗൂഢശ്രമം നടത്തുന്നവരെ സഹായിക്കുകയാണ് ഈ വികാരജീവികൾ ചെയ്യുന്നത്. എന്നാൽ വിയോജിപ്പുകളോടു സംയമനവും സഹിഷ്ണുതയും പാലിച്ചു സംവാദം നടത്താനാണ് ഖുർആൻ കല്പിച്ചതെന്ന് ജിഹാദികൾ എപ്പോഴാണ് മനസ്സിലാക്കുക? തസ്‌ലീമാ നസ്റീൻ പ്രശ്നത്തിൽ ഇസ്‌ലാം അനുശാസിക്കുന്ന മാർഗ്ഗത്തിൽ മുസ്‌ലിംകളുടെ പ്രതികരണമുണ്ടാക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

●

## വാർത്തകൾ

# ഈദുൽഫിത്വർ അഗതികളോടൊപ്പം

എറണാകുളം : സഹനത്തിന്റെയും ആത്മസംസ്കരണത്തിന്റെയും വസന്തകാലമായ പരിശുദ്ധ റമളാന് യാത്രാമൊഴി നൽകിയെത്തിയ ഈദുൽ ഫിത്വർ സുദിനം എറണാകുളം മേഖലയിലെ അഹ്മദികൾ പള്ളുരുത്തി അഗതി മന്ദിരത്തിലെ സാധുജനങ്ങളോടൊപ്പം ചിലവഴിച്ചു. ഇക്കഴിഞ്ഞ ഒക്ടോബർ 13-ാം തീയതി സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച സ്നേഹവിരുന്നിൽ എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ്, സൗത്ത് കേരളാ ഖാഇൗദ് ടി.കെ. അബൂബക്കർ സാഹിബ് എന്നിവർ നേതൃത്വം നൽകി. അഗതി മന്ദിരത്തിലെ മുന്നൂറ്റിഅമ്പതോളം അംഗങ്ങൾക്ക് പെരുന്നാൾ ദിനത്തിൽ ഭക്ഷണവും മധുര പലഹാരങ്ങളും കൂടാതെ വസ്ത്രങ്ങളും വിതരണം ചെയ്ത പരിപാടിയിൽ സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള അംഗങ്ങൾ സംബന്ധിച്ചു. ●

**ബി.എ. മുഹമ്മദ് നജീബ്**
**എറണാകുളം**



*എറണാകുളം മേഖലയിലെ അഹ്മദികൾ പള്ളുരുത്തി അഗതിമന്ദിരം സന്ദർശിച്ച് ഭക്ഷണം വിതരണം ചെയ്യുന്നു.*

### മുഹമ്മദ് നബി (സ)

നിസ്സഹായനും നിർധനനും ശക്തിഹീനനും നിരക്ഷരനും അനാഥനും ഏകാന്തനുമായ വ്യക്തി, സമ്പത്തും ഐശ്വര്യവും സൈനികശക്തിയും ബുദ്ധിവൈഭവവും ഏറ്റവും തികഞ്ഞുനിന്ന ജനതകൾ വാണുവിലസിയ ഒരു കാലത്ത്, വലിയ വലിയ ജ്ഞാനികളും തത്വചിന്തകന്മാരുമായി ഞെളിഞ്ഞുനടന്നവരെയെല്ലാം ഉത്തരം മുട്ടിക്കുകയും നിരുദ്ധകണ്ഠരാക്കുകയും ചെയ്തു എന്നത് അത്ഭുതാവഹമായ ഒരു കാര്യമല്ലേ? കൂടാതെ നിസ്സഹായതയും ദുർബലയും ശക്തമായിരുന്നിട്ടുകൂടി, ചക്രവർത്തിമാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും ആ സിംഹാസനങ്ങളിൽ പാവപ്പെട്ടവരെ കയറ്റിയിരുത്തുകയും ചെ യ്യാൻ കഴിഞ്ഞത് ദൈവികമായ പിന്തുണ കൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കാം? അപ്രകാരം ദൈവിക പിന്തുണ കൂടാതെ മുഴുവൻ ലോകത്തെ യും ബുദ്ധികൊണ്ടും ജ്ഞാനംകൊണ്ടും ശക്തികൊണ്ടും അധികാരം കൊണ്ടും കീഴ്പ്പെടുത്തുക സാധ്യമാണോ?

**ഹദ്റത്ത് അഹ്മദ് (അ)**
**(ബറാഹീനെ അഹ്മദിയ്യ)**

---

*(36-ൽ നിന്ന് തുടർച്ച)*

വീട്ടണമെന്നത് ഇസ്ലാമിന്റെ അതി കർശനമായ നിർദ്ദേശമാണ്. അപ്രകാരം തന്നെ പലിശക്ക് വാങ്ങാനും കൊടുക്കാനും പാടില്ലെന്ന് ഇസ്ലാം ഏറ്റവും കർശനമായി നിഷ്കർഷിക്കുകയും ചെയ്തിരിക്കുന്നു. പണം കടം കൊടുത്തയാളിനോട് കരുണയോടെ പെരുമാറണമെന്നും അയാളുടെ അഭിമാനത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ സംസാരിക്കരുതെന്നും മടക്കിത്തരാൻ യാതൊരു കഴിവുമില്ലെങ്കിൽ പൊറു ത്തു കൊടുക്കണമെന്നും റസൂൽ തിരുമേനി വിശ്വാസികളെ ഉപദേശിക്കുന്നു.

ആധുനിക കാലത്ത് ഹ്രസ്വമായ കാലത്തേക്ക് സാധനങ്ങൾ വാങ്ങാൻ വേണ്ടി കടം കൊടുക്കുക എന്നത് തികച്ചും സ്വാഭാവികമാണ്. പക്ഷേ, ഉപഭോക്താവും പണം കടം കൊടുക്കുന്ന സ്ഥാപനം ഉപഭോക്താവിന് അത് ബുദ്ധിമുട്ടുകൾ കൂട്ടാതെ തിരിച്ചടക്കാൻ കഴിയുമോ എന്നും തിരിച്ചടവിനെപ്പറ്റി പണം കടം വാങ്ങുന്നയാളും ബോധവാനായിരിക്കണം, ഒരിക്കലും അത് പലിശയുടെ അടിസ്ഥാനത്തിലുമായിരിക്കരുത്.

കടം വാങ്ങൽ ഒഴിവാക്കുകയാണ് വിശ്വാസികളുടെ രീതി. തീരെ നിവൃത്തിയില്ലെങ്കിൽ തിരിച്ചടക്കാൻ കഴിയുമെന്ന ഉറപ്പുണ്ടെങ്കിൽ മാത്രം കടം വാങ്ങുക. അല്ലാത്തപക്ഷം ആ ആവശ്യം തൽക്കാലത്തേക്ക് മാറ്റിവെക്കുക. ●

# അനുസ്മരണം



## ബഷീർ അഹ്മ്മദ് സാഹിബ്

വടകര: മസ്കത് ജമാഅത്തിലെ അംഗവും മോഗ്രാൽ ജമാഅത്തിലെ കുബള സ്വദേശിയുമായ ജനാബ് ബഷീർ അഹ്മ്മദ് സാഹിബ് (53) 21-11-2007നു നിര്യാതനായി (ഇന്നാലില്ലാഹി.....)

പരേതൻ മോഗ്രാൽ ജമാഅത്തിലെ പ്രഥമ അഹ്മദികളിൽ ഒരാളായ മർഹും എ. മമ്മുമാസ്റ്ററുടെയും പഴയങ്ങാടി ജമാഅത്തിലെ മർഹും ഫാത്തിമ സാഹിബയുടെയും പുത്രനാണ്. 1977 മുതൽ അബുദാബി ഒമാൻ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി നോക്കി വന്നിരുന്നു. അദ്ദേഹം ജമാഅത്തിലെ പ്രവർത്തനങ്ങളിൽ ഭാഗവാക്കാകുകയും സെക്രട്ടറി മാൽ ആയും ഒമാനിൽ ജമാഅത്തിന്റെ സയീം അൻ സാറുല്ലാഹ് ആയും സേവനം അനുഷ്ഠിച്ചുവരുകയായിരുന്നു. ലണ്ടൻ ജർമ്മൻ ജൽസകളിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം ഖലീഫത്തുൽ മസീ ഹ് നാലാമനുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. എട്ട് വർഷമായി വടകരയിൽ താമസിച്ചു വരുന്ന അദ്ദേഹം ജമാഅത്തിന്റെ മിഷൻ ഹൗസ് ഇന്ന ത്തെ നിലയിലേക്ക് മാറ്റി എടുത്തതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വടകര ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽ ഒരാളായ ജനാബ് എം.പി. മുസ്തഫ സാഹിബിന്റെ മകൾ സാഹിദ സാഹിബയാണ് സഹധർമ്മിണി. മക്കൾ : സംഷീർ, ഷമീർ - ഷഫീനാ ഫാത്തിമ. മരുമക്കൾ : ഫിറോസ്, ജിഹാൻ.

അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ).

**അൽതാഫ്, വടകര**



## ഫൗസ് ജമാൽ സാഹിബ്

എറണാകുളം : കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും കാക്കനാട് ജമാഅത്ത് അംഗവുമായിരുന്ന ജനാബ് ഫൗസ് ജമാൽ സാഹിബ് (31) നവമ്പർ 21-ാംതീയതി ബുധനാഴ്ച അന്തരിച്ചു. (ഇന്നാലില്ലാഹി....) കേരളാ ഹൈക്കോടതി ഉദ്യോഗസ്ഥനായിരുന്നു.

ഐരാപുരത്തെ മേഖലാ ഖബർസ്ഥാനിൽ സഹോദരൻ ഫസീൽ ജമാൽ സാഹിബ് ജനാസ നമസ്കാരത്തിന് നേതൃത്വം നല്കി.

കൊല്ലം ജില്ലയിലെ ഗ്രാമപ്രദേശമായ മാത്രയിൽ ജനിച്ച ഫൗസ് ജമാൽ തിരുവനന്തപുരത്തെ പ്രശസ്തമായ യൂണിവേഴ്സിറ്റി കോളേജിലും കേരളാ യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം കാമ്പസിലും ആയി ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി. ഗണിത ശാസ്ത്രത്തിൽ ബിരുദവും കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തരബിരുദവും നേടി.

ഏകദേശം ഇരുപത് വർഷങ്ങൾക്കുമുമ്പ്, പിതാവ് ആർ. ജമാലുദ്ദീൻ സാഹിബിനെ പിന്തുടർന്ന്, അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ഫൗസ്, ചെറുപ്പം മുതൽക്കേ ജമാഅത്ത് പ്രവർത്തനങ്ങളിൽ അതീവ താൽപര്യം പ്രകടിപ്പിച്ചിരുന്നു. മാത്ര ജമാഅത്തിലെ ആദ്യത്തെ അത്ഫാൽ സെക്രട്ടറിയായിരുന്നു. പഠനകാര്യങ്ങൾക്കായി പിന്നീട് തിരുവനന്തപുരത്തേക്കു താമസം മാറ്റുകയാണുണ്ടായത്. തിരുവനന്തപുരം മജ്ലിസ് ഖാഇദും ജമാഅത്ത് ജനറൽ സെക്രട്ടറിയും ആയി സേവനമനുഷ്ഠിച്ചിരുന്നു.

ഉദ്യോഗസംബന്ധമായി എറണാകുളത്തെത്തിയപ്പോൾ ജമാഅത്ത് പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമയിൽ വൈജ്ഞാനിക മത്സരങ്ങളിൽ മാത്രം മത്സരിച്ചു 'വ്യക്തിഗതചാമ്പ്യനാ'യി ചരിത്രം സൃഷ്ടിച്ചു. നിരവധി ലേഖനങ്ങൾ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് (അ)ന്റെ 'The Essence of Islam' ഒരു ഭാഗവും ഇസ്ലാമിക കുടുംബജീവിതത്തെപ്പറ്റി എഴുതിയ 'നമ്മുടെ കണ്ണുകളുടെ കുളിർമ' എന്ന ലേഖനവും 'സത്യദൂതനി'ൽ പ്രസിദ്ധീകരിച്ചിരുന്നു. ഒരു ശാസ്ത്രവിദ്യാർത്ഥിയെന്ന നിലയിൽ ശാസ്ത്രവിഷയങ്ങളിൽ അദ്ദേഹത്തിന് പ്രത്യേക താല്പര്യമുണ്ടായിരുന്നു.

മാതാവ് ഷരീഫാ ബീവി സാഹിബ. ഭാര്യ സഫീന റഹീം (ആലപ്പുഴ). യഹ്യ എഫ്. ജമാൽ (4) ഏകപുത്രൻ. സഹോദരങ്ങൾ: ഫൗസിയാ ജമാൽ (മുൻ എഡിറ്റർ, 'അന്നൂർ') ഫസീൽ ജമാൽ (ഗവേഷണവിദ്യാർത്ഥി, അമേരിക്ക). അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ●

**ഫസീൽ ജമാൽ**